# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

ജൂലൈ 2016 വാല്യം 43 ലക്കം 3 *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* പേജ് 16 വില 5.00 രൂപ


## സർവ്വമേഖലകളിലും പ്രത്യക്ഷ വിദേശനിക്ഷേപം (എഫ്ഡിഐ)

# കുത്തകകൾക്കുവേണ്ടി ജനജീവിതം തകർത്തെറിയാനുള്ള നീക്കം

**എഫ്ഡിഐ അനുവദിക്കാനുള്ള അന്നത്തെ കോൺഗ്രസ്സ് ഗവണ്മെന്റിന്റെ നീക്കത്തെ സംബന്ധിച്ച് 2012 ഡിസംബർ 5-ന് നരേന്ദ്രമോദി പറഞ്ഞു: "കോൺഗ്രസ്സ് ഈ രാജ്യം വിദേശികൾക്ക് തീറെഴുതുകയാണ്. മിക്ക പാർട്ടികളും എഫ്ഡിഐ-യെ എതിർത്തെങ്കിലും സിബിഐ എന്ന വാളിനെ ഭയന്ന് അതിൽ ചിലർ വോട്ട് ചെയ്തില്ല. അങ്ങനെ പിൻവാതിലിലൂടെയുള്ള വിജയമാണ് കോൺഗ്രസ്സ് നേടിയിരിക്കുന്നത്." മൂന്നര വർഷത്തിന് ശേഷം ഇപ്പോൾ അദ്ദേഹം പ്രധാനമന്ത്രിയെന്ന നിലയിൽ നേരെ വിപരീത നിലപാട് സ്വീകരിച്ചിരിക്കുന്നു. 2016 ജൂൺ 20-ന് മോദി പറഞ്ഞു : "ഇ-കൊമേഴ്സ് ഉൾപ്പെടെയുള്ള, ഗവണ്മെന്റ് അംഗീകാരത്തോടുകൂടിയുള്ള വ്യാപാര രംഗത്ത് 100 ശതമാനം എഫ്ഡിഐ അനുവദിക്കാൻ തീരുമാനിച്ചിരിക്കുന്നു."**

തങ്ങൾ അധികാരത്തിലാണോ പ്രതിപക്ഷത്താണോ എന്നതിനെ ആശ്രയിച്ച് പരസ്പര വിരുദ്ധമായ അഭിപ്രായം പറയുകയെന്നത് ബൂർഷ്വാ രാഷ്ട്രീയക്കാരുടെ പതിവാണ്. പക്ഷെ, ഇവിടെ കുറച്ചുകൂടി ആഴത്തിലുള്ള വസ്തുതകളുണ്ട്. എഫ്ഡിഐ-യുടെ ഈ മലവെള്ളപ്പാച്ചിൽ തുറന്നുവിടുന്നതിന് പിന്നിലുള്ള യഥാർത്ഥ കാരണം, അധികാരത്തിലിരിക്കുന്ന ഇൻഡ്യൻ കുത്തകകൾ അങ്ങനെ ആഗ്രഹിക്കുന്നു എന്നതാണ്. ഏഷ്യയിലെ ഒരു വൻശക്തിയും ലോകത്തെ ഗണ്യമായ ശക്തിയുമായി വളരുകയെന്നത് ഇൻഡ്യൻ കുത്തകകളുടെ വർഗ്ഗാഭിലാഷമാണ്. അതിനുവേണ്ടി അമേരിക്കൻ സാമ്രാജ്യത്വമുൾപ്പെടെയുള്ള മറ്റ് വൻശക്തികളുമായി ഒത്തുകളിക്കാൻ പോലും അവർ തയ്യാറാണ്. ഈ സാമ്പത്തിക-രാഷ്ട്രീയ അജണ്ടയുടെ ഭാഗമാണ് എഫ്ഡിഐയുടെ വിഷയത്തിലുള്ള ഈ നിലപാടും. കുത്തകകളുടെ വിശ്വസ്ത രാഷ്ട്രീയ കാര്യദർശിയെന്ന നിലയിൽ ഗവണ്മെന്റിൽ അധികാരത്തിലിരിക്കുന്നത് കോൺഗ്രസ്സോ ബിജെപിയോ, ഏത് പാർട്ടിയായാലും, ഈ നയത്തിൽ മാറ്റമില്ല.

ഭരണവർഗ്ഗത്തിന്റെ താല്പര്യപ്രകാരം ഈ പ്രക്രിയ തുടങ്ങിവച്ചത് കോൺഗ്രസ്സാണ്. ഇതേ കോൺഗ്രസ്സാണ് ഒരിക്കൽ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ പോരാടിയത്. അന്ന് കോൺഗ്രസ്സ് നേതാക്കൾ വിദേശവസ്തുക്കൾക്കെതിരെ സമരം ചെയ്തു. വിദേശമൂലധനം കണ്ടുകെട്ടണമെന്ന മുദ്രാവാക്യമുയർത്തിക്കൊണ്ടുള്ള സാമ്രാജ്യത്വവിരുദ്ധ സമരത്തിൽ അവർ ജനങ്ങളെ നയിച്ചു. സ്വാതന്ത്ര്യലബ്ധിക്ക് തൊട്ടുപിന്നാലെയുള്ള വർഷങ്ങളിൽ ജനങ്ങളിൽ സാമ്രാജ്യത്വ വിരുദ്ധവികാരം ശക്തമായിരുന്നതിനാൽ അവർ ആ മുദ്രാവാക്യം ഉപേ

(ശേഷം 2-ാം പേജിൽ)

ഉള്ളടക്കം


പേജ്

5 45 മീറ്റർ ടോൾപാത വേണ്ട

6 ജിഷ: ബഹുജന സംഗമം

7 ഐഎൽഒ കോൺഫറൻസ്

8 ലഹരിവിരുദ്ധ ദിനാചരണം

9 ഇൻഡോ-യുഎസ് പ്രസ്താവന

10 ബംഗാൾ തെരഞ്ഞെടുപ്പ്

12 തകരുന്ന യൂറോപ്യൻ യൂണിയൻ

16 എഐഡിവൈഒ 50-ാം വാർഷികം


# ജനസമരങ്ങൾക്കും ഇടതുപക്ഷ മുന്നേറ്റത്തിനും പുതിയദിശാബോധം പകർന്ന് ഇടതുപക്ഷ ഐക്യമുന്നണി സംസ്ഥാന പ്രവർത്തക കൺവെൻഷൻ

കേരളത്തിൽ അസംബ്ലി തെരഞ്ഞെടുപ്പിനെത്തുടർന്ന് ഉണ്ടായിരിക്കുന്ന സവിശേഷമായ രാഷ്ട്രീയ സാഹചര്യത്തിൽ, ഇടതുപക്ഷ പ്രവർത്തകരുടെ കടമകളും ഉത്തരവാദിത്വവും വിശകലനം ചെയ്യുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ പുതിയൊരു പ്രവർത്തനപദ്ധതി ആവിഷ്കരിക്കുന്നതിനും വേണ്ടി ഇടതുപക്ഷ ഐക്യമുന്നണി(എൽയുഎഫ്)യുടെ സംസ്ഥാന പ്രവർത്തക കൺവെൻഷൻ ജൂൺ 30ന് രാവിലെ 10 മണിക്ക് എറണാകുളം ശിക്ഷക് സദനിൽ നടന്നു. ഇടതുപക്ഷ ഐക്യമുന്നണി സംസ്ഥാന ചെയർമാനും ആർഎംപി സംസ്ഥാന സെക്രട്ടേറിയറ്റംഗവുമായ സഖാവ് കെ.എസ്.ഹരിഹരന്റെ അദ്ധ്യക്ഷതയിൽ ചേർന്ന കൺവൻഷൻ എംസിപിഐ(യു) സംസ്ഥാന സെക്രട്ടറി സഖാവ് ടി.എസ്.നാരായണൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു.

"നമ്മുടെ രാജ്യത്തും ലോകത്തുള്ള എല്ലാ മുതലാളിത്ത രാജ്യങ്ങളിലുമുള്ളതുപോലെ സാമ്പത്തിക രംഗം കടുത്ത പ്രതിസന്ധിയെയാണ് നേരിടുന്നത്. ബ്രിട്ടൺ യൂറോപ്യൻ യൂണിയനിൽ നിന്നും പുറത്തുപോയതും, ഫ്രാൻസിൽ ദിവസങ്ങളായി നടക്കുന്ന തൊഴിലാളി പ്രക്ഷോഭണങ്ങളുമെല്ലാം കാണിക്കുന്നത് ലോകമുതലാളിത്ത സമ്പദ്ഘടന വലിയൊരു സാമ്പത്തിക പൊതുകുഴപ്പത്തെ നേരിടുന്നുവെന്നാണ്. ബംഗാളിൽ വർഗ്ഗ ശത്രുവായ കോൺഗ്രസ്സിന്റെ കൂടെ സിപിഐ(എം) ചേർന്നതുവഴി അവർക്ക് വലിയ തിരിച്ചടിയാണ് ഉണ്ടായിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് തൊഴിലാളികളുടെയും കർഷകരുടെയും ജീവിതം വിലക്കയറ്റവും ചാർജ്ജ് വർദ്ധനയും കൊണ്ട് വഴിമുട്ടിനിൽക്കുമ്പോളും സംസ്ഥാനത്തിന്റെ മൗലികപ്രശ്നങ്ങൾക്കൊന്നും നിലനിൽക്കുന്ന മുതലാളിത്ത സാമൂഹ്യവ്യവസ്ഥിതിയിൽ പരിഹാരം കാണാൻ കഴിയില്ലായെന്നിരിക്കെ, 'എൽഡിഎഫ് വന്നാൽ എല്ലാം ശരിയാവുമെന്ന' തെറ്റായ വലതുപക്ഷ മുദ്രാവാക്യമുയർത്തിക്കൊണ്ടാണ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വന്നിരിക്കുന്നത്. എന്നാൽ, സാധാരണ ജനങ്ങളുടെ പ്രശ്നം പരിഹരിക്കാനുള്ള പോംവഴി, ജനങ്ങളുടെ യോജിച്ച സമരം വളർത്തിയെടുക്കുകയെന്നതാണ്; അതിലൂടെ മാത്രമേ ജനങ്ങളുടെ ഡിമാന്റുകൾ നേടിയെടുക്കാനും കഴിയൂ എന്ന് ഓർമ്മിപ്പിച്ചുകൊണ്ട് സഖാവ് ടി.എസ്. നാരായണൻ മാസ്റ്റർ തന്റെ ഉദ്ഘാടന പ്രസംഗം അവസാനിപ്പിച്ചു.

കൺവൻഷന്റെ അജണ്ട അവതരിപ്പിച്ചുകൊണ്ട് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റംഗവും മുന്നണി സംസ്ഥാന കൺവീനറുമായ ഡോ: വി. വേണുഗോപാൽ പ്രസംഗിച്ചു. ഇന്ന് ഇടതുപക്ഷ ഐക്യമുന്നണി കേരള രാഷ്ട്രീയത്തിൽ ശ്രദ്ധേയമായൊരു സാന്നിദ്ധ്യമായി മാറിയിട്ടുണ്ട്. അതീവ ഗുരുതരമായൊരു രാഷ്ട്രീയ പരിതസ്ഥിതിയാണ് നിലനിൽക്കുന്നത്. ജനങ്ങൾക്കനുകൂലമായതെല്ലാം തകർത്തെറിഞ്ഞുകൊണ്ട് കോർപ്പറേറ്റ് മൂലധനത്തിന് കടന്നുവരാനുള്ള വേദിയൊരുക്കുകയാണ് കേരളത്തിൽ ഇടതുപക്ഷമെന്നവകാശപ്പെടുന്ന എൽഡിഎഫ് സർക്കാർ. യഥാർത്ഥ ഇടതുപക്ഷത്തിന്റെ സ്ഥാനം ഒഴിഞ്ഞുകിടക്കുകയാണ്. ആ രംഗത്തേയ്ക്ക് നാം കടന്നുവന്ന് ശരിയായ ഇടതുപക്ഷ സമരരാഷ്ട്രീയം വളർത്തിയെടുക്കേണ്ടതുണ്ട്. ഒരു രാജ്യത്ത് തൊഴിലാളിവർഗ്ഗ വിപ്ലവമുന്നേറ്റത്തിൽ ഐക്യമുന്നണി രാഷ്ട്രീയത്തിന്റെ ആവശ്യകത കമ്മ്യൂണിസ്റ്റ് ആചാര്യന്മാർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഈയൊരു രാഷ്ട്രീയ കാഴ്ചപ്പാടോടെ ജില്ലാതലം മുതൽ പ്രാദേശിക തലംവരെ എൽയുഎഫിനെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങളും ചർച്ചകളും സ്വയം വിമർശനങ്ങളും ഈ കൺവെൻഷനിൽ ഉണ്ടാകണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.



കൺവൻഷനിൽ സംസ്ഥാന കൺവീനർ ഡോ.വി.വേണുഗോപാൽ പ്രസംഗിക്കുന്നു. സഖാക്കൾ കെ.എസ്.ഹരിഹരൻ, ടി.എസ്.നാരായണൻമാസ്റ്റർ, ടി.എൽ.സന്തോഷ്, കെ.ആർ.സദാനന്ദൻ, എൻ.വേണു, ഇ.കെ.മുരളി, ജെയ്സൺ ജോസഫ്, ജി.എസ്.പത്മകുമാർ എന്നിവരും വേദിയിൽ

തുടർന്നുള്ള ചർച്ചയിൽ പതിനാല് ജില്ലകളിൽ നിന്നുമുള്ള ഇടതുപക്ഷ ഐക്യമുന്നണിയുടെ ചെയർമാൻമാരും കൺവീനർമാരും പങ്കെടുത്തു. മറ്റു ജില്ലാനേതാക്കളും പ്രവർത്തകരും അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അവതരിപ്പിച്ചു.

കേരളത്തിൽ അധികാരത്തിലിരിക്കുന്ന എൽഡിഎഫ് സർക്കാർ, യഥാർത്ഥത്തിൽ വലതുപക്ഷനയങ്ങളാണ് നടപ്പിലാക്കാനൊരുങ്ങുന്നത്. അതുകൊണ്ടുതന്നെ സംസ്ഥാനത്തെ രാഷ്ട്രീയസ്ഥിതി തീവ്ര വലതുപക്ഷ ശക്തികൾക്ക് വളർന്നുവരാനുള്ള സാഹചര്യമൊരുക്കുന്നതാണെന്ന് ആർഎംപി സംസ്ഥാന സെക്രട്ടറി സഖാവ് എൻ.വേണു പറഞ്ഞു. എല്ലാ ജനവിരുദ്ധ നയങ്ങൾക്കുമെതിരെ സമരരംഗത്ത് അണിനിരക്കാൻ അദ്ദേഹം ആഹ്വാനംചെയ്തു.

സംസ്ഥാനനേതാക്കളായ സഖാക്കൾ ടി.എൽ.സന്തോഷ്, കെ.ആർ.സദാനന്ദൻ, ജി.എസ്. പത്മകുമാർ, ജയ്സൺ ജോസഫ് എന്നിവരും പ്രസംഗിച്ചു. ചർച്ചകൾ ക്രോഡീകരിച്ചുകൊണ്ട് ഭാവി പ്രവർത്തനങ്ങൾക്ക് കൺവൻഷൻ രൂപം നൽകി. കേന്ദ്രസർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരെ ആഗസ്റ്റ് 26 ന് ജില്ലാ തലത്തിൽ സമരപരിപാടികൾ നടത്തുവാനും തീരുമാനിച്ചു. പ്രവർത്തകരിൽ പുതിയൊരു സമരോന്മേഷം പകർന്നു നൽകാൻ കൺവെൻഷന് കഴിഞ്ഞു. സഖാവ് ഇ.കെ.മുരളി സ്വാഗതവും സഖാവ് പി.എം. ദിനേശൻ നന്ദിയും രേഖപ്പെടുത്തി. ■

# എഫ്ഡിഐ: ജനകീയപ്രക്ഷോഭത്തിന്റെ അഭാവത്തിൽ ജനദ്രോഹനയങ്ങൾ പെരുകുന്നു

(1 -ാം പേജിൽ നിന്ന്)




**ബാംഗ്ലൂരിൽ ഇടതുപക്ഷപാർട്ടികളുടെ ആഭിമുഖ്യത്തിൽനടന്ന റാലിയിൽ എസ്‌യുസിഐ(സി) പോളിറ്റ്ബ്യൂറോ അംഗം സ.കൃഷ്ണചക്രവർത്തി പ്രസംഗിക്കുന്നു. സിപിഐ ജന.സെക്രട്ടറി സ.സുധാകർ റെഡ്ഡി, സിപിഐ(എം) ജന.സെക്രട്ടറി സ. സീതാറാം യെച്ചൂരി തുടങ്ങിയവർ മുൻനിരയിൽ**

ക്ഷിച്ചില്ല. പക്ഷെ, ഭൂമുഖത്തെ പ്രതിസന്ധിയിൽ ആണ്ടുമുങ്ങിയ മുതലാളിത്ത രാജ്യങ്ങളിലാകെ സാമ്രാജ്യത്വ ആഗോളവൽക്കരണ – ഉദാരവൽക്കരണ നയങ്ങളുടെ കാറ്റ് ആഞ്ഞുവീശാൻ തുടങ്ങിയപ്പോൾ കോൺഗ്രസ്സ് നിലപാട് മാറ്റി. നരസിംഹറാവുവിന്റെ നേതൃത്വത്തിൽ അന്ന് മുതലാളിത്ത ഇൻഡ്യയിൽ ഭരണം കൈയാളിയിരുന്ന കോൺഗ്രസ്സ് ഗവൺമെന്റ് നേർവിപരീതദിശയിലേയ്ക്ക് കാര്യങ്ങൾ തിരിച്ചുവിട്ടു. ക്രമേണ ചില്ലറ വ്യാപാരം, ബാങ്കിംഗ്, ഇൻഷുറൻസ്, വിദ്യാഭ്യാസം, ആരോഗ്യരംഗം, എന്നല്ല പ്രതിരോധം ഉൾപ്പെടെയുള്ള മേഖലകളിലേയ്ക്ക് പോലും ക്രമേണ എഫ്ഡിഐ-യുടെ കടന്നുവരവിന് വഴിയൊരുക്കപ്പെട്ടു. അതിന്റെ തുടർച്ച മാത്രമാണ് മോദിഗവൺമെന്റിന്റെ ഈ ഉദ്യമവും. പ്രധാനമന്ത്രി മോദി തന്റെ അമേരിക്കൻ സന്ദർശനത്തിന്റെ തൊട്ടുമുമ്പായി, എഫ്ഡിഐ നയങ്ങളുടെ ഒരു പരമ്പര തന്നെ പ്രഖ്യാപിക്കുകയുണ്ടായി. 2016 ജൂൺ 20-ന് സർക്കാർ ആ നയങ്ങൾ ഔദ്യോഗികമായി ശരിവച്ചു. ആഭ്യന്തര വിമാനസർവ്വീസുകളുൾപ്പെടെയുള്ള സൈനികേതര വ്യോമയാനം, ഭക്ഷ്യസംസ്കരണം എന്നീ മേഖലകളിൽ 100 ശതമാനം എഫ്ഡിഐ, 1959-ലെ ആയുധനിയമത്തിന്റെ പരിധിയിൽപ്പെടുന്ന ചെറുകിട ആയുധസാമഗ്രികളുടെ ഉൽപ്പാദനമുൾപ്പെടെയുള്ള പ്രതിരോധവ്യവസായരംഗത്തെ എഫ്ഡിഐ-യുടെ കാര്യത്തിൽ കൂടുതൽ ഇളവ്, ഔഷധവ്യവസായത്തിൽ 74 ശതമാനം വരെ എഫ്ഡിഐ അനുവദിക്കൽ, പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസികളിൽ 74 ശതമാനം വരെ എഫ്ഡിഐ വർദ്ധിപ്പിക്കൽ, ഏകബ്രാന്റ് റീട്ടെയിൽ രംഗത്ത് എഫ്ഡിഐ അനുവദിക്കണമെങ്കിൽ തദ്ദേശീയമായ അസംസ്കൃതവസ്തുക്കൾ ഉപയോഗിച്ചിരിക്കണമെന്ന വ്യവസ്ഥ നീക്കംചെയ്യൽ, ഡയറക്ട് ടു ഹോം, കേബിൾ നെറ്റ്‌വർക്കുകൾ, മൊബൈൽ ടിവി, ടെലിപ്പോർട്ടുകൾ മുതലായ വിവിധ രംഗങ്ങളിൽ 100 ശതമാനം എഫ്ഡിഐ, മൃഗപരിപാലനം, ഇ-കൊമേഴ്സ് വഴിയുള്ളവയുൾപ്പെടെയുള്ള ഭക്ഷ്യോൽപ്പന്ന വ്യാപാരമേഖലയിൽ എഫ്ഡിഐ വ്യവസ്ഥകളുടെ ഉദാരവൽക്കരണം തുടങ്ങിയവ ആ നയങ്ങളിൽപ്പെടുന്നു.

### എന്താണ് എഫ്ഡിഐ?

രാജ്യത്തിനകത്തെ ബിസിനസ്സിൽ വിദേശകമ്പനി മൂലധന നിക്ഷേപം നടത്തുന്നതിനെയാണ് പ്രത്യക്ഷ വിദേശ നിക്ഷേപം (Foreign Direct Investment) അഥവാ എഫ്ഡിഐ എന്ന് പറയുന്നത്. എഫ്ഡിഐ രണ്ട് രൂപത്തിലുണ്ട്-ഗ്രീൻഫീൽഡും ബ്രൗൺഫീൽസും. വിദേശകമ്പനി ഒരു രാജ്യത്ത് പുതിയ വ്യവസായം തുടങ്ങുന്നത് ഗ്രീൻഫീൽഡ്. നിലനിൽക്കുന്ന സംരംഭത്തിൽ മൂലധനനിക്ഷേപം നടത്തി അതിനെ ഏറ്റെടുത്താൽ അത് ബ്രൗൺഫീൽഡ്. ഒരു കുത്തകക്കമ്പനി ഇങ്ങനെ വിദേശത്തേയ്ക്ക് മൂലധനം കയറ്റുമതി ചെയ്യുന്നതെന്തിനാണ്? തീർച്ചയായും അത് ജീവകാരുണ്യമെന്ന നിലയിലോ സൗഹൃദപ്രകടനമെന്നോ നിലയിലോ അല്ല. മൂലധനം കുത്തകസ്വഭാവമാർജ്ജിച്ചിരിക്കുന്ന ഈ കാലഘട്ടത്തിലെ മൂലധനത്തിന്റെ നിയമപ്രകാരം പരമാവധിലാഭം നേടുക എന്നതാണ് അതിന്റെ വ്യക്തമായ ലക്ഷ്യം. കുത്തകകൾ മൂലധനം നിക്ഷേപിക്കുന്ന രാജ്യത്ത് ഉൽപ്പാദനച്ചെലവ് കുറവായിരിക്കുന്നത് പരമാവധിലാഭം നേടാൻ സഹായിക്കുന്നു. അസംസ്കൃത വസ്തുക്കളുടെ ചെലവ് കുറഞ്ഞിരിക്കുക, വൈദ്യുതിയും ഗതാഗതവും ഭൂമിയും പോലുള്ള അടിസ്ഥാന ആവശ്യങ്ങൾ കുറഞ്ഞ ചെലവിൽ ലഭ്യമാവുക, പരമാവധി കുറഞ്ഞ കൂലി തുടങ്ങിയവ ഉൽപ്പാദനച്ചെലവ് കുറയ്ക്കാൻ സഹായിക്കുന്നു. നരേന്ദ്രമോദി "മെയ്ക്ക് ഇൻ ഇൻഡ്യ" എന്ന മുദ്രാവാക്യമുയർത്തി രാജ്യത്തേയ്ക്ക് എഫ്ഡിഐ ആകർഷിക്കാൻ ശ്രമിക്കുമ്പോൾ അദ്ദേഹവും ചെയ്യുന്നത് വിദേശ കുത്തകകൾക്ക് ഈ രാജ്യത്ത് മേൽപ്പറഞ്ഞ വിധത്തിൽ പരമാവധി കുറഞ്ഞ ഉൽപ്പാദനച്ചെലവിൽ ബിസിനസ്സ് നടത്താൻ സൗകര്യമൊരുക്കാമെന്ന് ഉറപ്പ് നൽകുകയാണ്. അതിനാൽ, എഫ്ഡിഐ എന്നാൽ, ഒരു രാജ്യത്തെ വിലക്കുറഞ്ഞ അസംസ്കൃത വസ്തുക്കളും അദ്ധ്വാനശേഷിയും മറ്റടിസ്ഥാനസൗകര്യങ്ങളും ചൂഷണം ചെയ്യുന്നതിന് വേണ്ടി മറ്റ് രാജ്യങ്ങളിലെ കുത്തകമുതലാളിമാർ നടത്തുന്ന മൂലധന ഇറക്കുമതിയല്ലാതെ മറ്റൊന്നുമല്ല. നിർദ്ദയമായ മുതലാളിത്ത ചൂഷണത്തിന്റെ നുകത്തിനടിയിൽപ്പെട്ട് നരകിക്കുന്ന ജനങ്ങളുടെ യാതനകൾ വർദ്ധിപ്പിക്കാനേ എഫ്ഡിഐ ഉതകുകയുള്ളൂ.

### എഫ്ഡിഐ-യുടെ വക്കാലത്തുകാർ ജനങ്ങളെ കബളിപ്പിക്കുന്നു

ഭരിക്കുന്ന കുത്തകമുതലാളിമാരുടെ രാഷ്ട്രീയ വക്താക്കളെന്ന നിലയിലാണ് ബൂർഷ്വാ ഗവൺമെന്റ് എഫ്ഡിഐ വർദ്ധിപ്പിക്കാൻ വേണ്ടി വാദിക്കുന്നത്. എഫ്ഡിഐ സാമ്പത്തിക വളർച്ചയ്ക്ക് വേഗം കൂട്ടും, ഏറ്റവും പുതിയ സാങ്കേതികവിദ്യകളും ബിസിനസ്സ് തത്ത്വങ്ങളും രാജ്യത്തേയ്ക്ക് ആനയിക്കും, ഉപഭോക്താക്കൾക്ക് വമ്പിച്ച നേട്ടമുണ്ടാക്കുന്ന തരത്തിൽ വിലകൾ കുറയാനിടയാക്കും, നിക്ഷേപത്തിനുള്ള മൂലധനത്തിന്റെ ദൗർലഭ്യം പരിഹരിക്കും, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കും, കർഷകരുടെ വരുമാനം വർദ്ധിപ്പിക്കും എന്നൊക്കെയാണ് അവർ അവകാശപ്പെടുന്നത്. ഈ അവകാശവാദങ്ങളിൽ എന്തെങ്കിലും കഴമ്പുണ്ടോ? ഒന്നാമതായി, ഇൻഡ്യയിൽ നിക്ഷേപത്തിനുള്ള മൂലധനത്തിന്റെ ദൗർലഭ്യം എന്നൊരു പ്രശ്നം യഥാർത്ഥത്തിലുണ്ടോ? വലിപ്പംകൊണ്ട് ലോകത്ത് എട്ടാം സ്ഥാനത്ത് നിൽക്കുന്ന സമ്പദ്‌വ്യവസ്ഥയാണ് ഇൻഡ്യയുടേത്. ഇൻഡ്യൻ കുത്തകകൾ ലോകത്തെ തന്നെ അതിസമ്പന്നന്മാരിൽപെടുന്നവരാണ്. വിദേശരാജ്യങ്ങളിൽ വൻനിക്ഷേപം നടത്തുന്നവരുമാണവർ. അതിനാൽ, മൂലധനദൗർലഭ്യം എന്ന വാദം തീർത്തും അസത്യമാണെന്ന് വ്യക്തം. ഇനി, സാമ്പത്തിക വളർച്ചയുണ്ടാകുമെന്ന വാദമെടുക്കുക. സാമ്പത്തികവളർച്ചയെന്നതുകൊണ്ട് ബൂർഷ്വാ സാമ്പത്തികശാസ്ത്രകാരന്മാരും ഗവൺമെന്റുകളും ഉദ്ദേശിക്കുന്നത് പൗരന്മാരുടെ ജീവിതനിലവാരത്തിലുണ്ടാകുന്ന ഉയർച്ച എന്നല്ല, മറിച്ച് മൊത്തം ദേശീയോൽപ്പാദനത്തിൽ (ജിഡിപി) ഉള്ള വളർച്ചയെയാണെന്നോർക്കണം. എഫ്ഡിഐ ഒരു സർവ്വരോഗസംഹാരിയാണെങ്കിൽ എന്തുകൊണ്ടാണ് ഉദാരമായ എഫ്ഡിഐ വ്യവസ്ഥകളുള്ള രാജ്യങ്ങളിലും ജിഡിപിയിൽ മുരടിപ്പും വ്യാപാരമാന്ദ്യവുമൊക്കെയുണ്ടാകുന്നത്? യൂറോപ്യൻ യൂണിയനിൽപ്പെടുന്ന രാജ്യങ്ങളും ആഫ്രിക്കയിലെയും ലാറ്റിനമേരിക്കയിലെയും വിവിധ രാജ്യങ്ങളും ഉദാഹരണം. പര്യാപ്തമായ നിയന്ത്രണസംവിധാനങ്ങളില്ലാതെയോ, ഉൽപ്പാദനം, വിപണി, സാങ്കേതികശേഷി തുടങ്ങിയവയുടേതായ ശക്തമായ ഒരു തദ്ദേശീയ സമ്പദ്‌വ്യവസ്ഥയില്ലാതെയോ, അവർ പറയുന്ന തരത്തിലുള്ള വളർച്ച നേടുന്നതിനുള്ള കുറുക്കുവഴിയെന്ന നിലയിൽ എഫ്ഡിഐയ്ക്ക് വാതിൽ തുറന്നുകൊടുത്ത സമ്പദ്‌വ്യവസ്ഥകളൊന്നും ആരോഗ്യത്തോടെ വളർന്നിട്ടില്ല. മറിച്ച്, മരുന്നു കുത്തിവെച്ച് തടിപ്പിച്ച മനുഷ്യനെപ്പോലെ സ്വതവേ ദുർബ്ബലമായ ഒരു സമ്പദ്‌വ്യവസ്ഥയായി അത് മാറുന്നു.

### എഫ്ഡിഐ വന്നാൽ വില കുറയുമോ?

ഇനി, ഏറ്റവും പുതിയ സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിന്റെ ഫലമായി വില കുറയുമെന്നും അതുവഴി ഉപഭോക്താക്കൾക്ക് നേട്ടമുണ്ടാകുമെന്നുമുള്ള വാദം പരിശോധിക്കാം. പത്ത് കൊല്ലം മുമ്പ് പോലും നമ്മുടെ ചില്ലറ വ്യാപാരമേഖലയുടെ 98 ശതമാനവും ചെറുകിട കച്ചവടക്കാരുടെ നിയന്ത്രണത്തിലായിരുന്നു. എന്നാൽ ഇപ്പോൾ ഈ രംഗത്ത് കുത്തകമൂലധനത്തിന്റെ നിർണ്ണായകമായ കടന്നുകയറ്റം ഉണ്ടായിക്കഴിഞ്ഞു. വലിയ ഇൻഡ്യൻ കുത്തകകളുടെ ഉടമസ്ഥതയിലുള്ള സ്പെൻസേഴ്സ്, ബിഗ് ബസാർ, ഷോപ്പേഴ്സ് സ്റ്റോപ്പ് മുതലായ ഷോപ്പിംഗ്മാളുകൾ വ്യാപകമായി പ്രവർത്തിച്ചുവരുന്നത് അതിന്റെ തെളിവാണ്. പക്ഷെ, അത് വഴി വിലകൾ കുറയുകയും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുണ്ടോ? വിവിധ ഉൽപ്പന്നങ്ങൾ ഒരു സ്ഥലത്ത് നിന്ന് തന്നെ വില്പന നടത്തുന്ന വർണ്ണപ്പകിട്ടും പളപളപ്പുമുള്ള കൂറ്റൻ ഷോപ്പിംഗ് മാളുകളോട് കിടപിടിക്കാനാകാതെ പല ചെറുകിട വ്യാപാര സ്ഥാപനങ്ങളും, വിശേഷിച്ചും നഗരങ്ങളിൽ, ഇതിനകം അടച്ചുപൂട്ടി. പലതിലും കച്ചവടം ഗണ്യമായി കുറഞ്ഞു. ആ സ്ഥാപനങ്ങളിൽ ജോലി ചെയ്തുകൊണ്ടിരുന്ന വലിയൊരു വിഭാഗം ആളുകൾക്ക് പണി നഷ്ടപ്പെട്ടു. അവരുടെ എണ്ണത്തെ അപേക്ഷിച്ച് എത്രയോ നിസ്സാരമായ ഒരു സംഖ്യയേയുള്ളു ഷോപ്പിംഗ് മാളുകളിൽ പുതുതായി സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങൾ. ഒരു ഷോപ്പിംഗ് മാൾ ഏതാനും ആയിരങ്ങൾക്ക് പുതിയതായി ജോലി നൽകുമ്പോൾ, മറുവശത്ത് ചെറുകിട വ്യാപാരസ്ഥാപനങ്ങളിൽ ജോലി ചെയ്തിരുന്ന പതിനായിരങ്ങൾക്ക് ജോലി നഷ്ടപ്പെടുകയാണ്. അതിനാൽ, ചില്ലറ വ്യാപാരമേഖലയിൽ നിയന്ത്രണമില്ലാതെ എഫ്ഡിഐ അനുവദിക്കപ്പെട്ടാൽ സ്ഥിതി ഭയാനകമാംവിധം രൂക്ഷമാകും. 2007-ലെ ഒരു പഠനം കാണിക്കുന്നു: ചെറുകിട വ്യാപാര സ്ഥാപനത്തിലെ ഒരു ജോലിക്കാരൻ 78,000 രൂപയുടെ ബിസിനസ്സ് നടത്തുന്ന സമയത്ത് വാൾമാർട്ടിലെ ഒരു ജോലിക്കാരൻ 74.18 ലക്ഷം രൂപയുടെ കച്ചവടം നടത്തുന്നു. അതായത് അതിന്റെ ഏതാണ്ട് 95 ഇരട്ടി! പരമാവധി ലാഭം നേടുന്നതിനുവേണ്ടി, തൊഴിലാളിയുടെ കൂലിയിനത്തിലുള്ള ചെലവ് കുറച്ചുകൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ, വാൾമാർട്ട് തികച്ചും യന്ത്രവൽകൃതമായ സംവിധാനങ്ങളും ആധുനികമായ ബിസിനസ്സ് പ്രക്രിയയും അവലംബിക്കുന്നതുകൊണ്ടാണിങ്ങനെ. അന്തർദ്ദേശീയമായ കണക്കനുസരിച്ച്, വാൾമാർട്ടിന്റെ ഒരു സ്റ്റോറിൽ 10,195 ജോലിക്കാരെ വച്ച് നേടുന്ന വിറ്റുവരവ് 80,330 കോടി രൂപയാണ്. ഉദ്ദേശം 10 ലക്ഷം ജനങ്ങളുള്ള ഒരു നഗരത്തിൽ വാൾമാർട്ട് ഔട്ട്ലെറ്റ് തുറക്കുകയും, അവരുടെ ശരാശരി കച്ചവടം അവിടെ നടക്കുകയും ചെയ്താൽ, അതിന്റെ ഫലമായി ചില്ലറ വ്യാപാരമേഖലയിൽ നിന്ന് ഏതാണ്ട് 4,32,000 പേർക്ക് പണി നഷ്ടപ്പെടും എന്ന് കണക്കാക്കാം. പ്രാദേശിക ഉൽപ്പാദകരുടെ ഉൽപ്പന്നങ്ങൾ വില്പന നടത്തണമെന്ന നിർബ്ബന്ധിത വ്യവസ്ഥ എടുത്തുകളയുകയും, മൾട്ടിബ്രാന്റ് റീട്ടെയ്ൽ രംഗത്തും എഫ്ഡിഐ കടന്നുവരികയും ചെയ്താൽ, കൂറ്റൻ വിദേശകമ്പനികൾ ഇൻഡ്യയ്ക്കകത്തുനിന്നോ പുറത്തുനിന്നോ വൻതോതിൽ സംഭരിക്കുന്ന ഉൽപ്പന്നങ്ങൾ തുടക്കത്തിൽ വില കുറച്ച് നൽകുന്നതിലൂടെ ചെറുകിട കച്ചവടക്കാരെ മുടിക്കുകയും, തുടർന്ന് യഥേഷ്ടം വില നിശ്ചയിച്ച് ഉപഭോക്താക്കളെ കൊള്ളയടിക്കുകയും ചെയ്യും. വാൾമാർട്ടിനെയും കെയർഫോറിനെയും പോലുള്ള വിദേശ കൂറ്റന്മാർ ഇൻഡ്യൻ വിപണിയിലേയ്ക്ക് കടന്നുവന്നാൽ അവയുമായി മത്സരിച്ചുനിൽക്കാൻ സ്പെൻസേഴ്സും ബിഗ് ബസാറും പോലുള്ള ഇൻഡ്യൻ ഭീമന്മാർക്കും ബുദ്ധിമുട്ടാകും. തുല്യശക്തികൾ തമ്മിലല്ല മത്സരം എന്നതു തന്നെയാണ് കാരണം. ഇതിനകം അത്തരം ചില സ്ഥാപനങ്ങൾ അടച്ചുപൂട്ടിക്കഴിഞ്ഞു. ദക്ഷിണേന്ത്യയിലെ സുഭിക്ഷ, ഉത്തരേന്ത്യയിലെ വിശാൽ, സബ്കാ ബസാർ എന്നിവ ഉദാഹരണം.

ഉപഭോക്താക്കൾക്ക് വിലക്കുറവ് കിട്ടും എന്നത് എഫ്ഡിഐ-യുടെ വക്കാലത്തുകാർ നടത്തുന്ന മറ്റൊരു വ്യാജപ്രചാരണമാണ്. ബിഗ്ബസാറാണെങ്കിലും വാൾമാർട് ആണെങ്കിലും വിലകൾ ഒരിക്കലും താഴേയ്ക്ക് വരുന്നില്ല. ഉരുളക്കിഴങ്ങോ അതുപോലുള്ള ഏതാനും ചില സാധനങ്ങളോ, ചില പ്രത്യേക സീസണുകളിൽ, കുറച്ചു ദിവസത്തേയ്ക്ക് മാത്രം വില കുറച്ച് നൽകിയെന്നിരിക്കും. മറ്റെല്ലാ സാധനങ്ങൾക്കും അവർ കൂടുതൽ വില ഈടാക്കും. അതാണ് വമ്പന്മാർ നടത്തുന്ന ചില്ലറ വ്യാപാരത്തിന്റെ രീതി. എഫ്ഡിഐ-യുടെ വക്കാലത്തുകാരനായ ഒരു വിദഗ്ദ്ധന്റെ തന്നെ വാക്കുകളിൽ പറഞ്ഞാൽ: വൻകിട ചില്ലറ വ്യാപാരികൾ ഉപഭോക്താക്കളെ ആകർഷിക്കുന്നതിനുവേണ്ടി, ഉൽപ്പാദകർക്ക് വില കുറച്ചുനൽകിയും കാര്യക്ഷമത വർദ്ധിപ്പിച്ചും ചില ഇനങ്ങൾ കുറഞ്ഞ വിലയ്ക്ക് നൽകും. കൂടുതൽ വില്പനയുള്ള മറ്റിനങ്ങൾക്ക് കൂടിയ ലാഭമെടുത്തുകൊണ്ട് അവർ ഈ കുറവ് പരിഹരിക്കും. (ആനന്ദ് രാമനാഥൻ, 2011 ഡിസംബർ 1-ന്റെ എക്കണോമിക് ടൈംസ് ലേഖനത്തിൽ ഉദ്ധരിച്ചിരിക്കുന്നത്). അതിനാൽ, ചില്ലറ വ്യാപാരമേഖലയിൽ എഫ്ഡിഐ വരുന്നതോടെ ഭക്ഷ്യോൽപ്പന്നങ്ങളുടെ വില കുറയുമെന്ന വാദം തീർത്തും പൊള്ളയാണ്. പൂഴ്ത്തിവയ്പ്പുകാരും കരിഞ്ചന്തക്കാരും ഊഹക്കച്ചവടക്കാരും അവർക്ക് കൂട്ടുനിൽക്കുന്ന അഴിമതിഗ്രസ്തമായ ഉദ്യോഗസ്ഥസംവിധാനവുമുൾപ്പെടുന്ന ഈ ജീർണ്ണവും മരണാസന്നവുമായ മുതലാളിത്ത വ്യവസ്ഥിതിയുടെ സൃഷ്ടിയാണ് ഭക്ഷ്യോൽപ്പന്നങ്ങളുടെ വിലക്കയറ്റം. ചില്ലറ വ്യാപാരമേഖലയിൽ എഫ്ഡിഐ ഏർപ്പെടുത്തുന്നത് അതിന് പരിഹാരമല്ല. മറിച്ച്, അത് സ്ഥിതി വഷളാക്കുകയേയുള്ളു.

### എഫ്ഡിഐ വന്നാൽ കൃഷിക്കാർക്ക് ഗുണമുണ്ടാകുമോ?

ചില്ലറ വ്യാപാരരംഗത്ത് എഫ്ഡിഐ വന്നാൽ, കൃഷിക്കാർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില കിട്ടും എന്ന വാദവും വസ്തുതാവിരുദ്ധമാണ്. മുതലാളിത്തത്തിന് കീഴിലെ തുറന്നവിപണി എന്ന് പറയുന്നത് പരോപകാരത്തിനോ സേവനത്തിനോ വേണ്ടിയുള്ളതല്ല. വിപണിയുടെ താല്പര്യങ്ങൾ ഏറ്റവും ഫലപ്രദമായും നന്നായും നിറവേറ്റപ്പെടുന്നതെങ്ങനെ എന്നതുമാത്രമാണ് പരിഗണന. കർഷക ആത്മഹത്യകൾ പെരുകിവരുന്നത് വിപണിയില്ലാത്തതുകൊണ്ടല്ല. അഴിമതിഗ്രസ്തമായ ഉദ്യോഗസ്ഥ സംവിധാനവും പോലീസും പൂഴ്ത്തിവയ്പ്പുകാരും കരിഞ്ചന്തക്കാരും തത്ത്വദീക്ഷയില്ലാത്ത ഇടനിലക്കാരും അടങ്ങുന്ന സംഘം വിപണിയെ നിയന്ത്രിക്കുന്നതുമൂലം, ഉൽപ്പന്നങ്ങൾക്ക് ന്യായവില കിട്ടാതെ ദുരിതവിലയ്ക്ക് അവ വിറ്റഴിക്കാൻ കർഷകർ നിർബ്ബന്ധിതരാകുന്നു എന്നതാണ് കാരണം. കർഷകർ അവർ ഉൽപ്പാദിപ്പിച്ച ഉള്ളി കിലോയ്ക്ക് 50 പൈസ വിലയ്ക്ക് വിൽക്കാൻ നിർബ്ബന്ധിതരായപ്പോൾ, അതേ ഉള്ളി കുത്തകകളുടെ നിയന്ത്രണത്തിലുള്ള വലിയ

(ശേഷം 3-ാം പേജിൽ)

## യുജിസി അംഗീകാരമില്ലാത്ത കോഴ്സുകളിൽ ചേർത്ത് വഞ്ചിച്ചതിനെതിരെ

# വിദ്യാർത്ഥികളും രക്ഷിതാക്കളും സത്യാഗ്രഹസമരം നടത്തി



പോപ്പുലർ വെഹിക്കിൾസ് ഗ്രൂപ്പിന്റെ കുറ്റൂക്കാരൻ ഇൻസ്റ്റിറ്റ്യൂട്ടിലെ വിദ്യാർത്ഥികളും രക്ഷിതാക്കളും എറണാകുളം മാമംഗലത്തെ കോർപ്പറേറ്റ് ഓഫീസിനുമുന്നിൽ നടത്തിയ സത്യാഗ്രഹം

യുജിസി അംഗീകാരമില്ലാത്ത കോഴ്സുകളിൽ വിദ്യാർത്ഥികളെ ചേർത്ത് ലക്ഷങ്ങൾ ഫീസ് വാങ്ങിയിട്ട് പരീക്ഷയും പഠനപ്രക്രിയയും മുടക്കി സ്ഥാപനം അടച്ചിട്ട സ്വകാര്യമാനേജുമെന്റിനെതിരെ പ്രതിഷേധവുമായി വിദ്യാർത്ഥികളും രക്ഷിതാക്കളും രംഗത്തിറങ്ങി. പോപ്പുലർ മാനേജുമെന്റിന്റെ കീഴിലുള്ള കുറ്റൂക്കാരൻ ഇൻസ്റ്റിറ്റ്യൂട്ടിൽ (കെഐഎച്ച്ആർഡി) പഠിക്കുന്ന വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളുമാണ് എറണാകുളം മാമംഗലത്തെ ഡയറക്ടറുടെ ഓഫീസിനുമുമ്പിൽ സത്യാഗ്രഹസമരം നടത്തിയത്. യുജിസി 2013 ജൂൺ 27 ന് ഇത്തരം കോഴ്സുകൾക്ക് അംഗീകാരമില്ലെന്ന വസ്തുത പബ്ലിക് നോട്ടീസിലൂടെ അറിയിച്ചിട്ടും അതു മറച്ചുവച്ചാണ് മാനേജ്മെന്റുകൾ 2013 ജൂലൈ-ആഗസ്റ്റുമാസങ്ങളിലും 2014 ജൂലൈ-ആഗസ്റ്റ് മാസങ്ങളിലും വിദ്യാർത്ഥികളെ കോഴ്സുകളിൽ ചേർത്തത്. ആ ബാച്ചിൽപ്പെട്ട വിദ്യാർത്ഥികളാണ് സമരരംഗത്തിറങ്ങിയിരിക്കുന്നത്. അംഗീകാരമില്ലാത്ത കോഴ്സുകളിൽ ചേർത്തതുവഴി നഷ്ടപ്പെട്ട വർഷങ്ങൾക്ക് നഷ്ടപരിഹാരവും അടച്ചപണവും തിരികെ തരണമെന്നാവശ്യപ്പെട്ടാണ് സമരം സംഘടിപ്പിച്ചത്.

സത്യാഗ്രഹം ടിഎസ്ഒ സംസ്ഥാനപ്രസിഡന്റ് എൻ.കെ.ബിജു ഉദ്ഘാടനം ചെയ്തു. രക്ഷകർത്തൃസമിതി സംസ്ഥാന സെക്രട്ടറി ബേബി തോമസ് അദ്ധ്യക്ഷത വഹിച്ചു. ടിഎസ്ഒ ജനറൽസെക്രട്ടറി കെ.പി.സാൽവിൻ, രക്ഷകർത്തൃസമിതി നേതാക്കളായ സുഗേഷ്കുമാർ, വിജി ജോസഫ്, ലീന റോയ്, ബാലകൃഷ്ണകമ്മത്ത്, ആന്റണി ലിബറോ, രശ്മിരവി, വിനയ് തുടങ്ങിയവരും പ്രസംഗിച്ചു. വിഷയം സർക്കാർ ഇടപെട്ട് പരിഹരിക്കുന്നില്ലെങ്കിൽ കൂടുതൽ ഉയർന്ന സമരപരിപാടികളിലേക്ക് കടക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു. ■

## എഫ്ഡിഐ..........

(2 -ാം പേജിൽ നിന്ന്)

ഷോപ്പിംഗ് മാളുകളിലുൾപ്പെടെയുള്ള വിപണിയിൽ കിലോയ്ക്ക് 20 രൂപ വിലയ്ക്കാണ് വിറ്റിരുന്നത് എന്ന വാർത്ത അടുത്തയിടെ പുറത്തുവരികയുണ്ടായി. ഉൽപ്പന്നങ്ങൾ ചുരുങ്ങിയ വിലയ്ക്ക് ലഭ്യമായിരിക്കെ കൃഷിക്കാർക്ക് കൂടുതൽ ഉയർന്ന വില നൽകാൻ മാത്രം ഉദാരമനസ്കരാണ് വിദേശകുത്തകകൾ എന്ന് വിചാരിക്കുന്നത് ബാലിശമാണ്. ഐക്യരാഷ്ട്ര സംഘടനയുടെ ഭക്ഷ്യ കാർഷിക സംഘടനയിലെ സാമ്പത്തികശാസ്ത്രകാരനായ ആൻഡ്രൂ ഷെപ്പാഡ് 2004-ൽ പ്രസിദ്ധീകരിച്ച ഒരു പ്രബന്ധത്തിൽ ചൂണ്ടിക്കാട്ടുന്നത് വൻകിട സൂപ്പർമാർക്കറ്റുകൾ ചെറുകിട കർഷകരെ ബിസിനസ്സിൽ നിന്ന് പുറന്തള്ളുന്നുവെന്നാണ്. ഉൽപ്പന്നങ്ങളുടെ അളവിലും ഗുണനിലവാരത്തിലും അവ കൃത്യസമയത്ത് ലഭ്യമാക്കുന്നതിലുമൊക്കെ ചെറുകിട കർഷകർ പ്രതീക്ഷയ്ക്കൊത്തുയരുന്നില്ല എന്ന ന്യായം പറഞ്ഞാണ് അങ്ങനെ ചെയ്യുന്നത്. അടുത്തയിടെ നടന്ന ഒരു ഓക്സ്ഫാം പഠനം വെളിപ്പെടുത്തുന്നു: പത്ത് വർഷം മുമ്പ് കാപ്പിയുടെ ലോക ബിസിനസ്സ് 30 ബില്യൺ ഡോളറായിരുന്നപ്പോൾ അതിൽ 10 ബില്യൺ ഡോളർ കർഷകർക്ക് കിട്ടിയിരുന്നു. ഇപ്പോൾ ലോക വിപണിയിലെ ബിസിനസ്സ് 60 ബില്യൺ ഡോളറായപ്പോൾ കർഷകർക്ക് കിട്ടുന്നത് 6 ബില്യൺ ഡോളറിൽ താഴെ മാത്രം! അപ്പോൾ കുത്തകകളുടെ വലിയ ആരവത്തോടെയുള്ള കടന്നുവരവും കാര്യക്ഷമതയിലുള്ള വർദ്ധനവും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് പകരം അത് ഗണ്യമായി വെട്ടിക്കുറയ്ക്കുകയാണ് ചെയ്തിരിക്കുന്നത് എന്നതാണ് യാഥാർത്ഥ്യം.

ചില്ലറ വ്യാപാരരംഗം കൈയടക്കുന്ന കുത്തകകൾ പ്രാഥമിക ഉൽപ്പാദകരുടെ വരുമാനം കവരുന്നു. മലേഷ്യയിൽ കുറ്റൻ സ്വകാര്യ ചില്ലറവില്പന ശൃംഖല വളർന്നുവന്നതിനെത്തുടർന്ന്,പച്ചക്കറി സപ്ലൈ ചെയ്യുന്ന കർഷകരുടെ എണ്ണം 2001-ൽ 200 ആയിരുന്നത് 2003 ആയപ്പോൾ കേവലം 30 ആയി ചുരുങ്ങി എന്നതും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. കർഷകനിൽ നിന്ന് ഉൽപ്പന്നങ്ങൾ വാങ്ങുന്ന കുത്തകയുടെ മൂലധനശേഷി എത്രമാത്രം കൂടുന്നുവോ അത്രയും കണ്ട് കർഷകന്റെ വരുമാനം ചുരുങ്ങുന്നുവെന്നതാണ് അനുഭവം. ഇന്നത്തെ സ്വതന്ത്രവിപണിയുടെ നിയമമാണത്. ചില്ലറ വ്യാപാരമേഖലയിൽ എഫ്ഡിഐ വന്നാൽ സ്ഥിതി മെച്ചപ്പെടും എന്ന് പറയുന്നതിൽ യാതൊരു കഴമ്പുമില്ല.

ചില്ലറ വ്യാപാരരംഗത്തെ എഫ്ഡിഐ ദരിദ്രകർഷകർക്ക് ആശ്വാസവും ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ഉൽപ്പന്നങ്ങളും ഉറപ്പാക്കുമെന്ന് വാദിക്കുന്നവർ യാഥാർത്ഥ്യത്തിന് നേരെ കണ്ണടയ്ക്കുകയാണ്. തദ്ദേശീയരും അതുപോലെ തന്നെ വിദേശീയരുമായ കുത്തകകൾ, കാർഷികോല്പന്നസംഭരണം പൂർണ്ണമായും തങ്ങളുടെ വരുതിയിലാക്കുന്നതിന് വേണ്ടി ആദ്യം കർഷകർക്ക് അല്പം മെച്ചപ്പെട്ട വില നൽകുന്നു. തന്മൂലം കർഷകർ ആ കുത്തകകൾക്ക് ഉൽപ്പന്നങ്ങൾ വില്ക്കുകയും ക്രമേണ അവരെ ആശ്രയിക്കുന്ന അവസ്ഥയിലെത്തിച്ചേരുകയും ചെയ്യുന്നു. കർഷകർക്ക് ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ മറ്റ് മാർഗ്ഗമൊന്നുമില്ലെന്ന അവസ്ഥയെത്തുമ്പോൾ കുത്തകകൾ യഥേഷ്ടം വില നിശ്ചയിക്കാൻ തുടങ്ങുന്നു. അതുപോലെ തന്നെ ഏത് വിള ഉൽപ്പാദിപ്പിക്കണം, ഏത് വളവും കീടനാശിനിയും ഉപയോഗിക്കണം തുടങ്ങിയ നിബന്ധനകളും അവർ മുന്നോട്ടുവയ്ക്കുന്നു.

ഏതെങ്കിലും വിളയ്ക്കോ കാർഷിക അസംസ്കൃതവസ്തുവിനോ രാജ്യത്തിനകത്തോ പുറത്തോ നല്ല വില്പന സാധ്യതയുണ്ടെന്ന് കണ്ടാൽ, ഈ കുത്തകകൾ, അവരുടെ വരുതിയിലായ കർഷകരോട് അവശ്യ ഭക്ഷ്യോൽപ്പന്നങ്ങൾ ഒഴിവാക്കി പകരം വില്പനസാദ്ധ്യതയുള്ള വിളകൾ 'കരാർകൃഷി' അടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കാൻ നിർബ്ബന്ധപൂർവ്വം ആവശ്യപ്പെടുന്നു. അവർ രാജ്യത്തെ ജനങ്ങളുടെ ആവശ്യങ്ങളെപ്പറ്റിയോ, പരിസ്ഥിതിയെപ്പറ്റിയോ ഒന്നും, ഒരു പരിഗണനയും വയ്ക്കുന്നില്ല. പെപ്സിക്ക് ചിപ്സ് നിർമ്മിക്കാൻ ഉരുളക്കിഴങ്ങ് ആവശ്യമുള്ളതിനാൽ കർഷകർ പരിപ്പ് കൃഷിചെയ്യേണ്ട സീസണിൽ അത് ചെയ്യാതെയും, അതുപോലെ മറ്റ് വിളകളിറക്കേണ്ട സമയത്ത് അതൊഴിവാക്കിയും വ്യാപകമായി ഉരുളക്കിഴങ്ങ് മാത്രം കൃഷിചെയ്യുന്നു. തുടക്കത്തിൽ, അത് ചെയ്യുന്ന കർഷകർക്ക് കൂടുതൽ ആദായം കിട്ടുന്നതിനാൽ അവർ കരാർ കൃഷി ആദായകരമാണെന്ന് കരുതുകയും ചെയ്യുന്നു. പക്ഷെ, മറ്റ് പല ഭക്ഷ്യവസ്തുക്കളും വേണ്ടത്ര ഉൽപ്പാദിപ്പിക്കാതിരിക്കുന്നതിന്റെ ആഘാതം താമസിയാതെ അനുഭവപ്പെടാൻ തുടങ്ങും. അതുകൊണ്ട് തന്നെ പരിപ്പിനും പയർവർഗ്ഗങ്ങൾക്കും പച്ചക്കറികൾക്കുമെല്ലാം ദിനംപ്രതി വിലവർദ്ധിക്കുന്നു. കർഷകരെ സ്വന്തം വരുതിയിൽ നിർത്തുന്നതിന് വേണ്ടി വൻ കുത്തകകൾ അവർക്ക് വായ്പയും അഡ്വാൻസും മറ്റും ഏർപ്പാടാക്കിക്കൊടുക്കുകയും, വിത്ത് വളം കീടനാശിനി തുടങ്ങിയവ നൽകുകയും ചെയ്യുന്നു. തന്മൂലം കൃഷിക്കാർ ആ പ്രത്യേക കുത്തകകൾക്കല്ലാതെ മറ്റാർക്കും ഉൽപ്പന്നങ്ങൾ നൽകാൻ സ്വാതന്ത്ര്യമില്ലാത്ത അവസ്ഥയിലാകുന്നു. കാർഷികോൽപ്പന്നങ്ങളുടെ സംഭരണത്തിനും വില്പനയ്ക്കുമുള്ള അവകാശം അങ്ങനെ ആ കോർപ്പറേറ്റുകളുടെ കുത്തകയായി മാറുന്നു. ചെറുകിട മൂലധനത്തെയും അവരിൽ നിന്നുള്ള മത്സരത്തെയും ഒഴിവാക്കാനും, കാർഷികമേഖലയിൽ വലിയ കോർപ്പറേറ്റ് സാമ്രാജ്യം കെട്ടിപ്പടുക്കാനും വേണ്ടി, കുത്തക മൂലധനം സാധ്യമായി പ്രയോഗിക്കുന്ന ഇരപിടിയൻ തന്ത്രമാണിത്. ഇതിന്റെ ഫലമായി കർഷകരും ചെറുകിട ഉൽപ്പാദകരും നാശമടയുന്നു. എഫ്ഡിഐയുടെ വക്കാലത്തുകാർ കർഷകർക്കുണ്ടാകാൻ പോകുന്ന നേട്ടങ്ങളെക്കുറിച്ചു പറയുന്നത് ജനങ്ങളെ കബളിപ്പിക്കാൻ വേണ്ടി മാത്രമാണ്. വൻകിട മാളുകളുടെ വരുമാനത്തിന്റെ 70 ശതമാനത്തിലേറെ ഭാഗവും കർഷകരുമായി ഒരു ബന്ധവുമില്ലാത്ത, ഭക്ഷ്യേതര ഉൽപ്പന്നങ്ങളിൽ നിന്നുള്ളതാണെന്ന കാര്യവും ഓർക്കുക.

എഫ്ഡിഐ വന്നാൽ, കൂടുതൽ ഉൽപ്പന്നങ്ങളിൽ നിന്ന് തങ്ങൾക്കാവശ്യമായത് തെരഞ്ഞെടുക്കാനുള്ള അവസരം ഉപഭോക്താക്കൾക്ക് കിട്ടുമെന്നും, അവർക്ക് കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ കിട്ടുമെന്നും പറഞ്ഞ് നഗരങ്ങളിലെ ഉപഭോക്താക്കളെ പാട്ടിലാക്കാൻ എഫ്ഡിഐ-യുടെ വക്കാലത്തുകാർ ശ്രമിക്കുന്നുണ്ട്. തികഞ്ഞ കാപട്യമാണിതും. ലോകത്തെവിടെയും കുത്തകകൾ ഉപഭോക്താക്കളെ പിഴിഞ്ഞൂറ്റുകയാണ്. ആദ്യം അവർ, ചെറുകിട പരമ്പരാഗത വ്യാപാര സ്ഥാപനങ്ങൾക്ക് സാധിക്കാത്ത തരത്തിലുള്ള ആകർഷകമായ ചില ഇളവുകൾ പ്രഖ്യാപിച്ചും, ഷോപ്പിംഗ് മാളുകളുടെ വർണ്ണശബളിമയും ആഡംബരവും കാട്ടി മോഹിപ്പിച്ചും ഉപഭോക്താക്കളെ ആകർഷിക്കുന്നു. വമ്പിച്ച മൂലധനശക്തിയുള്ളതുമൂലം അവർക്കത് സാധിക്കുന്നു. ലാഭം കുറച്ചോ വേണ്ടിവന്നാൽ കുറച്ച് നഷ്ടം സഹിച്ചോ ചില സാധനങ്ങൾ കുറച്ചുകാലത്തേയ്ക്ക് വിലകുറച്ചു നൽകാൻ അവർക്ക് ബുദ്ധിമുട്ടില്ല. അങ്ങനെ അവർ പരമ്പരാഗത ചില്ലറവില്പനശാലകളെ പൂട്ടിക്കുന്നു. ചെറുകിട ഇത്തരം കടകളിൽ നിന്നുള്ള മത്സരം ഇങ്ങനെ ക്രമേണ ഇല്ലാതാക്കി അവർ വിപണിയിൽ കുത്തകാധിപത്യം സ്ഥാപിക്കുന്നു. അതോടെ ഉപഭോക്താക്കൾ വൻ ബിസിനസ്സ് ലോബികളുടെ പിടിയിൽ പെട്ടുകഴിയുന്നു. പിന്നെ, സാധനങ്ങളുടെ വില മാത്രമല്ല, നിങ്ങൾ എന്ത് സാധനം ഉപയോഗിക്കണം എന്നതുവരെ ഈ കുത്തകകൾ തീരുമാനിക്കുന്ന അവസ്ഥയുണ്ടാകുന്നു.

രാജ്യത്തിന്റെ വിഭവങ്ങൾ കൊള്ളയടിക്കപ്പെടുന്ന അവസ്ഥയും, തൽഫലമായി കർഷകർക്കും തൊഴിലാളികൾക്കും വ്യാപാരികൾക്കും ഉപജീവനമാർഗ്ഗം നഷ്ടപ്പെടുന്ന സ്ഥിതിയും – അതായിരിക്കും നിയന്ത്രണമില്ലാത്ത എഫ്ഡിഐ-യുടെ സാമ്പത്തിക പ്രത്യാഘാതം. ഗ്രാമപ്രദേശങ്ങളിൽ തൊഴിലില്ലായ്മ പെരുകും. നാട്ടുംപുറത്തുകാർ ഉപജീവനാർത്ഥം നഗരപ്രദേശങ്ങളിലേയ്ക്ക് ചേക്കേറുന്ന സ്ഥിതി വർദ്ധിച്ചുവരും. നഗരങ്ങളിലാകട്ടെ, ചെറുകിട വ്യവസായ സംരംഭങ്ങളും ചെറുകിട ബിസിനസ്സ് മേഖലയും ഒന്നടങ്കം അതിശക്തരായ വിദേശമൂലധനത്തിന്റെ ദയാദാക്ഷിണ്യത്തിലായിക്കഴിഞ്ഞിരിക്കും. അവയുടെ ഉൽപ്പന്നങ്ങൾ ചില്ലറ വ്യാപാരരംഗത്തെത്തിക്കാനുള്ള മാർഗ്ഗം വിച്ഛേദിക്കപ്പെട്ട



ഡൽഹിയിൽ എഫ്ഡിഐക്കെതിരെ ഇടതുപക്ഷപാർട്ടികൾ സംഘടിപ്പിച്ച റാലിയിൽ എസ്‌യുസിഐ(സി) മദ്ധ്യപ്രദേശ് സംസ്ഥാന സെക്രട്ടറി സഖാവ് പ്രതാപ് സമൽ പ്രസംഗിക്കുന്നു.

അവസ്ഥയിൽ അവ ഉന്മൂലനാശത്തെ നേരിടും. ഈ മേഖലയെ ആശ്രയിച്ച് ഉപജീവനം നടത്തിവരുന്ന വലിയൊരു ജനസഞ്ചയത്തിന് ജീവനോപാധികൾ നഷ്ടമാകും. ഗ്രാമങ്ങളിൽ നിന്ന് തൊഴിൽതേടി നഗരങ്ങളിലെത്തുന്ന തൊഴിലില്ലാപ്പടയോടൊപ്പം അവരും ചേരേണ്ടതായി വരും. രാജ്യത്തിന്റെ സാമൂഹ്യജീവിതം അപ്പാടെ തകിടംമറിയും.

ഈ വിദേശ സംരംഭങ്ങളിൽ തൊഴിൽചെയ്യുന്ന തൊഴിലാളികൾക്ക് ഈ രാജ്യത്തെ തൊഴിലാളികൾ കഠിനസമരങ്ങളിലൂടെ നേടിയെടുത്തതും ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നതുമായ ജനാധിപത്യാവകാശങ്ങളോ ട്രേഡ് യൂണിയൻ അവകാശങ്ങളോ ഒന്നും തന്നെ യുണ്ടാവുകയില്ല. പ്രത്യക്ഷത്തിൽ ആകർഷക്മായ വേതനം നൽകിയേക്കാം. പക്ഷെ, തൊഴിലിടങ്ങളിൽ അങ്ങേയറ്റത്തെ അവകാശനിഷേധങ്ങൾ അവർ അനുഭവിക്കേണ്ടി വരും. അതോടൊപ്പം തൊഴിലിൽ തികഞ്ഞ അനിശ്ചിതത്വവും. മറ്റ് വാക്കുകളിൽ പറഞ്ഞാൽ അവ പ്രച്ഛന്നമായ പ്രത്യേക സാമ്പത്തിക മേഖലകളായി മാറും. ഇതിനകം പല രാജ്യങ്ങളിലും വലിയ വിനാശം വിതച്ച ഭയാനകമായ ഏർപ്പാടാണ് പ്രത്യേക സാമ്പത്തിക മേഖലകൾ.

വാർത്താവിതരണത്തിന്റെയും പ്രക്ഷേപണത്തിന്റെയും വിവിധ മേഖലകളിൽ ഓട്ടോമാറ്റിക് റൂട്ടിലൂടെയുള്ള എഫ്ഡിഐ-ക്ക് അനുമതി നൽകുന്നത് വിനാശകരമായ ഭവിഷ്യത്തുകളുണ്ടാക്കും. ഇൻഡ്യയിലെ ടെലികോമും ബന്ധപ്പെട്ട വ്യവസായങ്ങളും തന്മൂലം കടുത്ത മത്സരത്തെ നേരിടേണ്ടി വരും. എന്നുമാത്രമല്ല, കേബിൾ നെറ്റ്‌വർക്ക്, മൊ

(ശേഷം 4-ാം പേജിൽ)

# എഫ്ഡിഐ: രാജ്യസുരക്ഷയെപ്പോലും അപകടത്തിലാക്കുന്ന നയം

(3 -ാം പേജിൽ നിന്ന്)

ബൈൽ ടിവി മുതലായവയിൽ വിദേശമൂലധനത്തിന് കടന്നുകയറാൻ കഴിയുന്നതുമൂലം അത് ജീർണ്ണമായ സാമ്രാജ്യത്വ സംസ്കാരത്തിന്റെ മലവെള്ളപ്പാച്ചിൽ തന്നെ തുറന്നുവിടും. ഇപ്പോൾ കുടുംബങ്ങൾക്കുള്ളിലേയ്ക്ക് പോലും അരിച്ചുകയറിയിട്ടുള്ള ആഭാസകരവും അശ്ലീലവുമായ വിനോദങ്ങൾ, വിദേശ മൊബൈൽ ടിവിയുടെ വരവോടെ ഓരോ വ്യക്തിയിലേയ്ക്കും അവയുടെ നീരാളിക്കൈകൾ നീട്ടും. അമ്പേ ജീർണ്ണമായ മുതലാളിത്ത സംസ്കാരത്തിന്റെ അന്തരീക്ഷത്തിൽ ഐടി രംഗത്തുണ്ടായ കുതിപ്പ് നമ്മുടെ രാജ്യത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കുറ്റകൃത്യങ്ങൾ വളരെയേറെ വർദ്ധിക്കാനിടയാക്കിയിട്ടുണ്ടെന്ന് നമുക്കറിയാം. അപ്പോൾ, മേൽപറഞ്ഞവയുടെ പ്രത്യാഘാതങ്ങൾ എന്തായിരിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളു.

ഇൻഡ്യയുടെ ഔഷധനിർമ്മാണ മേഖല റിവേഴ്സ് എഞ്ചിനിയറിംഗ്, കാര്യക്ഷമത, നൈപുണി എന്നിവയുടെ പേരിൽ പ്രസിദ്ധമാണ്. പല മൂന്നാംലോക രാജ്യങ്ങൾക്കും കുറഞ്ഞ വിലയ്ക്ക് മരുന്ന് നൽകുന്നതിൽ ഒരു പ്രധാനപങ്കും ഇൻഡ്യ വഹിക്കുന്നു. ഈ മേഖലയിലേയ്ക്ക് എഫ്ഡിഐ കൊണ്ടുവന്നതുകൊണ്ട് എന്ത് നേട്ടമാണുണ്ടാവുക? വിദേശകുത്തകകൾക്ക് പരമാവധി ലാഭമുണ്ടാക്കിക്കൊണ്ടുപോകാൻ അവസരം കൊടുക്കുക, ഇവിടത്തെ ചെറുകിട ഇടത്തരം സംരംഭങ്ങളെ തകർത്ത് ഔഷധനിർമ്മാണരംഗത്ത് സമ്പൂർണ്ണ ആധിപത്യം സ്ഥാപിക്കാൻ അവർക്ക് സൗകര്യമൊരുക്കിക്കൊടുക്കുക എന്നുളളതല്ലാതെ മറ്റൊന്നും അതുവഴി സംഭവിക്കുകയില്ല.

### പ്രതിരോധരംഗത്ത് എഫ്ഡിഐ

സമ്പദ്വ്യവസ്ഥയുടെ സൈനികവൽക്കരണ അജണ്ടയുടെ അവിഭാജ്യഭാഗമാണ് പ്രതിരോധരംഗത്തെ എഫ്ഡിഐ. ലോകമുതലാളിത്ത സമ്പദ്വ്യവസ്ഥ കടുത്ത മാന്ദ്യവും കമ്പോള പ്രതിസന്ധിയും നേരിടുന്ന ഈ കാലഘട്ടത്തിൽ എല്ലാ മുതലാളിത്ത രാജ്യങ്ങളും സമ്പദ്വ്യവസ്ഥയെ സൈനികവൽക്കരിക്കാൻ മുതിരുന്നു. സാമ്പത്തിക വ്യവസ്ഥിതിക്കും വിപണിക്കും കൃത്രിമമായ ഉത്തേജനം നൽകുക എന്നതാണ് ലക്ഷ്യം. ഗവണ്മെന്റ് പ്രതിരോധവ്യവസായങ്ങളിൽ മൂലധനനിക്ഷേപം നടത്തുന്നു. ഉൽപ്പന്നങ്ങൾ ഗവണ്മെന്റ് തന്നെ വാങ്ങുന്നു. ഈ ചാക്രിക ചലനം നിലനിർത്തുന്നതിന് ഒരു യുദ്ധാന്തരീക്ഷം നിലനിർത്തേണ്ടത് ആവശ്യമാണ്. ഉൽപ്പാദക രാജ്യത്തിന് സൈനികോൽപ്പന്നങ്ങൾ വിറ്റഴിക്കാനും ഉപഭോക്താവായ രാജ്യത്തിന് അവ വാങ്ങാനുമുള്ള സാഹചര്യം അതുവഴി ഒരുക്കപ്പെടുന്നു. എഫ്ഡിഐ വരുന്നത് ഈ പ്രക്രിയയ്ക്ക് ആക്കം കൂട്ടാൻ മാത്രമേ ഉപകരിക്കൂ.

ഇൻഡ്യ അടുത്തവർഷത്തോടെ, പ്രതിരോധത്തിന് വേണ്ടിയുള്ള ചെലവിൽ അമേരിക്കയും ചൈനയും കഴിഞ്ഞാൽ അടുത്ത സ്ഥാനത്തെത്തും. പ്രതിരോധ ഉപകരണങ്ങൾക്കുവേണ്ടിയുള്ള ഇൻഡ്യയുടെ ചെലവ് അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഏതാണ്ട് 100 ബില്യൺ ഡോളറാകുമെന്ന് കണക്കാക്കപ്പെടുന്നു. അന്തർദ്ദേശീയ ആയുധ ഉൽപ്പാദകരെ സംബന്ധിച്ചിടത്തോളം ഇൻഡ്യ വളരെ ആകർഷകമായ ഒരു വിപണിയാണ്. ഇൻഡ്യ എഫ്ഡിഐ പരിധി ഉയർത്തുകയാണെങ്കിൽ, അത് ആഗോള സംരംഭകർക്ക് ഇൻഡ്യയിൽ നിക്ഷേപം നടത്താനുള്ള വാണിജ്യപരമായ പ്രചോദനമായിരിക്കുമെന്ന് മൂന്ന് വർഷം മുമ്പ്, അന്നത്തെ അമേരിക്കൻ പ്രതിരോധസെക്രട്ടറി ആഷ്ടൺ കാർട്ടർ പറയുകയുണ്ടായി. ഇൻഡ്യൻ കുത്തകകളെ സംബന്ധിച്ചിടത്തോളം, വിദേശമൂലധനവുമായി സഹകരിച്ച് അധുനാധുനങ്ങളായ ആയുധങ്ങളുൽപ്പാദിപ്പിച്ച് താരതമ്യേന ദുർബ്ബലരായ രാജ്യങ്ങൾക്ക് വിൽക്കുക എന്നതാണ് താല്പര്യം.

യുദ്ധവെറിയന്മാരായ അമേരിക്കൻ സാമ്രാജ്യത്വവും മറ്റ് സാമ്രാജ്യത്വ വൻശക്തികളും അവരുടെ യുദ്ധക്കച്ചവടക്കാരായ കൂറ്റൻ ബഹുരാഷ്ട്രക്കുത്തകകളും നമ്മുടെ രാജ്യത്തിന്റെ പ്രതിരോധമേഖലയിലേയ്ക്ക് നിർണ്ണായകമായ കടന്നുകയറ്റം നടത്തിക്കഴിഞ്ഞാൽ അത് രാജ്യത്തിന്റെ സുരക്ഷയെത്തന്നെ അപകടപ്പെടുത്തും എന്നതാണ് ഇൻഡ്യൻ ജനതയെ സംബന്ധിച്ചിടത്തോളം ആശങ്കാജനകമായ കാര്യം. പ്രതിരോധമേഖലയപ്പാടെ അവരുടെ മുന്നിൽ തുറന്നുവയ്ക്കപ്പെടും. എല്ലാ സൈനികരഹസ്യങ്ങളും ആയുധശേഖരവും രാജ്യത്തിന്റെ മറ്റ് തന്ത്രപ്രധാനമായ വിവരങ്ങളും അവരുടെ വരുതിയിലാകും. വിദേശ കുത്തകകൾ ഇൻഡ്യയിൽ ആരംഭിക്കുന്ന പ്രതിരോധവ്യവസായ സംരംഭങ്ങൾ രാജ്യത്തെ ജനങ്ങൾക്കെതിരെ, വേണ്ടി വന്നാൽ ഗവണ്മെന്റിന് തന്നെ എതിരെ, ചാരപ്രവർത്തനത്തിനും നുഴഞ്ഞുകയറ്റത്തിനും അട്ടിമറിക്കും വേണ്ടി ഉപയോഗിക്കപ്പെടാം. പരിഷ്കരണത്തിന്റെ വക്കാലത്തുകാർ പറയുന്നത് എഫ്ഡിഐ അത്യാധുനിക സാങ്കേതികവിദ്യകൾ കൊണ്ടുവരുമെന്നാണ്. പക്ഷെ, എഫ്ഡിഐ ഇല്ലാതെ സാധാരണഗതിയിൽത്തന്നെ വാങ്ങാവുന്നവയാണ് ആ സാങ്കേതികവിദ്യകൾ. എന്നുമല്ല, ഏറ്റവും പുതിയ സാങ്കേതികവിദ്യകൾ നേടാൻ വേണ്ടി മാത്രം രാജ്യത്തിന്റെ സുരക്ഷ തന്നെ അപായപ്പെടുത്തുന്നത് വിവേകമാണോ? അതിന് പുറമെ, ആയുധവ്യാപാരവുമായി ബന്ധപ്പെട്ട് ഇപ്പോൾത്തന്നെ വ്യാപകമായിട്ടുള്ള അഴിമതിയും കൈക്കൂലിയും കോഴയുമൊക്കെ വീണ്ടും വർദ്ധിക്കാൻ വർദ്ധിതമായ എഫ്ഡിഐ ഇടവരുത്തും. രാജ്യത്തിന്റെ സുരക്ഷയ്ക്കുവേണ്ടി പ്രയത്നിക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന ഉയർന്ന സൈനികോദ്യോഗസ്ഥന്മാരും മന്ത്രിമാരും മറ്റ് ഉദ്യോഗസ്ഥമേധാവികളുമൊക്കെ ഉൾപ്പെട്ട വിനാശകരമായ അഴിമതികളുടെ പല സംഭവങ്ങളും എഫ്ഡിഐ ഇല്ലാതെ തന്നെ ഈ രാജ്യത്തുണ്ടായിട്ടുണ്ട്. എഫ്ഡിഐ കൂടി വന്നാലത്തെ സ്ഥിതി പറയേണ്ടതില്ല. മറ്റ് രംഗങ്ങളിലെന്നതുപോലെ പ്രതിരോധ വ്യവസായത്തിലും നിലനിൽക്കുന്ന പരിമിതമായ തൊഴിലവസരങ്ങൾ കൂടി, വർദ്ധിതമായ എഫ്ഡിഐ-യോടുകൂടി വെട്ടിച്ചുരുക്കപ്പെടും. അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതും വളരെയേറെ മൂലധനാധിക്യമുള്ളതും ചുരുക്കം പേർക്കുമാത്രം തൊഴിലവസരങ്ങളുള്ളതുമായ വ്യവസായങ്ങളായിരിക്കും അതുവഴി വരാൻ പോകുന്നത്. ചെറുകിട ആയുധ ഉൽപ്പാദന രംഗത്ത് എഫ്ഡിഐ വിപണിയിൽ ധാരാളം ആയുധങ്ങൾ ലഭ്യമാകുന്ന സാഹചര്യം സൃഷ്ടിക്കും. കുറ്റവാളിസംഘങ്ങൾക്ക് ഏറ്റവും പുതിയ ഇനം വിദേശനിർമ്മിത ആയുധങ്ങളുപയോഗിച്ച് സമൂഹദ്രോഹപ്രവൃത്തികളിലേർപ്പെടാൻ അത് അവസരമൊരുക്കും.



ബാംഗ്ലൂരിൽ ഇടതുപക്ഷപാർട്ടികളുടെ ആഭിമുഖ്യത്തിൽ നടന്ന റാലിയുടെ ഒരു ദൃശ്യം

### എഫ്ഡിഐ പരിഷ്കാരങ്ങൾക്ക് കുത്തകകൾ നിർബ്ബന്ധിതരാകുന്നതെന്തുകൊണ്ട്?

കൃത്യമായും എന്ത് ലക്ഷ്യത്തോടുകൂടിയാണ് ഇൻഡ്യൻ കുത്തകകൾ എഫ്ഡിഐ-യെ സ്വാഗതം ചെയ്യുന്നത്? വളരെയേറെ ദൃഢീകൃതമായിത്തീർന്നിട്ടുള്ള ഇൻഡ്യൻ കുത്തകമുതലാളിത്തം സാമ്പത്തിക ദുഷ്പ്രഭുത്വമായി വളർന്നിരിക്കുന്നു. അവർ ഏഷ്യയിലെയും ആഫ്രിക്കയിലെയും ലാറ്റിനമേരിക്കയിലെയും ചെറുതും ദുർബ്ബലവുമായ രാജ്യങ്ങളിലേയ്ക്കും, യൂറോപ്പിലേയ്ക്ക് പോലും, ഫിനാൻസ്മൂലധനം കയറ്റുമതി ചെയ്ത് അവിടങ്ങളിലെ അദ്ധ്വാനശക്തിയെ ചൂഷണം ചെയ്യുന്നു. പക്ഷെ, രൂക്ഷമായ വ്യാപാരമാന്ദ്യത്തിലും പ്രതിസന്ധിയിലും പെട്ടിരിക്കുന്ന ലോക മുതലാളിത്ത-സാമ്രാജ്യത്വ വ്യവസ്ഥിതിയിൽ ഇൻഡ്യൻ കുത്തകകൾ കടുത്ത മത്സരത്തെ നേരിടുകയാണ്. ഈ സാഹചര്യത്തിൽ അവർ രണ്ട് മുഖമുള്ള ഒരു മാർഗ്ഗം സ്വീകരിക്കാൻ മുതിർന്നിരിക്കുന്നു. ലോകവിപണിയിൽ കൂടുതൽ വലിയ പങ്ക് പറ്റാൻ അവർ ആഗ്രഹിക്കുന്നു. അതിന് കഴിയണമെങ്കിൽ ശക്തി വേണം. അതിനാൽ ചുരുങ്ങിയപക്ഷം ദക്ഷിണേഷ്യയുടെയും ദക്ഷിണപൂർവ്വേഷ്യയുടെയും മേഖലയിലെങ്കിലും ഒരു വൻശക്തിയായി മാറാനും അധീശത്വം ഉറപ്പിക്കാനും അവർ അഭിലഷിക്കുന്നു. സൈനികശക്തി വർദ്ധിപ്പിക്കാനും, അമേരിക്കൻ സാമ്രാജ്യത്വവുമായി അണ്വായുധകരാർ ഉൾപ്പെടെയുള്ള സൈനിക കരാറുകളിലേർപ്പെടാനുമുള്ള അവരുടെ ശ്രമം അതാണ് കാണിക്കുന്നത്. ഇൻഡ്യൻ ഭരണാധികാരികളുടെ അധീശത്വപരവും വല്യേട്ടൻ മനോഭാവത്തോടുകൂടിയതുമായ ഈ സമീപനത്തിന്റെ ചൂട് അയൽരാജ്യങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. മറുവശത്ത് ഇൻഡ്യൻ കുത്തകകൾ ലോക വിപണിയിൽ കൂടുതൽ വലിയ ഒരു പങ്ക് നേടിയെടുക്കുന്നതിനായി മറ്റ് രാജ്യങ്ങളിൽ തങ്ങളുടെ ഫിനാൻസ് മൂലധനം നിക്ഷേപിക്കാനും, ആയുധങ്ങളുൾപ്പെടെയുള്ള ചരക്കുകൾ വിറ്റഴിക്കാനും വേണ്ടി സാമ്രാജ്യത്വശക്തികളുടെ, വിശിഷ്യ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ, ഭാഗത്തുനിന്നുള്ള ആനുകൂല്യങ്ങളും സൗജന്യങ്ങളും നേടിയെടുക്കാൻ ശ്രമിക്കുന്നു. അതിനുവേണ്ടി അവർ സ്വന്തം രാജ്യത്തെ വിപണി പ്രതീക്ഷാപൂർവ്വം സാമ്രാജ്യത്വശക്തികൾക്ക് മുമ്പിൽ തുറന്നുവയ്ക്കുന്നു. ഇൻഡ്യൻ കുത്തകകൾ പ്രത്യേകിച്ചും അമേരിക്കൻ സാമ്രാജ്യത്വവുമായി സാമ്പത്തിക കരാറുകളിലും അണ്വായുധ ഉടമ്പടികളിലും മറ്റും ഏർപ്പെട്ടുകൊണ്ടോ, അവർക്ക് പല ആനുകൂല്യങ്ങളും നൽകിക്കൊണ്ടോ, അവരുടെ ഹീനപദ്ധതികൾക്കും കുതന്ത്രങ്ങൾക്കും ഒളിഞ്ഞും തെളിഞ്ഞും അരുനിന്നുകൊണ്ടോ ഒക്കെ, എങ്ങനെയും അടുപ്പം സ്ഥാപിക്കാൻ കിണഞ്ഞു പരിശ്രമിക്കുന്നതിന് പിന്നിലുള്ള രാഷ്ട്രീയസമ്മർദ്ദം അതാണ്. പ്രതിരോധമേഖലയുൾപ്പെടെയുള്ള രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥയെ എഫ്ഡിഐ വഴി അമേരിക്കൻ സാമ്രാജ്യത്വത്തിന് മുന്നിൽ തുറന്നുവയ്ക്കാൻ ഗവണ്മെന്റിനെ പ്രേരിപ്പിക്കുന്ന സമ്മർദ്ദവുമിതാണ്. മോദിയുടെ നേതൃത്വത്തിലുള്ള ബിജെപി സർക്കാർ അവരുടെ യജമാനന്മാരായ ഇൻഡ്യൻ കുത്തകകളുടെ ആജ്ഞ അനുസരിക്കുക മാത്രമാണ് ചെയ്യുന്നത്. ആ യജമാനന്മാരുടെ വർഗ്ഗപരമായ ആഗ്രഹാഭിലാഷങ്ങൾ പൂർത്തീകരിക്കാൻ വേണ്ടിയുള്ള നടപടികളാണവർ കൈക്കൊള്ളുന്നത്. മഹാനായ ലെനിന്റെ അമൂല്യപാഠങ്ങളെ അനുസ്മരിപ്പിക്കുന്നവയാണ് ഇവയെല്ലാം. അദ്ദേഹം ചൂണ്ടിക്കാട്ടി: ഒരിക്കൽ മുതലാളിത്തത്തിന് ദേശീയ സ്വഭാവമുണ്ടായിരുന്നപ്പോൾ അത് ദേശസ്നേഹത്തിൽ അഭിമാനം കൊണ്ടു. എന്നാൽ സാമ്രാജ്യത്വത്തിന്റേതായ ഈ യുഗത്തിൽ, അതായത് ഫിനാൻസ് മൂലധനത്തിന്റെ യുഗത്തിൽ, മുതലാളിത്തം സാർവ്വലൗകിക സ്വഭാവം ആർജ്ജിച്ചിരിക്കുന്നു. ഈ ഘട്ടത്തിൽ, വിദേശവിപണികളിൽ കടന്നുകയറി സ്ഥാനമുറപ്പിക്കാനായുള്ള ഫിനാൻസ് മൂലധനത്തിന്റെ ആക്രമണോത്സുകമായ സാഹസികോദ്യമങ്ങൾക്കുമുന്നിൽ ദേശീയതാല്പര്യം സൗകര്യപൂർവ്വം അടിയറവയ്ക്കപ്പെടുന്നു.

### ജനകീയ പ്രക്ഷോഭം അനിവാര്യം

ഈ നീക്കങ്ങൾ കോൺഗ്രസ്സ് ഗവണ്മെന്റ് ദീർഘകാലം മുമ്പ് ആരംഭിച്ചതാണെങ്കിലും, ജനങ്ങളുടെ ശക്തമായ എതിർപ്പ് മൂലം അവർക്കത് പൂർത്തിയാക്കാൻ കഴിഞ്ഞില്ല. ഇപ്പോൾ മോദിഗവണ്മെന്റിന് ഇത്രയും ആക്രമണോത്സുകമായ ഈ നടപടികളുമായി മുന്നോട്ടുപോകാൻ എങ്ങനെ ധൈര്യമുണ്ടായി എന്ന ചോദ്യം ഇവിടെ പ്രസക്തമാണ്. എഫ്ഡിഐക്കെതിരായ പ്രതിഷേധം ശക്തമാക്കുകയെന്നത് രാജ്യത്തെ ജനങ്ങളോട് കൂറുള്ള ജനാധിപത്യശക്തികളുടെ അടിയന്തര കർത്തവ്യമായിരുന്നു. എഫ്ഡിഐ പരിഷ്കാരങ്ങളുടെ പിന്നിലുള്ള ഗൂഢലക്ഷ്യം പുറത്തുകൊണ്ടുവന്ന് ജനങ്ങളെ ബോധവൽക്കരിക്കുകയും, മുമ്പ് സാമ്രാജ്യത്വവിരുദ്ധ സമരവേദികളിൽ ഉയർന്നിരുന്ന, വിദേശമൂലധനം കണ്ടുകെട്ടുക എന്ന ഡിമാന്റ് പുനരുജ്ജീവിപ്പിക്കുകയും ചെയ്യുകയെന്നത് മാർക്സിസ്റ്റുകളെന്നറിയപ്പെടുന്നവരും സ്വന്തം ശക്തിയെപ്പറ്റി വീമ്പുപറയുകയും ചെയ്യുന്ന പാർട്ടികൾക്കായിരുന്നു അതിന്റെ പ്രധാന ഉത്തരവാദിത്തം. പക്ഷെ, ദൗർഭാഗ്യകരമെന്ന് പറയട്ടെ, മാർക്സിസ്റ്റുകളായി അറിയപ്പെടുന്ന സിപിഐ(എം) ഉൾപ്പെടെയുള്ള ഈ പാർട്ടികൾ ഈ നീക്കത്തിനെതിരെ തീവ്രമായ പ്രത്യയശാസ്ത്ര-രാഷ്ട്രീയ പ്രക്ഷോഭം വളർത്തിയെടുക്കാൻ ശ്രമിക്കുന്നതിന് പകരം കേവലം അധരസേവയിൽ ഒതുങ്ങിനിൽക്കുകയാണ് ചെയ്യുന്നത്. കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള യുപിഎ-യുടെ ഭരണകാലത്തും അവർ ഇങ്ങനെതന്നെയാണ് പെരുമാറിയത്. പശ്ചിമബംഗാളിലെന്നതുപോലെ സിപിഐ(എം) അധികാരത്തിലിരുന്ന സംസ്ഥാനങ്ങളിലും അത്തരം അവസരങ്ങളിലും അവർ വികസനത്തിന്റെ പേരിൽ വിദേശമൂലധനത്തെ പ്രകീർത്തിക്കുന്നതിനും ക്ഷണിച്ചുവരുത്തുന്നതിനും മടികാണിച്ചിട്ടില്ല. അത്തരം ചെയ്തികൾ കോൺഗ്രസ്സിനെയും ബിജെപിയെയും പോലെയുള്ള ശക്തികൾക്ക് കരുത്ത് പകരാനേ ഉപകരിക്കൂവെന്ന് അവർക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ല. ഇപ്പോൾ, ശക്തമായ ഒരു പ്രതിഷേധവും ഫലത്തിലില്ല എന്ന് കണ്ടിട്ട് ബിജെപിയുടെ മോദി ഗവണ്മെന്റ് വേഗത്തിലും ധിക്കാരപൂർവ്വവും നിർണ്ണായകമായും തങ്ങളുടെ കർത്തവ്യം പൂർത്തീകരിക്കാൻ തുനിയുകയാണ്. അതിനാൽ ഇൻഡ്യൻ കുത്തകകൾ വിദേശമൂലധനവുമായി ചേർന്ന് ഇൻഡ്യയിലെ അദ്ധ്വാനിക്കുന്ന ജനങ്ങളുടെ മേലുള്ള ചൂഷണം കൂടുതൽ തീവ്രമാക്കുന്നതിന് വേണ്ടി ആവിഷ്കരിച്ചിരിക്കുന്ന ഈ പദ്ധതിയെ ചെറുത്തുപരാജയപ്പെടുത്താൻ വേണ്ടി സുശക്തമായ ജനാധിപത്യ ബഹുജനപ്രക്ഷോഭം വളർത്തിയെടുക്കുകയെന്നതാണ് ഇന്നത്തെ അടിയന്തരാവശ്യകത. അത്തരമൊരു സമരത്തിന് മാത്രമേ ഗവണ്മെന്റിനെ ഈ നീക്കത്തിൽനിന്ന് പിന്തിരിയാൻ നിർബ്ബന്ധിതമാക്കിത്തീർക്കാൻ കഴിയൂ.അതിന് വേണ്ടി ജനങ്ങളെ, ഈ സമ്പൂർണ്ണമായ എഫ്ഡിഐ പരിഷ്കാരങ്ങളുടെ പിന്നിലുള്ള യഥാർത്ഥ ഉന്നമെന്തെന്നതിനെപ്പറ്റി ബോധവൽക്കരിച്ച് ജനാധിപത്യസമരവേദിയിൽ അണിനിരത്താൻ ലക്ഷ്യംവച്ചു

ള്ള തീവ്രമായ പ്രത്യയശാസ്ത്രസമരം കെട്ടഴിച്ചുവിടണം. ഇന്ത്യയിലെ വിപ്ലവപ്പാർട്ടിയെന്ന നിലയിൽ എസ്‌യുസിഐ(സി) വർഗ്ഗ-ബഹുജന സമരങ്ങൾ വളർത്തിയെടുക്കാനായുള്ള അക്ഷീണപ്രയത്നത്തിന്റെ ഭാഗമായി ആ കർത്തവ്യം ഏറ്റെടുക്കുന്നു. ഈ സമരത്തിൽ അണിനിരക്കാനായി മുന്നോട്ടുവരണമെന്ന് ഞങ്ങൾ ജനാധിപത്യവിശ്വാസികളോട‌ഭ്യർത്ഥിക്കുന്നു.

■

# ദേശീയപാത വികസനം: 45 മീറ്റർ ടോൾപാത വേണ്ട

## 30 മീറ്റർ 6 വരിപ്പാത സർക്കാർ നിർമ്മിക്കുക ● ബിഒടി പദ്ധതിക്കുവേണ്ടി കുടിയൊഴിപ്പിക്കരുത്

**ദേശീയപാതകൾ പല സ്ഥലങ്ങളിലും കുണ്ടും കുഴിയുമായിക്കിടക്കുകയാണ്. പലയിടത്തും ഏഴോ എട്ടോ മീറ്റർ വീതിയിൽ ഞെരുങ്ങിയ രണ്ടുവരിപാതയേ ഉള്ളൂ. എത്തേണ്ടിടത്ത് എത്തിച്ചേരാൻ നാലിരട്ടി സമയം വേണ്ടിവരുന്നു. ജനങ്ങളും വാഹനമോടിക്കുന്നവരും സർക്കാരിന്റെ അനാസ്ഥയെ പഴിക്കുമ്പോൾ സർക്കാർ തടിയൂരുന്നത് മറ്റൊരുകാര്യം പറഞ്ഞുകൊണ്ടാണ്. റോഡ് വികസനം നടക്കണമെങ്കിൽ ജനങ്ങൾ സ്ഥലം വിട്ടുതരണം. റോഡിന്റെ ഇരുവശവും താമസിക്കുന്നവർ വികസനവിരോധികളാണ് അവർ ഭൂമിവിട്ടുതരുന്നില്ല. ഇതാണ് സർക്കാരിന്റെ വിശദീകരണം.**

റോഡുകളിലെ കുണ്ടുംകുഴിയും മൂടി വർഷാവർഷം നന്നായി ടാർ ചെയ്തിരുന്നെങ്കിൽ റോഡുകൾ ഈ വിധമാകുമായിരുന്നില്ല എന്നത് മറച്ചുവച്ചുകൊണ്ട് റോഡ് വികസനം വന്നാൽ ഈപ്രശ്നം പരിഹരിക്കുമെന്നാണ് സർക്കാർഭാഷ്യം. സർക്കാരിന്റെ കൈയിൽ പണമില്ല. അതിനാൽ ബിഒടി, പിപിപി, ഇപിസി തുടങ്ങിയ പുതിയ പദ്ധതികളിലൂടെ മുതലാളിമാരെ റോഡ് നിർമ്മിക്കാൻ ജനങ്ങൾ അനുവദിക്കണം. റോഡ് സ്വകാര്യവൽക്കരണത്തിനെതിരെയും ടോൾ പിരിവിനെതിരെയുമുള്ള സമരവും അവസാനിപ്പിച്ച് 45 മീറ്ററിൽ ഭൂമിയേറ്റെടുക്കാനുള്ള സർക്കാരിന്റെ നടപടികളോട് സഹകരിച്ചാൽ വിശാലമായ റോഡിലൂടെ ട്രാഫിക് തടസ്സമില്ലാതെ സുഖമായി സഞ്ചരിക്കാം. നിവൃത്തികേടുകൊണ്ട് ജനങ്ങൾ തന്നെ അങ്ങനെ പറയുന്ന അവസ്ഥ സൃഷ്ടിച്ചെടുക്കാനാണ് സർക്കാരിന്റെ ശ്രമം. പൊതുനിരത്തുകൾ കോർപ്പറേറ്റുകളുടെ നിയന്ത്രണത്തിലുള്ള ചുങ്കപ്പാതകളാക്കി മാറ്റുന്നതിനുവേണ്ടി 45 മീറ്റർ വീതിയിൽ സ്ഥലമേറ്റെടുക്കുവാനും, അതിനായി ജനലക്ഷങ്ങളെ നിർദ്ദയം കുടിയൊഴിപ്പിക്കാനുമുള്ള ജനദ്രോഹപദ്ധതിക്ക് ബഹുജനങ്ങളുടെ സമ്മതി നേടിയെടുക്കാനുള്ള തന്ത്രമാണിത്.

സർക്കാരിന്റെ ഈ ഹീന പദ്ധതി വിജയിച്ചാൽ പരാജയപ്പെടുന്നത് ജനങ്ങളായിരിക്കും. കേരളത്തിന്റെ വടക്കേയറ്റത്തുള്ള തലപ്പാടിമുതൽ തെക്ക് കഴക്കൂട്ടം വരെ ബിഒടി ടോൾപാതക്കെതിരെ സമരക്കമ്മിറ്റികളിൽ അണിനിരന്നിരിക്കുന്ന ജനങ്ങൾ. അതു സംഭവിച്ചുകൂടാ.

### 45 മീറ്റർ ടോൾ പാത കോർപ്പറേറ്റുകൾക്കുവേണ്ടി

അധികാരമേറ്റയുടനെ കേരളത്തിലെ ഇടതുസർക്കാർ ദേശീയപാതകൾ 45 മീറ്ററിൽ സ്ഥലം ഏറ്റെടുത്ത് വികസിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. ഇന്ത്യയെമ്പാടും 60 മീറ്ററാണ് ദേശീയപാതയ്ക്കായി ഏറ്റെടുത്തിരിക്കുന്നതെന്നും കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾക്കനുസരിച്ചാണ് 45 മീറ്ററായി ചുരുക്കുന്നതെന്നും മുഖ്യമന്ത്രിപദമേറ്റെടുത്തയുടനെ തന്നെ നടന്ന ഡൽഹിയാത്രയ്ക്കും, കേന്ദ്രമന്ത്രി നിധിൻ ഗഡ്കരിയുമായുള്ള ചർച്ചയ്ക്കും ശേഷം ശ്രീ. പിണറായി വിജയൻ പ്രഖ്യാപിക്കുകയുണ്ടായി. ഈ വിഷയത്തിൽ ഇനി ചർച്ചയേ ഇല്ലെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിൽ കഴിഞ്ഞ 10 വർഷമായി നടന്നുവരുന്ന ദേശീയപാതാസമരം ഉയർത്തുന്ന ഡിമാന്റുകളുടെ പശ്ചാത്തലത്തിൽ വേണം ദേശീയപാതാ വികസനത്തേയും മുഖ്യമന്ത്രിയുടെ പ്രസ്താവനയെയും വിലയിരുത്തുവാൻ.

### അൽപ്പം ചരിത്രം:

കഴിഞ്ഞ 60 വർഷമായി കേരളത്തിൽ ഉണ്ടായിരുന്നത് 2 വരി ദേശീയപാതയാണ്. പല സംസ്ഥാന–ജില്ലാ റോഡുകളും കോർത്തിണക്കിയാണ് ഈ റോഡുകൾ നിർമ്മിച്ചിട്ടുള്ളത്. ചിലയിടങ്ങളിൽ ഇത് നാലുവരിയായി വികസിപ്പിച്ചെങ്കിലും ഭൂരിഭാഗം സ്ഥലങ്ങളിലും 7 മീറ്റർ മുതൽ 9 മീറ്റർ വരെ സ്ഥലം ഉപയോഗിച്ച് കേന്ദ്ര ഉപരിതലഗതാഗത വകുപ്പ് നിർമ്മിച്ച ദേശീയപാതയാണ് 70% വും ഇപ്പോഴുമുള്ളത്. വളവ് തീർത്തും പാലങ്ങൾ പുതുക്കി നിർമ്മിച്ചും ചില്ലറപോരായ്മകൾ പരിഹരിച്ചും റോഡിൽ നടത്തിയ അറ്റകുറ്റപ്പണികൾ അല്ലാതെ ഇക്കഴിഞ്ഞ നാളുകളിൽ സമഗ്രമായൊരു റോഡ് വികസനപദ്ധതി നടപ്പിലാക്കാൻ കേന്ദ്ര–സംസ്ഥാന സർക്കാരുകൾ തയ്യാറായിട്ടില്ല. മറിച്ച്, കുണ്ടും കുഴിയും വളവുകളും നിറഞ്ഞ ദേശീയപാതകൾ കേരളത്തിന് ശാപമായി ഭവിച്ചു.

ഏതാണ്ട് 40 വർഷങ്ങൾക്ക് മുമ്പാണ് എൻഎച്ച് 47–ൽ പലയിടങ്ങളിലും 30.5 മീറ്റർ സ്ഥലം ദേശീയപാത വികസനത്തിനായി ഏറ്റെടുത്തത്. 45 മീറ്റർ ഏറ്റെടുത്ത സ്ഥലങ്ങളിൽ പോലും 14 മീറ്റർ ഉപയോഗിച്ച് 4 വരിപ്പാതയേ നിർമ്മിച്ചിട്ടുള്ളൂ. എൻഎച്ച് 17 ൽ ഇടപ്പള്ളിമുതൽ തലപ്പാടിവരെ പലയിടങ്ങളിലും 30 മീറ്റർ ഭൂമി ഏറ്റെടുത്തിട്ടും ഇതിൽ 10% പോലും ഇതുവരെ ഉപയോഗപ്പെടുത്തിയിട്ടില്ല.

ഏതാണ്ട് 40 വർഷങ്ങൾക്ക് മുമ്പാണ് എൻഎച്ച് 47–ൽ പലയിടങ്ങളിലും 30.5 മീറ്റർ സ്ഥലം ദേശീയപാത വീതികൂട്ടുന്നതിനായി ഏറ്റെടുത്തത്. എൻഎച്ച് 17 നുവേണ്ടി അതിനുശേഷം ഇടപ്പള്ളി മുതൽ തലപ്പാടി വരെ പലയിടങ്ങളിലും 30 മീറ്റർ ഭൂമിയും ഏറ്റെടുത്തു. ചില ബൈപ്പാസുകൾ നിർമ്മിക്കാനായി 45 മീറ്റർ സ്ഥലം ജനസാന്ദ്രത കുറഞ്ഞ സ്ഥലങ്ങളിലും ഏറ്റെടുത്തു. പക്ഷേ 45 മീറ്റർ ഏറ്റെടുത്ത സ്ഥലങ്ങളിൽപ്പോലും കേവലം 14 മീറ്റർ ഉപയോഗിച്ച് 4 വരിപ്പാതയേ നിർമ്മിച്ചിട്ടുള്ളൂ. എൻഎച്ച് 17 ൽ ഇടപ്പള്ളി മുതൽ തലപ്പാടിവരെ പലയിടങ്ങളിലും 30 മീറ്റർ ഭൂമി ഏറ്റെടുത്തിട്ടും ഇതിൽ 10% പോലും ഇതുവരെ ഉപയോഗപ്പെടുത്തിയിട്ടില്ല.

### സർക്കാരിന്റെ പുതിയ ജനദ്രോഹ ബിഒടി, പിപിപി, ഇപിസി പദ്ധതികൾ

അരൂരും പാലിയേക്കരയിലും ടോൾപിരിവ് തകൃതിയായി നടക്കുകയാണ്. ബിഒടി പാതയെന്നത് 30 വർഷത്തേക്ക് ബിൽഡ്, ഓപ്പറേറ്റ് & ട്രാൻസ്ഫർ (നിർമ്മിക്കുക, പരിപാലിക്കുക, തിരിച്ചുനൽകുക) എന്ന വ്യവസ്ഥയിൽ ഉള്ള പദ്ധതിയാണ്. നിർമ്മാണ ചെലവിന്റെ 40% സർക്കാർ ഗ്രാന്റ് കൊടുക്കണം. ചെലവു പെരുപ്പിച്ച് കാണിച്ച് ഗ്രാന്റ് കൊണ്ടുമാത്രം റോഡു നിർമ്മിക്കാൻ കഴിയുന്ന തന്ത്രവും ഇതിലുണ്ട്. ഇതിൻ പ്രകാരം 30 വർഷത്തോളം വർഷാവർഷം ടോൾ വർദ്ധിപ്പിച്ച്, ആവശ്യമെങ്കിൽ നഷ്ടക്കണക്ക് കാണിച്ച് 30–ൽ അധികം വർഷക്കാലം, സ്വകാര്യ ഏജൻസിയോ എംഎൻസിയോ റോഡ് കയ്യടക്കിവച്ച് ടോൾപിരിക്കും. പിപിപി എന്ന മറ്റൊരു പദ്ധതിയും സർക്കാരിനുണ്ട്(പബ്ലിക്–പ്രൈവറ്റ്–പാർട്ടിസിപ്പേഷൻ). ഇതിൽ സർക്കാരിന്റെയും സ്വകാര്യ മുതലാളിമാരുടെയും മൂലധനം ഒത്തുചേർന്നിരിക്കുന്നു. പണം മുടക്കുന്ന മുതലാളിക്ക് കാലാകാലം ലാഭമടിക്കാം. റോഡിന്റെ മേലുള്ള മുതലാളിമാരുടെ ഓഹരി തിരിച്ചു നൽകേണ്ടതില്ല.

മറ്റൊന്നാണ് പുതിയ എഞ്ചിനീയറിംഗ് പ്രോക്യൂർമെന്റ് കൺസ്ട്രക്ഷൻ(ഇപിസി) പദ്ധതി. പ്രത്യക്ഷത്തിൽ ഇത് സ്വകാര്യവൽക്കരണമാണെന്ന് മനസ്സിലാവില്ല. നാഷണൽ ഹൈവേ അതോറിട്ടി ഓഫ് ഇന്ത്യയുടെ പേരിലാണ് ഈ കബളിപ്പിക്കൽ. ഒരു പദ്ധതിയുടെ പൂർണ്ണമായ എഞ്ചിനീയറിംഗും ഡിസൈനും നിർമ്മാണവും സർക്കാരിനുവേണ്ടി ഏതെങ്കിലും ഒരു ഇപിസി കോൺട്രാക്ടർ നിർവ്വഹിക്കും. അത് സർക്കാരിന് കൈമാറുകയും ചെയ്യും. ബിഒടിയിലും പിപിപിയിലും ചെയ്യുന്നതുപോലെ സർക്കാർതന്നെ ഏതെങ്കിലും സ്വകാര്യ ഏജൻസിവഴി ഭീമമായ ടോൾ പിരിച്ചെടുക്കുകയും ചെയ്യും. ടോൾ പിരിവ് നന്നായി നടത്താനും, ദേശീയപാതയോരങ്ങളിലുള്ള അധികമുള്ള സ്ഥലം സ്വന്തം അധീനതയിൽവച്ച് റോഡ് അനുബന്ധവ്യവസായങ്ങളും പ്ലാസകളും സ്ഥാപിക്കാനും, പരസ്യ ബോർഡുകൾക്കുവരെ ഫീസ് ഏർപ്പെടുത്താനും, ടോൾ കമ്പനികൾക്ക് അവസരം നൽകുവാൻ വേണ്ടി മാത്രമാണ് 45 മീറ്റർ സ്ഥലമേറ്റെടുക്കണമെന്ന പിടിവാശി. എന്തെന്നാൽ 30 മീറ്റർ സ്ഥലമെടുത്താലും 45 മീറ്റർ സ്ഥലമെടുത്താലും അതിൽ 4 വരി ടാർ റോഡിന് വേണ്ടി 14 മീറ്റർ സ്ഥലം മാത്രമേ ഉപയോഗിക്കുന്നുള്ളൂ.

സർവ്വീസ് റോഡ് നിർമ്മിക്കാനാണ് അധികം സ്ഥലം എന്നതും ശരിയല്ല. ചെറു റോഡുകളിൽ നിന്നും വരുന്ന വാഹനങ്ങളെ ടോൾ ബൂത്തുകളിലേക്ക് എത്തിക്കുവാനുദ്ദേശിച്ചുകൊണ്ടാണ് പ്രധാനമായും സർവ്വീസ് റോഡ് നിർമ്മിക്കുന്നത്. ടോൾപാതകളിലൊന്നും സർവ്വീസ് റോഡുകൾക്ക് പാലം നിർമ്മിച്ചിട്ടില്ല. ജനങ്ങൾ ചുങ്കം കൊടുക്കാതെ കാലങ്ങളായി ഉപയോഗിച്ചിരുന്ന പാത അവർക്ക് ഫലത്തിൽ നിഷേധിച്ചിരിക്കുകയാണ്. അത് ഉപയോഗയോഗ്യമല്ലാതാക്കിത്തീർത്തിരിക്കുന്നു. ഇതിലൊന്നും സർക്കാരിന്റെ കാര്യമായ ഇടപെടലില്ല.

ലക്ഷക്കണക്കിന് എഞ്ചിനീയർമാരും മറ്റു സാങ്കേതികവിദഗ്ധരും തൊഴിലില്ലാതലയുന്ന ഈ നാട്ടിൽ കേന്ദ്ര–സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിൽ ഇവർക്ക് ജോലി നൽകാനുള്ള ബാദ്ധ്യതയിൽനിന്നും ഒഴിഞ്ഞുമാറുവാനും സ്വകാര്യമാനേജുമെന്റുകളുടെ കൊടിയചൂഷണത്തിനും ദയാദാക്ഷിണ്യത്തിനും യുവാക്കളെ എറിഞ്ഞുകൊടുക്കുവാനുമേ ഈ നടപടികളെല്ലാം ഉപകരിക്കൂ. അഴിമതിക്കാരായ ഉദ്യോഗസ്ഥപ്രമാണിമാരുടെയും ജനപ്രതിനിധികളുടെയും പോക്കറ്റിൽ ധാരാളം പണം കുമിഞ്ഞുകൂടുന്ന ഏർപ്പാടുമാണിത്. സർക്കാരിന്റെ വരുമാനത്തിൽ കാര്യമായ വർദ്ധനവും ഇത് ഉണ്ടാക്കില്ല. പണപ്പിരിവ് നടത്തുന്ന കമ്പനി നൽകുന്ന കണക്ക് സ്വീകരിച്ച് ഒരു നക്കാപ്പിച്ച സർക്കാരിന് കൈപ്പറ്റാം. അനുദിനം വർദ്ധിക്കുന്ന ഭീകരമായ ടോൾ എന്ന കെടുതിയായിരിക്കും ജനങ്ങൾക്ക് അനുഭവിക്കേണ്ടിവരിക.

അഖിലേന്ത്യാതലത്തിൽ ദേശീയപാതയിൽ 104 ടോൾ ബൂത്തുകളിൽ സർക്കാർ നേരിട്ടോ, മറ്റ് കോൺട്രാക്ടർമാർ വഴിയോ 94 ടോൾ കേന്ദ്രങ്ങളിൽ വിവിധ ബിഒടി അല്ലെങ്കിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾസ് (എസ്പിവി) എന്ന പ്രത്യേക പദ്ധതി ഉപയോഗപ്പെടുത്തി സ്വകാര്യമുതലാളിമാരോ ആണ് ടോൾ പിരിക്കുന്നത്. സർക്കാർ പിരിച്ചാലും സ്വകാര്യകമ്പനി പിരിച്ചാലും ടോൾ ഒരേപോലെ ഭീകരമാണ് എന്നതാണ് വസ്തുതകൾ.

### ടോൾ എന്ന കൊള്ളയ്ക്കും അഴിമതിക്കും വേണ്ടിയുള്ള വികസനം

ഓരോ 60 കിലോമീറ്റർ കൂടുമ്പോഴും ടോൾബൂത്തുകൾ സ്ഥാപിക്കും. ടോൾബൂത്തിലൂടെ ഒരു കിലോമീറ്റർ ദൂരം കടന്നുപോയാലും 60 കിലോമീറ്ററിന്റെ പണം നൽകേണ്ടിവരും. 2011–ലെ സർക്കാർ ഉത്തരവുപ്രകാരം ഓരോ ഇനം വാഹനവും ഒരു വഴിക്ക് ഒരു കിലോമീറ്റർ സഞ്ചരിക്കുമ്പോൾ നൽകേണ്ട ടോൾ നിരക്കും (രൂപ) 5 കൊല്ലം കൊണ്ട് അതിന് വന്ന വർദ്ധനവും (ബ്രാക്കറ്റിൽ) താഴെക്കൊടുക്കുന്നു:

**എൽഎംവി – 0.65 (1.45), ചെറിയലോറികൾ, മിനി ബസ്–1.05 (2.25), ബസ്, ലോറി –2.20(4.65), ഉൽപ്പാദന/നിർമ്മാണയന്ത്രങ്ങൾ–3.45 (7.25).** *(2011–ലെ സർക്കാർ ടോൾ വിജ്ഞാപനവും 2016 ഏപ്രിലിൽ തെലുങ്കാനയിൽ 31 കിലോമീറ്റർ നീളമുള്ള റോഡിൽ ടോൾ പിരിക്കുന്ന ഗഞ്ചം ജില്ലയിലെ കഡ്തൽ–അർമുർ റേഞ്ചിൽ 2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെ ടോൾപിരിക്കാൻ നൽകിയ അനുമതിപത്രത്തിന്റേയും താരതമ്യത്തിലൂടെ കണ്ടെത്തിയത്. (രണ്ടുരേഖയും നാഷണൽ ഹൈവേ അതോറിട്ടി ഓഫ് ഇന്ത്യയുടെ വെബ്സൈറ്റിൽ ലഭ്യമാണ്).*

ഓരോ വർഷവും ഈ രീതിയിലുള്ള ടോൾ വർദ്ധനവാകും ഫലം. കേരളത്തിലൂടെ കടന്നുപോകുന്ന എൻഎച്ച് 66, എൻഎച്ച് 544, എൻഎച്ച് 47(എ), എൻഎച്ച് 47(സി), എൻഎച്ച് 49, എൻഎച്ച് 212, എൻഎച്ച് 213, എൻഎച്ച് 208, എൻഎച്ച് 220 എന്നീ 7 ദേശീയപാതകൾക്ക് ആകെ 1457 കിലോമീറ്റർ ദൈർഘ്യമുണ്ട്. 60 കിലോമീറ്ററുകൾക്കിടയിലാണ് ശരാശരി ടോൾബൂത്തുകൾ സ്ഥാപിക്കുന്നതെങ്കിൽ കേരളത്തിൽ 25 ടോൾബൂത്തുകൾ ഉണ്ടാകും. കാസർഗോഡ് തലപ്പാടിയിൽനിന്നും ഒരു കാർ തിരുവനന്തപുരത്തെത്തുമ്പോൾ 600 കിലോമീറ്ററിന് ഒരു ദിശയിലേയ്ക്ക് ഏതാണ്ട് 750 രൂപ ടോൾ നൽകേണ്ടിവരും. വാളയാറിൽ നിന്ന് കൊച്ചിവരെയുള്ള 155 കിലോമീറ്റർ ഒരു സാധാരണ ലോറി ചരക്കിറക്കി തിരിച്ചുപോകുമ്പോൾ 2016ലെ നിരക്കനുസരിച്ചാണെങ്കിൽ 1440 രൂപ ടോൾ നൽകണം. അത് നിത്യോപയോഗ സാധാനങ്ങളുടെ വിലയിൽ പ്രതിഫലിക്കും. ഇക്കാര്യങ്ങൾ ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ സാധാരണക്കാരന്റെ ജീവിത ബജറ്റ് അപ്പാടെ തകിടം മറിക്കുമെന്നത് സുവ്യക്തമാണ്.

ബിഒടി പദ്ധതിപ്രകാരം കേരളത്തിൽ ആദ്യമായി പിരിവ് തുടങ്ങിയത് ഗാമൺ കമ്പനി നിർമ്മിച്ച മട്ടാഞ്ചേരിപ്പാലത്തിനാണ്. അക്കാലത്തെ എൽഡിഎഫ് ഗവൺമെന്റാണത് തുടങ്ങിവച്ചത്. ഭീമമായ ടോൾപിരിവ് 13 വർഷവും നടത്തിക്കഴിഞ്ഞും നൂറുകണക്കിന് കോടിരൂപ ലാഭമടിച്ചതിനുംശേഷം 3 വർഷംകൂടി ടോൾപിരിവ് നടത്താൻ സർക്കാരിൽനിന്ന് ഗാമൺ അനുമതി നേടി. ആ പകൽക്കൊള്ളയ്ക്കെതിരെ രൂപീകരിക്കപ്പെട്ട ജനകീയ സമരസമിതി ശരിയായ സ്ഥിതിവിവരക്കണക്കുകൾ നിരത്തി, കമ്പനിക്ക് നഷ്ടമില്ലെന്നും ഭീമമായി ലാഭം ഉണ്ടാക്കിയെന്നും സമർത്ഥിച്ചുക്കൊണ്ട് നടത്തിയ നിയമയുദ്ധത്തിലൂടെയാണ് അവിടെ ടോൾ അവസാനിപ്പിച്ചത്. പാലിയേക്കരയിലെ ടോൾബൂത്തും 5 വർഷംകൊണ്ടുതന്നെ മുതലും ലാഭവും നേടിക്കഴിഞ്ഞു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇനിയും ഓരോ വർഷവും പുതുക്കിയ (ഉയർത്തിയ) ടോൾചാർജ്ജ് നിലവിൽവരും. ടോൾപിരിക്കുന്ന കമ്പനികൾ വിലനിലവാരസൂചികയ്ക്കനുസരിച്ച് നൽകുന്ന നിർദ്ദേശങ്ങൾ എൻഎച്ച്എഐ അനുവദിച്ചു നൽകും. അല്ലെങ്കിൽ കരാറുകാർക്ക് കോടതിയെ സമീപിക്കാം. ഇതാണ് കരാറുകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥ. കേരളത്തിൽ വാളയാർ, വല്ലാർപാടം, തലപ്പാടി എന്നിവിടങ്ങളിൽ സമാനമായ ടോൾബൂത്തുകൾ സ്ഥാപിക്കുവാൻ തുടങ്ങിയിട്ടുണ്ട്.

### പുതിയ ദേശീയപാത വികസനപദ്ധതികളെല്ലാം സ്വകാര്യവൽക്കരണത്തിന്

ജനക്ഷേമപദ്ധതികളിൽനിന്നുള്ള സർക്കാരിന്റെ പിന്മാറ്റം ലക്ഷ്യമാക്കിക്കൊണ്ടാണ് പുതിയ റോഡ് വികസനപദ്ധതികളെല്ലാം മുന്നേറുന്നത്. 2021 – നകം പിഡബ്ല്യൂഡിയെയും സർക്കാരിന്റെ പൊതുമരാമത്ത് പ്രവർത്തനങ്ങളുമെല്ലാം സർക്കാരിന്റെ ഉത്തരവാദിത്വത്തിൽനിന്ന് അടർത്തിമാറ്റുകയെന്ന

(ശേഷം 6–ാം പേജിൽ)

# ജിഷ

# പീപ്പിൾസ് വോയ്സിന്റെ ആഭിമുഖ്യത്തിൽ രാപകൽ സമരവും ബഹുജനസംഗമവും

## എഐഡിഎസ്ഒയുടെ ഐക്യദാർഢ്യം




എറണാകുളം ലോ കോളേജിനുമുന്നിൽ നടന്ന രാപകൽ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് എഐഡിഎസ്ഒ നടത്തിയ പ്രകടനം

ജിഷയുടെ ഘാതകരെ അറസ്റ്റുചെയ്യുക, ഇനി ഒരു ജിഷ ആവർത്തിക്കപ്പെടരുത് തുടങ്ങിയ ഡിമാന്റുകൾ ഉയർത്തിക്കൊണ്ട് എറണാകുളം ലോകോളേജിനുമുന്നിൽ ജിഷയുടെ സഹപാഠികളും ലോകോളേജ് വിദ്യാർത്ഥികളും പൂർവ്വവിദ്യാർത്ഥികളുമൊക്കെ ചേർന്ന് 'പീപ്പിൾസ് വോയ്സ്' എന്ന സംഘടനരൂപീകരിച്ച് നടത്തിവന്ന രാപകൽ സമരപന്തലിലേയ്ക്ക് എഐഡിഎസ്ഒ പ്രവർത്തകർ ഐക്യദാർഢ്യപ്രകടനം നടത്തി. ലോകോളേജിനുമുന്നിൽ തുടർന്ന് നടന്ന യോഗം എഐഡിഎസ്ഒ സംസ്ഥാനപ്രസിഡന്റ് അഡ്വ.ഇ.എൻ.ശാന്തിരാജ് ഉദ്ഘാടനം ചെയ്തു. "സമൂഹമനഃസാക്ഷിയെ നടുക്കിയ ഈ വിഷയം തേച്ചുമാച്ചുകളയാനുള്ള ഗൂഢശ്രമങ്ങളെ പരാജയപ്പെടുത്തിയ സുമനസ്സുകളുടെ ഈ കൂട്ടായ്മ തുടർന്നും നിലനിൽക്കണമെന്നും ഇനിയൊരു ജിഷ ആവർത്തിക്കപ്പെടാതിരിക്കണമെങ്കിൽ ജീർണ്ണിച്ച സാമൂഹ്യസാഹചര്യങ്ങളെ സമൂലമായി മാറ്റാനുള്ള ഉത്തരവാദിത്തമേറ്റെടുക്കാൻ യുവാക്കളും വിദ്യാർത്ഥികളും മുന്നോട്ടുവരേണ്ടതുണ്ടെന്നും" അവർ പറഞ്ഞു. എഐഡിഎസ്ഒ സംസ്ഥാനസെക്രട്ടേറിയറ്റംഗം കെ.പി. സാൽവിൻ അദ്ധ്യക്ഷത വഹിച്ചു. എഐഡിഎസ്ഒ നേതാക്കളായ വി.ഡി.സന്തോഷ്, എം.കെ.ഷഹസാദ്, എസ്.അലീന, അഡ്വ. ആർ. അപർണ്ണ, രശ്മി രവി, നിഖിൽ സജി തോമസ് തുടങ്ങിയവർ പ്രസംഗിച്ചു. ഐക്യദാർഢ്യത്തിന് നന്ദിപറഞ്ഞുകൊണ്ട് പീപ്പിൾസ് വോയ്സ് പ്രസിഡന്റ് ശ്രീകുമാർ കാവിൽ, സെക്രട്ടറി അനൂപ് ആന്റണി, സപ്ന ഫാത്തിമ തുടങ്ങിയവർ പ്രസംഗിച്ചു.

പീപ്പിൾസ് വോയ്സിന്റെ നേതൃത്വത്തിൽ 49 ദിവസം നീണ്ട രാപകൽസമരത്തെ പത്രമാദ്ധ്യമങ്ങൾ കാര്യമായി പരിഗണിച്ചില്ലെങ്കിലും ആയിരക്കണക്കിന് സാധാരണജനങ്ങൾ പന്തലിലെത്തി കൂട്ടായ്മയ്ക്ക് പിന്തുണയും സഹായങ്ങളും നൽകി. മന്ത്രി തോമസ് ഐസക് ഉൾപ്പെടെയുള്ള സാമൂഹ്യസാംസ്കാരിക രംഗങ്ങളിലെ പ്രമുഖരും പിന്തുണയുമായി എത്തിയവരിൽപ്പെടുന്നു. ലോ കോളേജിലെ പൂർവ്വവിദ്യാർത്ഥിനിയും എഐഡിഎസ്ഒ സംസ്ഥാനപ്രസിഡന്റുമായ അഡ്വ.ഇ.എൻ.ശാന്തിരാജിന്റെ നേതൃത്വത്തിൽ എഐഡിഎസ്ഒ സമരത്തിന് ഒപ്പം ചേർന്നിരുന്നു.

ജൂൺ 13 ന് സമരപന്തലിൽ ചേർന്ന ബഹുജന സംഗമത്തോടെ സമരം മറ്റൊരു ഘട്ടത്തിലേയ്ക്ക് കടന്നു. 'പ്രതിയല്ല, പ്രതിവിധിയാണ് വേണ്ടത്' എന്ന മുദ്രാവാക്യമുയർത്തി സംഘടിപ്പിക്കപ്പെട്ട ബഹുജനസംഗമം പ്രൊഫ. കെ.അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്തു. പീപ്പിൾസ് വോയ്സിന്റെ പ്രസിഡന്റ് ശ്രീകുമാർ കാവിൽ അദ്ധ്യക്ഷതവഹിച്ച സംഗമത്തിൽ മുഖ്യാതിഥിയായി പ്രൊഫ. എം.കെ.സാനു പങ്കെടുത്തു. അഡ്വ.എ.ജയശങ്കർ മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് തകഴി ജയചന്ദ്രൻ അവതരിപ്പിച്ച ഏകാംഗനാടകം ഹൃദയസ്പർശിയായ അനുഭവമായി മാറി. പ്രമുഖ മാധ്യമപ്രവർത്തകൻ സാഹിൻ ആന്റണി, എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടേറിയറ്റംഗം പി.എം.ദിനേശൻ, ഇടപ്പള്ളി ബഷീർ, ടി.സി.സുബ്രഹ്മണ്യൻ, ഡോ.അനിൽകുമാർ, അഡ്വ. ഇ.എൻ.ശാന്തിരാജ്, എഐഡിയുവൈ ജില്ലാസെക്രട്ടറി കെ.ഒ.സുധീർ, പീപ്പിൾസ് വോയ്സ് നേതാക്കളായ നിഥിൻ ജോൺസൺ, അംജേഷ്, വരദ സുരേന്ദ്രൻ, സപ്ന ഫാത്തിമ, അഖിൽ സോമൻ, രേഷ്മ മോഹൻദാസ്, മിഥുൻ, ശ്യാം, ബിനീത ബാബു, ടിന്റുമോഹൻ, എഐഡിഎസ്ഒ സംസ്ഥാന നേതാക്കളായ കെ.പി.സാൽവിൻ, എം.കെ.ഷഹസാദ്, അഡ്വ.ആർ.അപർണ്ണ തുടങ്ങിയവരും പ്രസംഗിച്ചു. കുഞ്ഞുമുഹമ്മദിന്റെ ഗസൽ അവതരണം ഉൾപ്പെടെ ശ്രദ്ധേയമായ പരിപാടികളോടെ നടന്ന ബഹുജനസംഗമത്തോടെ സമരത്തിന്റെ ഒന്നാംഘട്ടം അവസാനിച്ചു. ജൂലൈ 15 ന് എറണാകുളത്ത് പീപ്പിൾസ് വോയ്സിന്റെ ആഭിമുഖ്യത്തിൽ 'ജെ.എസ്.വർമ്മാകമ്മീഷൻ റിപ്പോർട്ട്: പഠനവും അവലോകനവും' എന്ന പരിപാടി സംഘടിപ്പിക്കും. എഐഎംഎസ്എസ് സംസ്ഥാന സെക്രട്ടറി ഷൈല കെ. ജോൺ വിഷയാവതരണം നടത്തും. പ്രമുഖ നിയമജ്ഞർ പരിപാടിയിൽ പങ്കെടുക്കും.



ബഹുജനസംഗമത്തിൽ മുഖ്യാതിഥിയായ പ്രൊഫ.എം.കെ.സാനു പ്രസംഗിക്കുന്നു

ജിഷയുടെ കൊലപാതകത്തിനുപിന്നിലെ മുഴുവൻ വസ്തുതകളും പുറത്തുകൊണ്ടുവരുന്നതുവരെയും സമരം തുടരുമെന്ന് പീപ്പിൾസ് വോയ്സ് ഭാരവാഹികൾ പറഞ്ഞു. കൊലപാതകവുമായി ബന്ധപ്പെട്ട തെളിവുകൾ നശിപ്പിക്കാൻ കൂട്ടുനിന്നവരെയും പ്രതികളാക്കേണ്ടത് ഭാവിയിൽ ഇത്തരം കുറ്റങ്ങൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമാണെന്നും അവർ ചൂണ്ടിക്കാണിച്ചു. ■




ബഹുജനസംഗമം പ്രൊഫ.കെ.അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്യുന്നു. ഡോ. അനിൽകുമാർ,അഡ്വ. എ.ജയശങ്കർ, കെ.ഒ.സുധീർ, പി.എം.ദിനേശൻ, ഇടപ്പള്ളി ബഷീർ തുടങ്ങിയവർ മുൻനിരയിൽ

## ദേശീയപാത വികസനം: 45 മീറ്റർ ടോൾപാത വേണ്ട..

*(5-ാം പേജിൽ നിന്ന്)*

താണ് 2009-ൽ കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച വിഷൻ 2021 എന്ന പദ്ധതിയുടെ ലക്ഷ്യം. അതാണ് ഇപ്പോൾ മോദി സർക്കാരും പിന്തുടരുന്നത്. ലക്ഷക്കണക്കിന് കോടിരൂപ റോഡിൽനിന്നും ഇന്ധനനികുതി, റോഡ് നികുതി, പെർമിറ്റ്, പിഴകൾ, മറ്റ് ഫീസുകൾ ഇങ്ങനെയെല്ലാം സർക്കാർ പിരിച്ചെടുക്കുന്നുണ്ട്. വാഹനങ്ങളുടെ എണ്ണം നിരന്തരമായി വർദ്ധിക്കുന്ന ഈ രാജ്യത്ത് വാഹനങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ പിരിച്ചെടുക്കുന്ന പണവും അതിൽ റോഡിനുവേണ്ടി മുടക്കുന്ന തുകയും സംബന്ധിച്ച് ഒരു ധവളപത്രമിറക്കാൻ സർക്കാർ തയ്യാറാവണം. റോഡ് വികസനത്തിന് ഫണ്ടില്ല എന്ന് മാറി മാറി വരുന്ന സർക്കാരുകൾ ആവർത്തിച്ച് നടത്തിക്കൊണ്ടിരിക്കുന്ന പ്രചാരണം വസ്തുതാവിരുദ്ധമാണെന്ന് അപ്പോൾ വ്യക്തമാകും.

**റോഡ് വികസനവും കുടിയൊഴിപ്പിക്കലും**

മൂലമ്പിള്ളിയിൽ 2008 ഫെബ്രുവരി 6 ന് നടന്ന കുടിയൊഴിപ്പിക്കൽ ജനങ്ങളെ സംബന്ധിച്ച് ഒരു വലിയപാഠമാണ്. 316 കുടുംബങ്ങളാണ് അന്ന് കുടിയൊഴിപ്പിക്കപ്പെട്ടത്. അതിൽ 38 കുടുംബങ്ങൾ മാത്രമേ ഇപ്പോൾ വീണ്ടും വീട് വച്ച് താമസമായുള്ളൂ. ബാക്കിയുള്ളവർ ഇപ്പോഴും വാടകവീട്ടിലോ ടാർപോളിൻ ഷെഡുകളിലോ കഴിയുന്നു. കുടിയൊഴിപ്പിക്കുന്ന സർക്കാരുകൾക്കൊന്നും മതിയായ പുനരധിവാസത്തിനോ നഷ്ടപരിഹാരത്തിനോ പദ്ധതിയില്ലെന്നതിന്റെ ഉത്തമസാക്ഷ്യമാണിത്.

ദേശീയപാത 66 (മുൻ എൻഎച്ച് 47-ന്റെ ഇടപ്പള്ളി മുതൽ കന്യാകുമാരി വരെയും എൻച്ച് 17-ന്റെ ഇടപ്പള്ളി മുതൽ പനവേൽ വരെയുമുള്ള ഭാഗവും ചേർന്ന് ഇപ്പോൾ എൻഎച്ച് 66 ആയാണ് നോട്ടിഫൈ ചെയ്തിരിക്കുന്നത്) ന്റെ കേരളത്തിലുള്ള വീതി 45 മീറ്ററാക്കി മാറ്റിയാൽ കേരളത്തിലെ 670 കിലോമീറ്ററിൽ ഒന്നരലക്ഷത്തിലധികം കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടിവരുമെന്നാണ് അനൗദ്യോഗികമായ കണക്ക്. ഇതിൽ വീടുകളും ചെറുകിട വ്യാപാരസ്ഥാപനങ്ങളും വ്യവസായങ്ങളുമൊക്കെയുണ്ട്. ഇത്രയുമധികം ആളുകളെ കുടിയൊഴിപ്പിക്കേണ്ടിവന്നാൽ ഇന്ത്യകണ്ട ഏറ്റവും വലിയ കുടിയൊഴിപ്പിക്കലാകുമത്. മറ്റേതെങ്കിലും സംസ്ഥാനത്താണ് ഇത്രയും നീളത്തിൽ റോഡിന് വീതി കൂട്ടുന്നതെങ്കിൽ ഇതിന്റെ പത്തിലൊന്നു മാത്രം കുടിയൊഴിപ്പിക്കൽ മതിയാകും (കേരളത്തിന്റെ ജനസാന്ദ്രത 2011-ന്റെ കണക്കുപ്രകാരം ചതുരശ്രകിലോമീറ്ററിൽ 860 ആണ്). കേരളത്തിൽ ദേശീയപാതയോരത്താകട്ടെ ശരാശരി ജനസാന്ദ്രത ഏതാണ്ട് 1200 നും 2000 നും ഇടയിലാണ്. മറ്റ് സംസ്ഥാനങ്ങളിൽ അത് ഏറിയാൽ 150 മുതൽ 300 വരെ മാത്രമാണ്. അപ്പോൾ മറ്റ് സംസ്ഥാനങ്ങളിൽ ദേശീയപാത വീതികൂട്ടുന്ന അതേ രീതിയിൽ കേരളത്തിൽ കഴിയില്ലതന്നെ.

ഇതേ പ്രശ്നം നേരിട്ട ഗോവ സർക്കാർ 30 മീറ്ററിൽ 6 വരിപ്പാത നിർമ്മിച്ചുകൊണ്ട് കുടിയൊഴിപ്പിക്കൽ ഒഴിവാക്കി. കേരളത്തിൽത്തന്നെ നിലവിലുണ്ടായിരുന്ന കരമന -കളിയിക്കാവിള റോഡിൽ 30 മീറ്ററിൽ 6 വരിപ്പാത നിർമ്മിച്ചിട്ടുണ്ട്. എന്നിട്ടും 45 മീറ്ററിൽ ചർച്ചയേതുമില്ലാതെ ഭൂമിയേറ്റെടുത്ത് 4 വരിപ്പാത പണിയുമെന്ന് പറയുമ്പോൾ വസ്തുനിഷ്ഠ യാഥാർത്ഥ്യങ്ങളെ മുഖ്യമന്ത്രി നിരാകരിക്കുന്നു എന്നേ പറയാൻ കഴിയൂ. 316 കുടുംബങ്ങൾക്ക് മൂലമ്പിള്ളിയിൽ പുനരധിവാസം നൽകാതെ വീട് ഇടിച്ചുനീക്കി കുടിയൊഴിപ്പിച്ചതിന്റെ ഭവിഷ്യത്ത് കഴിഞ്ഞ എൽഡിഎഫ് സർക്കാർ അറിഞ്ഞതാണ്. അതുകൊണ്ടുതന്നെയാണ് ഇനി ഏതൊരു വികസനപരിപാടിക്കും ഭൂമിയേറ്റെടുക്കുന്നതിന് മുൻപ് കുടിയിറക്കുന്നവരെ മുൻകൂറായി പുനരധിവസിപ്പിക്കണമെന്നുള്ള മുദ്രാവാക്യം കേരളമാകെ മുഴങ്ങുന്നതും.

**പൊതുനിരത്തുകളുടെ സ്വകാര്യവൽക്കരണത്തിനും കുടിയൊഴിപ്പിക്കലിനുമെതിരെ ജനകീയ സമരത്തിൽ അണിചേരുക**

30 മീറ്ററിൽ ആറുവരിപ്പാത നിർമ്മിക്കുവാനായി സർക്കാരിന് ഭൂമി വിട്ടുനൽകുവാൻ കേരളത്തിൽ ടോൾപാതയ്ക്കും കുടിയൊഴിപ്പിക്കലിനുമെതിരായി സമരം ചെയ്യുന്നവർ തയ്യാറാണ്. എന്നാൽ ടോൾപാതയ്ക്കായി 45 മീറ്റർ ഭൂമി വിട്ടുനൽകുവാൻ തയ്യാറല്ലെന്ന് ശക്തമായി പ്രഖ്യാപിച്ചുകൊണ്ട് കേരളമെമ്പാടും സമരക്കമ്മിറ്റികളിൽ സംഘടിതരായി ജനങ്ങൾ അണിനിരന്നിരിക്കുകയാണ്. അവരുടെ ആവശ്യങ്ങളുടെമേൽ ഇനി ചർച്ചയില്ലെന്നുള്ള മുഖ്യമന്ത്രിയുടെ നിലപാട് ജനാധിപത്യമര്യാദയല്ല. കഴിഞ്ഞ 10 വർഷമായി കേരളത്തിലെ ദേശീയപാതയോരത്ത് ജനങ്ങൾ സംഘടിതമായി ചെറുത്തുനിന്ന സ്ഥലങ്ങളിലൊന്നും ഭൂമിയേറ്റെടുക്കാൻ സർക്കാരുകൾക്ക് കഴിഞ്ഞിട്ടില്ല. ഭൂമിയേറ്റെടുപ്പിനായുള്ള വിജ്ഞാപനങ്ങൾ 3 തവണ പിൻവലിക്കേണ്ടിവന്നു. കോഴിക്കോട് വടകരയിലും സമീപപ്രദേശങ്ങളിലും എൻഎച്ചിന്റെ സ്ഥലമെടുപ്പ് നടപടികൾ തുടങ്ങിയ എൽഡിഎഫ് സർക്കാർ നടപടിക്കെതിരെ ചെറുത്തുനിൽപ്പ് തുടങ്ങിക്കഴിഞ്ഞു. സർക്കാരുദ്യോഗസ്ഥർക്ക് പിൻവാങ്ങേണ്ടിവരുന്ന സാഹചര്യമാണ് അവിടെയുള്ളത്. എൻഎച്ച് 17 ആക്ഷൻ കൗൺസിലിന്റെയും ദേശീയപാത ആക്ഷൻ ഫോറത്തിന്റെയും ബാനറിന് കീഴിൽ അണിനിരന്നുകൊണ്ട്, 45 മീറ്റർ ടോൾപാതയ്ക്കെതിരെയുള്ള സമരത്തിൽ ഉറച്ചുനിൽക്കുന്ന ജനങ്ങൾക്ക് അഭിവാദനങ്ങൾ. ■

# ജനീവയിൽ നടന്ന ഇന്റർനാഷണൽ ലേബർ കോൺഫറൻസിൽ എഐയുടിയുസി പങ്കെടുത്തു

**ഐഎൽഒയുടെ 105–ാമത് ലേബർ കോൺഫറൻസ് 2016 മേയ് 30 മുതൽ ജൂൺ 11 വരെ സ്വിറ്റ്സർലാൻഡിൽ ജനീവയിൽവച്ച് നടന്നു. എഐയുടിയുസി ഉൾപ്പെടെ ഇന്ത്യയിലെ പ്രമുഖ ട്രേഡ്‌യൂണിയനുകളുടെ പ്രതിനിധികൾ ഈ കോൺഫറൻസിൽ പങ്കെടുത്തു. 'ന്യായമായ കുടിയേറ്റങ്ങൾ പ്രോത്സാഹിപ്പിക്കൽ', 'മാനദണ്ഡങ്ങളുടെ ലംഘനം' എന്നീ സുപ്രധാനവിഷയങ്ങളിലുള്ള ചർച്ചകളിൽ പങ്കെടുത്തുകൊണ്ട് എസ്‌യുസിഐ(സി) കേന്ദ്രകമ്മിറ്റിയംഗവും എഐയുടിയുസി ജനറൽ സെക്രട്ടറിയുമായ സഖാവ് ശങ്കർസാഹ പ്ലീനറി സമ്മേളനത്തിലും ജനറൽ അസംബ്ലിയിലും പ്രസംഗിച്ചു. 'സുസ്ഥിരവികസനത്തിനായുള്ള ഐക്യരാഷ്ട്ര സഭയുടെ അജണ്ട 2030' നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഡയറക്ടർ ജനറൽ മുന്നോട്ടുവച്ചിരിക്കുന്ന 'ദാരിദ്ര്യനിർമ്മാർജ്ജനപദ്ധതി' സംബന്ധിച്ച് സമ്മേളനത്തിൽ പങ്കെടുത്ത പ്രതിനിധികൾക്കിടയിൽ, സഖാവ് സാഹ ഒരു കുറിപ്പ് തയ്യാറാക്കി വിതരണം ചെയ്തു. മറ്റു രാജ്യങ്ങളുമായി ബന്ധപ്പെട്ട പല പ്രശ്നങ്ങളിലും അദ്ദേഹം ഇടപെട്ട് സംസാരിക്കുകയുമുണ്ടായി. അദ്ദേഹത്തിന്റെ പ്രസംഗങ്ങളുടെ സംക്ഷിപ്തരൂപം താഴെച്ചേർക്കുന്നു.**



**സ്വിറ്റ്സർലാൻഡിലെ ജനീവയിൽ വച്ച് നടന്ന ഇന്റർനാഷണൽ ലേബർ കോൺഫറൻസിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കേന്ദ്രകമ്മിറ്റിയംഗവും എഐയുടിയുസി ജനറൽ സെക്രട്ടറിയുമായ സഖാവ് ശങ്കർസാഹ പ്രസംഗിക്കുന്നു**

ഏഷ്യ, ആഫ്രിക്ക, ലാറ്റിനമേരിക്ക എന്നിവിടങ്ങളിലെ വികസ്വരരാജ്യങ്ങളിലെ ലക്ഷക്കണക്കിന് തൊഴിലാളികൾ വികസിത രാജ്യങ്ങളിലേയ്ക്ക് തൊഴിൽതേടി ദിനംപ്രതി കുടിയേറിക്കൊണ്ടിരിക്കുകയാണ്. 2015–ൽ ലോകജനസംഖ്യയുടെ 3 ശതമാനത്തോളം വരുന്ന 243.7 മില്ല്യൺ അന്തർദേശീയ കുടിയേറ്റത്തൊഴിലാളികൾ ലോകമൊട്ടാകെയുണ്ടായിരുന്നു. ലോകത്താകെയുള്ളതിൽ 48.5 ശതമാനം കുടിയേറ്റത്തൊഴിലാളികളും കേന്ദ്രീകരിച്ചിരിക്കുന്നത് വടക്കൻ അമേരിക്കയിലും യൂറോപ്പിന്റെ വടക്ക് തെക്ക് പടിഞ്ഞാറ് മേഖലകളിലുമാണ്; അറബ്‌രാജ്യങ്ങളിൽ 11.7 ശതമാനവുമുണ്ട്. ഇവരിൽ 48 ശതമാനം സ്ത്രീകളാണ്. ഐഎൽഒ റിപ്പോർട്ടിൽ മുഴുവൻ തൊഴിലാളികളെയും പരാമർശിക്കുന്നില്ല. രാജ്യത്തിനകത്തുള്ള കുടിയേറ്റത്തൊഴിലാളികളുടെ വിഷയം റിപ്പോർട്ടിലെ പരിഗണനയ്ക്കുപുറത്താണ്. റിപ്പോർട്ടിൽ പ്രതിഫലിക്കുന്നതിലും വളരെ വലുതാണ് കുടിയേറ്റ തൊഴിലാളികളുടെ യഥാർത്ഥ കണക്ക്. കുടിയേറ്റത്തൊഴിലാളികളുടെ താൽപ്പര്യസംരക്ഷണാർത്ഥം നിരവധി ആനുകൂല്യങ്ങൾ പ്രഖ്യാപിക്കപ്പെട്ടെങ്കിലും അംഗരാജ്യങ്ങൾ അത് അംഗീകരിക്കാനോ നടപ്പിൽവരുത്താനോ തയ്യാറായിട്ടില്ല. കുടിയേറ്റത്തൊഴിലാളികളുടെ സംരക്ഷണത്തിനും അവകാശങ്ങൾക്കും ആനുകൂല്യങ്ങൾക്കുമുള്ള നിയമനിർമ്മാണങ്ങളെല്ലാം എവിടെയും നഗ്നമായി ലംഘിക്കപ്പെടുന്നു. അവർക്ക് അടിസ്ഥാന അവകാശങ്ങൾ പോലും നിഷേധിക്കപ്പെടുന്നു.

മുതലാളിത്ത സമ്പദ്ഘടന എക്കാലത്തെയും വലിയ കമ്പോളപ്രതിസന്ധിയിൽ അകപ്പെട്ടിരിക്കുകയാണ്. പ്രതിസന്ധിയുടെ മുഴുവൻഭാരവും തൊഴിലാളികളുടെ മേൽ അടിച്ചേൽപ്പിക്കുന്നു. തൊഴിലില്ലായ്മ ഏറ്റവും ഉയർന്ന സ്ഥിതിയിലാണ്. ഇത് അനുദിനം പെരുകിക്കൊണ്ടിരിക്കുന്നു. ലോകത്താകെയുള്ള തൊഴിലെടുക്കാവുന്നവരിൽ 75 ശതമാനവും തൊഴിലില്ലാത്തവരോ, ഭാഗികമായി തൊഴിലെടുക്കുന്നവരോ ആണ്. ദാരിദ്ര്യം, പട്ടിണി, പോഷകാഹാരക്കുറവ്, സാമ്പത്തിക അസമത്വം, ജോലി നഷ്ടപ്പെടൽ, ജോലിയിലുള്ള അരക്ഷിതാവസ്ഥ, കുറഞ്ഞവേതനം, പെൻഷനും മറ്റു സാമൂഹ്യസുരക്ഷാപദ്ധതികളും പിൻവലിക്കൽ അഥവാ വെട്ടിക്കുറയ്ക്കൽ, ബാലവേല, ശിശുമരണം എന്നിവ അതിവേഗത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. പണിയെടുക്കുന്നവർ അധികമധികം പാപ്പരായിക്കൊണ്ടിരിക്കുന്നു.

ഇതാണ് അവസ്ഥയെന്നിരിക്കെ, ദാരിദ്ര്യനിർമ്മാർജ്ജനം, സുസ്ഥിരവികസനം എന്നീ മധുരമുള്ള മുദ്രാവാക്യങ്ങൾ ഉയർത്തുന്നത് പണിയെടുക്കുന്നവരെയും സാധാരണജനങ്ങളെയും വിഡ്ഢികളാക്കാനും അവരുടെ കഷ്ടപ്പാടുകളുടെ യഥാർത്ഥ കാരണം, പ്രതിസന്ധിഗ്രസ്തമായ മുരടിച്ച ജീർണ്ണ മുതലാളിത്തമാണെന്ന യാഥാർത്ഥ്യം മറച്ചുവയ്ക്കാനുള്ള ഗൂഢനീക്കമാണെന്ന് സഖാവ് ശങ്കർസാഹ അസന്നിഗ്ധമായി അഭിപ്രായപ്പെട്ടു. ലോകത്തെ പണിയെടുക്കുവാൻ കഴിവുള്ള ഓരോ വ്യക്തിക്കും ജോലിയും സുസ്ഥിര ക്ഷേമവും സാമൂഹ്യസുരക്ഷിതത്വവും ഉറപ്പുവരുത്തുന്ന സമൂർത്ത നടപടികൾ എടുക്കാതെ ഒരുതരത്തിലുള്ള ജാലവിദ്യകൊണ്ട് ദാരിദ്ര്യം ഇല്ലാതാക്കുവാൻ കഴിയില്ല. ഇന്നത്തെ ചൂഷണാധിഷ്ഠിത സാമൂഹ്യക്രമത്തിന് അങ്ങനെയൊരു നടപടിയെടുക്കുവാൻ കഴിയുകയില്ലെന്ന് മാത്രമല്ല, തൊഴിലില്ലായ്മ, ദാരിദ്ര്യം, പട്ടിണി എന്നിവ ഈ സാമൂഹ്യവ്യവസ്ഥയിൽ സങ്കീർണ്ണമാവുകയും ചെയ്യും. ഇന്നത്തെ സാമൂഹ്യ–സാമ്പത്തികവ്യവസ്ഥയിൽ ദാരിദ്ര്യം ഇല്ലായ്മ ചെയ്യാമെന്നതും സുസ്ഥിരവികസനം എന്നുമുള്ള ആശയങ്ങൾ ഉട്ടോപ്യനാണ്.

ആഗോളവൽക്കരണത്തിന്റെ രണ്ടരപതിറ്റാണ്ടിനുള്ളിൽ സമൂഹത്തിന്റെ നിലവാരത്തിലും മൂല്യങ്ങളിലുമുണ്ടായിട്ടുള്ള ദ്രുതഗതിയിലുള്ള വീഴ്ച ഉത്കണ്ഠാജനകമാണ്. തൊഴിലില്ലായ്മ, വിശപ്പ്, ദാരിദ്ര്യം, തൊഴിൽനഷ്ടങ്ങൾ, തൊഴിലിന്റെ അരക്ഷിതാവസ്ഥ, സാമൂഹ്യസുരക്ഷാപദ്ധതികളുടെയും ആരോഗ്യസംവിധാനങ്ങളുടെയും വിദ്യാഭ്യാസത്തിന്റെയുംഫണ്ടുവെട്ടിക്കുറയ്ക്കൽ എന്നിവ ലോകമെമ്പാടുമുള്ള അദ്ധ്വാനിച്ചുജീവിക്കുന്ന ജനങ്ങളുടെ മേലുള്ള നിഷ്ഠൂരമായ ആക്രമണമാണ്. ആക്രമണങ്ങളുടെ ആകെത്തുക ഇതാണ്:

1. കുടുംബത്തിന്റെ നിലനിൽപ്പിനായുള്ള പണം സമ്പാദിക്കാനായി ദശലക്ഷക്കണക്കിന് മാതാക്കൾ നിറകണ്ണുകളുമായി തങ്ങളുടെ പെൺമക്കളെ വേശ്യാവൃത്തിക്ക് അയയ്ക്കുന്നു.

2. ലോകജനതയിൽ 70 കോടി ആളുകൾ ഒഴിഞ്ഞ വയറുമായാണ് രാത്രിയിൽ ഉറങ്ങുന്നത്.

3. ലോകജനസംഖ്യയിൽ 3 ശതമാനമെന്ന് രേഖകളിൽ പറയുന്ന– യഥാർത്ഥത്തിൽ നിരവധിപേർ രേഖകളിൽ പെടാതെപോകുന്നു– കുടിയേറ്റത്തൊഴിലാളികൾ പീഡനങ്ങൾക്കും മനുഷ്യത്വരഹിതമായ പെരുമാറ്റങ്ങൾക്കും ഇരയാകുന്നു. നിലനിൽപ്പിന്റെ സമർദ്ദം ഇല്ലെങ്കിൽ ആരുംതന്നെ തങ്ങളുടെ മാതൃരാജ്യം വിട്ടുപോകുവാൻ താൽപ്പര്യപ്പെടുകയില്ല. കുടിയേറ്റത്തൊഴിലാളികളുടെ ലക്ഷ്യകേന്ദ്രം വടക്കൻ അമേരിക്കയും യൂറോപ്പും അറബ് മേഖലയുമാണ്.

4. തൊഴിൽരഹിതരായ ദശലക്ഷക്കണക്കിന് രക്ഷിതാക്കൾ തങ്ങളുടെ കുട്ടികളെ സ്കൂളിൽ അയയ്ക്കുന്നതിനുപകരം വരുമാനം കണ്ടെത്താനായി തൊഴിലിനയയ്ക്കുന്നു. അടിമപ്പണിയും നിർബന്ധിത പണിയെടുപ്പിക്കലും ആധുനികരൂപത്തിൽ സമൂഹത്തിൽ തിരിച്ചുവന്നുകൊണ്ടിരിക്കുന്നു.

5. തൊഴിൽദാതാക്കൾ തങ്ങളുടെ ഇഷ്ടാനുസരണം തൊഴിലാളികളെ നിയമിക്കുകയും പിരിച്ചുവിടുകയും ചെയ്തുകൊണ്ടിരിക്കുന്നു.

6. തങ്ങളുടെ ഇഷ്ടാനുസരണമുള്ള യൂണിയനുകളിൽ ചേരുകയും സമാധാനപരമായ പ്രകടനങ്ങളിൽ അണിനിരക്കുകയും ന്യായമായ സമരങ്ങളിൽ പങ്കെടുക്കുകയും ചെയ്യുന്ന തൊഴിലാളികളെ ലാത്തിചാർജ്ജു ചെയ്യുകയോ ജയിലിലടയ്ക്കുകയോ കൊലപ്പെടുത്തുകയോ ചെയ്യുന്നുവെന്ന് ചർച്ചകൾ വെളിപ്പെടുത്തുന്നു.

7. കൂട്ടായ വിലപേശൽ തൊഴിലുടമകൾക്ക് സ്വീകാര്യമല്ല.

ചുരുക്കത്തിൽ, സാമൂഹ്യനീതിയുടെ നിലവാരം പ്രതിഫലിപ്പിക്കുന്ന ആഗോള സാഹചര്യമിതാണ്. 1919–ൽ ഐഎൽഒ രൂപീകരിക്കുമ്പോൾ ഐഎൽഒയുടെ ഭരണഘടനയുടെ ആമുഖമായി പറഞ്ഞിരുന്നത് ഇങ്ങനെയാണ്– "ഒന്നാംലോകമഹായുദ്ധത്തിന് അന്ത്യംകുറിച്ച വേഴ്സയിൽസ് ഉടമ്പടിയുടെ ഭാഗമായി സാർവ്വലൗകികവും സ്ഥായിയുമായ സമാധാനം കൈവരണമെങ്കിൽ അത് സാമൂഹ്യനീതിയിൽ അടിയുറച്ചതും സ്വാതന്ത്ര്യത്തിൽ അധിഷ്ഠിതവും അന്തസ്സ്, സാമ്പത്തിക സുരക്ഷിതത്വം, തുല്യാവസരം എന്നിവയിൽ അധിഷ്ഠിതവുമായിരിക്കണം". ഈ വസ്തുതകൾ കണക്കിലെടുക്കുമ്പോൾ സാർവ്വലൗകികവും സ്ഥായിയുമായ സമാധാനം സാമൂഹ്യനീതിയില്ലാതെ നേടിയെടുക്കാൻ കഴിയില്ല. നിലനിൽക്കുന്ന സാഹചര്യത്തിൽ സമൂലപരിവർത്തനത്തിനായി പ്രവർത്തിക്കുകയെന്നതാണ് ലോകമൊട്ടാകെയുള്ള തൊഴിലെടുക്കുന്ന ജനങ്ങൾക്ക് തങ്ങളുടെ ലക്ഷ്യം നേടിയെടുക്കാനുള്ള മാർഗ്ഗം. കാരണം, നിലനിൽക്കുന്ന സാമൂഹ്യഘടന സാമ്പത്തികമായും സാംസ്കാരികമായും ധാർമ്മികമായും നൈതികമായും ചൂഷണം ചെയ്യുകമാത്രമല്ല, അതോടൊപ്പം അത് മനുഷ്യരാശിയെ അപമാനവീകരിക്കുക കൂടി ചെയ്യുന്നു. ■

# കെഎസ്ഇബി കരാർ തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുക

## – പിസിസി ലൈൻവർക്കേഴ്സ് യൂണിയൻ

കെഎസ്ഇബിയിലെ കരാർ തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് കെഎസ്ഇബി പെറ്റി കോൺട്രാക്ടേഴ്സ് ആന്റ് കോൺട്രാക്ട് ലൈൻ വർക്കേഴ്സ് യൂണിയൻ കാസർഗോഡ് ജില്ലാ പ്രവർത്തകയോഗം ആവശ്യപ്പെട്ടു. ഗുണനിലവാരമില്ലാത്ത ഇലക്ട്രിക് പോസ്റ്റുകളും മറ്റ് സാമഗ്രികളും ഉപയോഗിക്കേണ്ടിവരുന്നതുമൂലം തൊഴിലാളികൾ അപകടത്തിൽ മരണപ്പെടുന്നതും മാരകമായി പരിക്കേൽക്കുന്നതും നിത്യസംഭവമായി മാറിയിരിക്കുകയാണ്. എന്നിട്ടും, ഗുണനിലവാരമുണ്ടെന്ന് ശാസ്ത്രീയമായി പരിശോധിച്ച് ഉറപ്പാക്കി അത്തരത്തിൽ ഗുണനിലവാരം നിലനിർത്തുന്ന ഏജൻസികളിൽ നിന്നും പോസ്റ്റും അനുബന്ധ സാമഗ്രികളും വാങ്ങാനുള്ള നടപടികൾ കെഎസ്ഇബി സ്വീകരിക്കുന്നില്ല എന്നത് ഗൗരവമായി കാണേണ്ടതുണ്ട്. ഗുണനിലവാരം നിലനിർത്താത്ത ഏജൻസികളെ കരിമ്പട്ടികയിൽപ്പെടുത്തുകയും അവരുമായുള്ള മുഴുവൻ ഇടപാടുകളും അവസാനിപ്പിക്കുകയും വേണം. ജോലിക്കിടയിൽ മരണമടയുന്ന കരാർ തൊഴിലാളികളുടെ കുടുംബത്തിന് കെഎസ്ഇബി മതിയായ നഷ്ടപരിഹാരം നൽകുന്നതോടൊപ്പം ആശ്രിത നിയമനം നൽകുകയും, പരിക്കേൽക്കുന്നവർക്ക് മതിയായ ചികിത്സാ ആനുകൂല്യം നൽകേണ്ടതും ആവശ്യമാണ്. കുറഞ്ഞവേതനം പുതുക്കി നിശ്ചയിച്ചുകൊണ്ട് സർക്കാരിറക്കിയ ഉത്തരവ് കാസർഗോഡ് സർക്കിളിലെ മുഴുവൻ സെക്ഷൻ ഓഫീസുകളിലും ഉടൻ നടപ്പാക്കണമെന്നും യൂണിയൻ ആവശ്യപ്പെട്ടു.

ഉപ്പള വ്യാപാരഭവനിൽ വെച്ച് നടന്ന ജില്ലാതല പ്രവർത്തകയോഗത്തിൽ ജില്ലാ പ്രസിഡണ്ട് മുഹമ്മദ് റഫീഖ് അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി എസ്. സീതിലാൽ പ്രവർത്തകയോഗം ഉദ്ഘാടനം ചെയ്തു. ജില്ലാ സെക്രട്ടറി അനൂപ് ഏരിമറ്റം സ്വാഗതം പറഞ്ഞു.

കാസർഗോഡ് ജില്ലയിൽ ലൈൻ വർക്കിനിടയിൽ ഇലക്ട്രിക് പോസ്റ്റ് ഒടിഞ്ഞുവീണ് മരിച്ച രാജീവൻ എന്ന കരാർ തൊഴിലാളിയുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

**കണ്ണൂർ:** കണ്ണൂർ ജവഹർ ലൈബ്രറി ഓഡിറ്റോറിയത്തിൽവെച്ച് നടന്ന ജില്ലാതല പ്രവർത്തകയോഗത്തിൽ അനൂപ് ഏരിമറ്റം അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി എസ്.സീതിലാൽ പ്രവർത്തകയോഗം ഉദ്ഘാടനം ചെയ്തു. ■



**വൈദ്യുതിബോർഡ് കരാർതൊഴിലാളിയും പിസിസി ലൈൻവർക്കേഴ്സ് യൂണിയൻ അംഗവുമായ മനോജ്കുമാർ ജോലിക്കിടെ ഷോക്കേറ്റ് മരിച്ചിട്ട് ബോർഡ് നഷ്ടപരിഹാരം നൽകാത്തതിൽ പ്രതിഷേധിച്ച് യൂണിയന്റെ ആഭിമുഖ്യത്തിൽ മങ്കൊമ്പ് സെക്ഷൻ ഓഫീസിലേയ്ക്ക് നടന്ന പ്രതിഷേധ മാർച്ചും ധർണ്ണയും യൂണിയൻ സംസ്ഥാന ജനറൽസെക്രട്ടറിയും എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റിയംഗവുമായ സഖാവ് എസ്.സീതിലാൽ ഉദ്ഘാടനം ചെയ്യുന്നു** ■

# അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനാചരണം

**ജൂൺ 26 അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് കേരള സംസ്ഥാന മദ്യവിരുദ്ധ ജനകീയ സമരസമിതിയുടെയും പ്രചോദന കുട്ടികളുടെ പ്രസ്ഥാനത്തിന്റെയും ആഭിമുഖ്യത്തിൽ സംസ്ഥാനത്തെമ്പാടും നിരവധി പരിപാടികൾ സംഘടിപ്പിക്കപ്പെട്ടു.**




ചങ്ങനാശ്ശേരിയിൽ നടന്ന ലഹരിവിരുദ്ധ സംഗമം മറ്റപ്പള്ളി ശിവശങ്കരപ്പിള്ള ഉദ്ഘാടനം ചെയ്യുന്നു.

**ജ**നങ്ങളുടെ ശക്തമായ പ്രക്ഷോഭത്തെത്തുടർന്നും സുപ്രീംകോടതിയുടെ ഇടപെടലിനെത്തുടർന്നുമാണ് സംസ്ഥാനത്ത് ബാറുകൾ അടച്ചുപൂട്ടിയതും ബിവറേജസ്



പത്തനംതിട്ടയിൽ ലഹരിവിരുദ്ധസംഗമം പി.രാമചന്ദ്രൻനായർ ഉദ്ഘാടനംചെയ്യുന്നു

ഔട്ട്‌ലെറ്റുകളുടെ എണ്ണം പ്രതിവർഷം പത്തുശതമാനം കുറയ്ക്കുവാൻ മുൻസർക്കാർ നിർബന്ധിതമായതും. കേരളത്തിന്റെ സാമൂഹ്യ അന്തരീക്ഷത്തിൽ ചെറുതല്ലാത്ത മാറ്റമാണ് അതിലൂടെ ഉണ്ടായത്. സംസ്ഥാനത്തെ ക്രമസമാധാന നിലയെപ്പോലും പ്രസ്തുത നീക്കം ഗുണപരമായി സ്വാധീനിച്ചുവെന്ന് മുൻ ആഭ്യന്തരമന്ത്രി നിയമസഭയ്ക്കുമുൻപാകെ റിപ്പോർട്ട് വയ്ക്കുകയും ചെയ്തു. എന്നാൽ മദ്യനിരോധനമല്ല മദ്യവർജ്ജനമാണ് കേരളത്തിന് അഭികാമ്യം എന്ന വാദഗതിയുയർത്തി മദ്യമുതലാളിമാർക്ക് അനുകൂലമായ നിലപാടാണ് എൽഡിഎഫ് അപ്പോൾമുതൽ സ്വീകരിച്ചുവരുന്നത്. മദ്യവർജ്ജനമാണ് തങ്ങളുടെ നയം എന്ന് ഒരു സർക്കാരിന് എങ്ങനെയാണ് പ്രഖ്യാപിക്കാനാകുക. അത് ഓരോ വ്യക്തിയും സ്വീകരിക്കേണ്ട നിലപാടാണ്. മദ്യവർജ്ജനത്തിന്റെതന്നെ ആദ്യപടിയാണ് ലഭ്യത കുറയ്ക്കുക എന്നത്. മദ്യത്തിന്റെ കെടുതികൾ ഏറെ അനുഭവിച്ചുകൊണ്ടിരിക്കുന്ന സംസ്ഥാനമാണ് കേരളം. കൊച്ചുകുട്ടികൾപോലും മദ്യപാനശീലത്തിനും അതിലൂടെ കുറ്റകൃത്യങ്ങൾക്കും അടിപ്പെട്ടുപോകുന്നു. മദ്യലഭ്യതയാണ് ഉപഭോഗം വർദ്ധിക്കുന്നതിന് പ്രധാന കാരണം. അടച്ചുപൂട്ടിയ മദ്യശാലകൾ തുറന്നു പ്രവർത്തിപ്പിക്കാനുള്ള നീക്കം ചെറുക്കപ്പെടേണ്ടതുണ്ട്.

ജൂൺ 26 മുതൽ ജൂലൈ 26 വരെ ഒരുമാസം ലഹരിവിരുദ്ധ മാസമായി ആചരിക്കുവാനാണ് മദ്യവിരുദ്ധ ജനകീയ സമരസമിതി ആഹ്വാനം ചെയ്തിരിക്കുന്നത്. ബിവറേജസ് ഔട്ട്‌ലെറ്റുകളടക്കം മദ്യശാലകളുടെ എണ്ണം കുറയ്ക്കുക, മയക്കുമരുന്ന് മാഫിയയെ അമർച്ച ചെയ്യുക, വിദ്യാലയപരിസരങ്ങളിൽ ലഹരിവസ്തുക്കളുടെ വിൽപ്പന പൂർണ്ണമായും നിരോധിക്കുക, സിനിമകളിലെയും പരസ്യങ്ങളിലെയും മദ്യപാനരംഗങ്ങൾ കർശനമായി നിയന്ത്രിക്കുക, അടച്ചുപൂട്ടിയ ബാറുകൾ യാതൊരു കാരണവശാലും തുറക്കരുത്. ബിവറേജസ് ഔട്ട്‌ലെറ്റുകൾ പത്തുശതമാനം വച്ച് വർഷാവർഷം അടച്ചുപൂട്ടുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള പ്രചാരണപ്രക്ഷോഭപരിപാടികൾക്ക് ജൂൺ 26ന് വിവിധ ജില്ലകളിൽ തുടക്കമായി.

### കോട്ടയം

പ്രചോദന കുട്ടികളുടെ പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ജൂൺ 25 ന് ചങ്ങനാശ്ശേരിയിൽ പെരുന്ന മുനിസിപ്പൽ ബസ്സ്റ്റാൻഡ് മൈതാനത്ത് നടന്ന ലഹരിവിരുദ്ധ സംഗമം അദ്ധ്യാപക ശ്രേഷ്ഠനും മികച്ച അദ്ധ്യാപകനുള്ള ദേശീയ പുരസ്കാര ജേതാവുമായ മറ്റപ്പള്ളി ശിവശങ്കരപ്പിള്ള നിർവ്വഹിച്ചു. സിവിൽ എക്സൈസ് ഓഫീസർ പ്രദീപ് കുമാർ മുഖ്യപ്രഭാഷണം നടത്തി. ചങ്ങനാശ്ശേരി ജംഗ്ഷൻ ഫെയ്സ്ബുക്ക് കൂട്ടായ്മ ചീഫ് അഡ്മിൻ വിനോദ് പണിക്കർ, മൈത്രീ ഗോപീകൃഷ്ണൻ, സുൽഫി പത്താൻ, താജ് ദാസ്, മദ്യവിരുദ്ധ ജനകീയ സമരസമിതി സംസ്ഥാന കൺവീനർ മിനി കെ. ഫിലിപ്പ്, കോംസമോൾ സംസ്ഥാന സെക്രട്ടറി മേധ സുരേന്ദ്രനാഥ്, പാപ്പച്ചൻ നേര്യംപറമ്പിൽ, മദ്യവിരുദ്ധ ജനകീയ സമരസമിതി താലൂക്ക് കൺവീനർ എൻ.ജി.രാധാകൃഷ്ണൻ തുടങ്ങിയവർ പ്രസംഗിച്ചു.

പത്താംക്ലാസ്സിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് വാങ്ങിയ പ്രചോദനയുടെ താലൂക്ക് സെക്രട്ടറി എസ്.അനന്തഗോപാലിനുള്ള പുരസ്കാരം വിനോദ് പണിക്കർ നിർവ്വഹിച്ചു. പ്രചോദനയുടെ ഗായക സംഘത്തിന്റെ നേതൃത്വത്തിൽ നൃത്ത ഗാനപരിപാടികളും അവതരിപ്പിച്ചു.ഗാനസന്ധ്യയ്ക്ക് പ്രശസ്ത ഗായകൻ താജ്ദാസ് നേതൃത്വം നൽകി. ഏഴ് ആവശ്യങ്ങൾ അടങ്ങിയ നിവേദനം സിവിൽ എക്സൈസ് ഓഫീസർ മുഖാന്തിരം എക്സൈസ് കമ്മീഷണർക്ക് സമർപ്പിച്ചു. മൈത്രീ ഗോപീകൃഷ്ണൻ ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. പ്രചോദന താലൂക്ക് പ്രസിഡന്റ് മീനാക്ഷി ആർ അദ്ധ്യക്ഷത വഹിച്ചു. അരവിന്ദ് വേണുഗോപാൽ സ്വാഗതവും ശാലിനി ജി.എസ്.കൃതജ്ഞതയും രേഖപ്പെടുത്തി.



കരുനാഗപ്പിള്ളിയിൽ നടന്ന ലഹരിവിരുദ്ധ ദിനാചരണം സമിതി ജില്ലാ പ്രസിഡന്റ് പി.ബി. രാജൻപിള്ള ഉദ്ഘാടനം ചെയ്യുന്നു



മുളന്തുരുത്തിയിൽ നടന്ന ലഹരിവിരുദ്ധ സംഗമം പഞ്ചായത്തുപ്രസിഡന്റ് രഞ്ജി കുര്യൻ ഉദ്ഘാടനം ചെയ്യുന്നു

ചങ്ങനാശ്ശേരി: ദിശ കലാ സാംസ്കാരിക സമിതിയുടെ ആഭിമുഖ്യത്തിൽ പുതുച്ചിറ സാംസ്കാരിക നിലയത്തിൽ ജൂൺ 26ന് ലഹരിവിരുദ്ധ സംഗമവും കുട്ടികൾക്കായുള്ള ചിത്രരചനാ പരിശീലനവും നടന്നു. ലഹരി വിരുദ്ധ സംഗമം മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ഇ.സി.അച്ചാമ്മ ഉദ്ഘാടനം ചെയ്തു. വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് മെമ്പർ മിനി വിജയകുമാർ അദ്ധ്യക്ഷത വഹിച്ചു. ദിശ കലാ സാംസ്കാരിക വേദിയുടെ പ്രസിഡന്റ് സന്തോഷ് പി.സി., അരവിന്ദ്.വി, തുടങ്ങിയവർ പ്രസംഗിച്ചു. ഒ.ജി.സിന്ധു സ്വാഗതവും ദിശ കലാസാംസ്കാരിക സംഘടനയുടെ സെക്രട്ടറി രാജു ജോസഫ് കൃതജ്ഞതയും രേഖപ്പെടുത്തി. കുട്ടികളുടെ ചിത്രരചനാ പരിശീലനത്തിന് എൻ.ജി.സുരേഷ് കുമാർ, കെ.സദാനന്ദൻ, ഗാഥ എസ്, ഗായത്രി തുടങ്ങിയവർ നേതൃത്വം നൽകി.

### കൊല്ലം

ജൂൺ 26ന് കരുനാഗപ്പള്ളി കെഎസ്ആർടിസി ജംഗ്ഷനിൽ മദ്യവിരുദ്ധ ജനകീയ സമരസമിതിയുടെ ആഭിമുഖ്യത്തിൽ ലഹരി വിരുദ്ധ സംഗമം നടന്നു. കരുനാഗപ്പള്ളി എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ അജിദാസ് സംഗമം ഉദ്ഘാടനം ചെയ്തു. ജൂൺ 26 മുതൽ ജൂലൈ 26 വരെ ഒരു മാസക്കാലം ലഹരി വിരുദ്ധ മാസമായി ആചരിക്കുന്നതിന്റെ ജില്ലാതല ഉദ്ഘാടനമാണ് കരുനാഗപ്പള്ളിയിൽ നടന്നത്. മദ്യവിരുദ്ധ ജനകീയ സമരസമിതി ജില്ലാ പ്രസിഡന്റ് പി.ബി. രാജൻപിള്ളയുടെ അദ്ധ്യക്ഷതയിൽ ചേർന്ന



മുളന്തുരുത്തി മേഖലയിൽ നടന്ന ലഹരിവിരുദ്ധ സന്ദേശ ജാഥയിൽ ഗാനങ്ങൾ ആലപിക്കുന്ന ഗായകസംഘം

സംഗമത്തിൽ സമിതി ജില്ലാ സെക്രട്ടറി ജി.ധ്രുവകുമാർ, അഡ്വ: സുധീർ കാരിക്കൽ, ഡോ. വിജയകുമാരി, നസീംബീവി, ടിങ്കിൾ പ്രഭാകരൻ, ഡി.മുരളി, എസ്. രാഘവൻ, എസ്.ശ്രീജയ, സന്തോഷ്, ഉണ്ണികൃഷ്ണൻ, ബ്രിജിത്കുമാർ, രജിത്, ബി. വിനോദ് തുടങ്ങിയവർ പ്രസംഗിച്ചു.

### ആലപ്പുഴ:

അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനം ആചരിച്ചുകൊണ്ട് പ്രചോദന അമ്പലപ്പുഴ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ലഹരിവിരുദ്ധ വിദ്യാർത്ഥി സംഗമവും ചലച്ചിത്രപ്രദർശനവും നടന്നു. അമ്പലപ്പുഴ ടൗൺ ഹാളിൽ നടന്ന പരിപാടി, നീർക്കുന്നം എസ്ഡിവി യുപി സ്കൂളിലെ അദ്ധ്യാപകനും തണൽ ലഹരി വിരുദ്ധ കൂട്ടായ്മയുടെ കോ-ഓർഡിനേറ്ററുമായ എസ്.സുരേഷ്‌കുമാർ ഉദ്ഘാടനം ചെയ്തു. പുള്ളിക്കുന്ന് എൻഎസ്എസ് ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപകൻ പ്രവീൺ കുമാർ മുഖ്യപ്രഭാഷണം നടത്തി. എഐഡിഎസ്ഒ ആലപ്പുഴ ജില്ലാ ജോയിന്റ് സെക്രട്ടറിയും പ്രചോദന ജില്ലാ സംഘാടക സമിതി അംഗവുമായ എസ്.അലീന അദ്ധ്യക്ഷത വഹിച്ചു. പ്രചോദനയുടെ അമ്പലപ്പുഴ പ്രാദേശിക ഘടകം, ബഞ്ചമിൻ ഫ്രാങ്കിളിൻ ചിൽഡ്രൻസ് ക്ലബിന്റെ എക്സിക്യൂട്ടീവ് അംഗം മീതു ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. പ്രചോദന ജില്ലാ സെക്രട്ടറി വി.പി.വിദ്യ സ്വാഗതവും ബഞ്ചമിൻ ഫ്രാങ്കിളിൻ ക്ലബിന്റെ സെക്രട്ടറി ശിവ സലി കൃതജ്ഞതയും പറഞ്ഞു. എസ്എസ്എൽസി-ഹയർസെക്കന്ററി പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ പ്രചോദന അംഗങ്ങളെ വേദിയിൽ ആദരിച്ചു. ഇറാനിയൻ സംവിധായകൻ മജീദ് മജീദിയുടെ ചിൽഡ്രൻ ഓഫ്

*(ശേഷം 9-ാം പേജിൽ)*





പ്രചോദന അമ്പലപ്പുഴ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടന്ന ലഹരിവിരുദ്ധ വിദ്യാർത്ഥിസംഗമവും ചലച്ചിത്രപ്രദർശനവും തണൽ ലഹരി വിരുദ്ധ കൂട്ടായ്മയുടെ കോ-ഓർഡിനേറ്റർ എസ്.സുരേഷ്‌കുമാർ ഉദ്ഘാടനം ചെയ്യുന്നു.

# വഞ്ചനയും വിധേയത്വവും വെളിവാക്കുന്ന ഇന്ത്യ-അമേരിക്ക സംയുക്ത പ്രസ്താവന-2016

**വിവിധ ഭൂഖണ്ഡങ്ങളിലായി അഞ്ചു രാജ്യങ്ങളിലെ പര്യടനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി മടങ്ങിയെത്തി. സന്ദർശനം വിജയകരമായി പൂർത്തിയാക്കിയതിന് ബിജെപി പ്രസിഡന്റ് അദ്ദേഹത്തെ അഭിനന്ദിച്ചു. കുത്തകകൾ നിയന്ത്രിക്കുന്ന മാദ്ധ്യമങ്ങൾ അദ്ദേഹത്തെ മുക്തകണ്ഠം പ്രശംസിച്ചു. രാജ്യത്തിനുവേണ്ടി തന്ത്രപ്രധാനവും നയതന്ത്രപരവുമായ നേട്ടങ്ങൾ കൈവരിച്ചതിൽ വിജയോന്മാദത്തിലാണ് ബിജെപി നേതാവായ പ്രധാനമന്ത്രി. മൂന്നു ദിവസത്തെ അമേരിക്കൻ സന്ദർശനമായിരുന്നു ഇതിൽ ഏറെ പ്രധാനം. ഒന്നാം ദിവസമായ ജൂൺ 7 ന് ഇന്ത്യൻ പ്രധാനമന്ത്രിയും അമേരിക്കൻ പ്രസിഡന്റും കൂടി ഒരു സംയുക്ത പ്രസ്താവന പുറപ്പെടുവിക്കുകയുണ്ടായി. 21-ാം നൂറ്റാണ്ടിലെ 'ഈടുറ്റ ആഗോള പങ്കാളികൾ' എന്ന് സ്വയം വിശേഷിപ്പിക്കുന്ന ഈ സംയുക്ത പ്രസ്താവന ഉഭയകക്ഷി ബന്ധത്തിന്റെ നാനാമേഖലകളെ സ്പർശിക്കുന്നതാണ്.**

എന്തായാലും ഇന്ത്യയിലെയും ലോകത്തെ പല രാജ്യങ്ങളിലെയും ജനങ്ങൾ ഈ നേട്ടങ്ങളിൽ ദുർലക്ഷണം കാണുന്നു. 2014 സെപ്തംബറിൽ മോദിയുടെ അമേരിക്കൻ സന്ദർശന വേളയിലും 2015 ജനുവരിയിൽ അമേരിക്കൻ പ്രസിഡന്റ് ഒബാമയുടെ ഇന്ത്യാ സന്ദർശന വേളയിലും പുറപ്പെടുവിച്ച സംയുക്ത പ്രസ്താവനകളിൽ ഇതിന്റെ മുന്നൊരുക്കം കാണാം. 'തന്ത്രപരമായ കാഴ്ചപ്പാടുകളിൽ, ഇരു നേതാക്കളും തമ്മിൽ കൂടുതൽ **അഭിപ്രായൈക്യം'** ഉണ്ടായതായി ഈ സംയുക്ത പ്രസ്താവനയിൽ കാണാം. 'സുരക്ഷയുടെയും അഭിവൃദ്ധിയുടെയും കാര്യത്തിൽ കൂടുതൽ അടുത്ത് സഹകരിക്കേണ്ടതിന്റെ ആവശ്യകത'യ്ക്ക് പ്രസ്താവന ഊന്നൽ നൽകുന്നു. പ്രതിരോധ, ബിസിനസ് മേഖലകളുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കാണ് പ്രാമുഖ്യം എന്നു സാരം.

സംയുക്ത പ്രസ്താവനയുടെ 50 ഖണ്ഡികകളിൽ പത്തും പ്രതിരോധ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് ചർച്ച ചെയ്യുന്നത്. 'വർദ്ധിച്ച അളവിൽ ശക്തിപ്പെട്ടുവരുന്ന സഹകരണം, 'ഉറ്റ ചങ്ങാതിമാർക്കൊപ്പം' 'സാങ്കേതിക വിദ്യാ കൈമാറ്റം' ഉൾപ്പെടെ സാദ്ധ്യമാകും വിധം 'ഇന്ത്യയെ ഒരു പ്രമുഖ പ്രതിരോധ പങ്കാളിയാക്കുന്നതിലേയ്ക്ക് അമേരിക്കയെ നയിച്ചിട്ടുണ്ട് എന്ന് 17-ാം ഖണ്ഡിക വ്യക്തമായി പറയുന്നു. ഇതുവഴി ഇന്ത്യയുടെ പ്രഖ്യാപിതമായ സ്വതന്ത്ര വിദേശ നയം തുടച്ചുമാറ്റി തൽസ്ഥാനത്ത്, അമേരിക്കയുടെ ആഗോള പദ്ധതികൾക്കൊപ്പം നിലകൊള്ളാൻ നിർബ്ബന്ധിതമാക്കുന്ന ഒരു വിദേശ നയം സ്വീകരിച്ചിരിക്കുകയാണ്, സൈനിക വിന്യാസം സംബന്ധിച്ച വ്യവസ്ഥകൾ വ്യക്തമാക്കുന്ന 16-ാം ഖണ്ഡിക പറയുന്നത് ഇരു രാജ്യങ്ങൾക്കും പരസ്പരം ഇന്ധനം, സ്പെയർ പാർട്സ്, യന്ത്രശാസ്ത്രം എന്നിവ കൈമാറ്റം ചെയ്യാൻ ബാദ്ധ്യതയുണ്ടായിരിക്കും എന്നാണ്. അതായത് അമേരിക്ക ലോകത്തെവിടെ നടത്തുന്ന ആക്രമണ പദ്ധതിയിലും വിമാനങ്ങൾക്ക് ഇന്ധനം നിറയ്ക്കാനും മറ്റും ഇന്ത്യ അവസരമൊരുക്കേണ്ടി വരുമെന്നാണ്. അമേരിക്കൻ ആക്രമണകാരികളുടെ താവളമായി ഇന്ത്യ മാറുമ്പോൾ പശ്ചിമേഷ്യയിലെയും മറ്റുമുള്ള ഇന്ത്യയുടെ അടുത്ത സുഹൃദ് രാജ്യങ്ങൾ ഇന്ത്യയുടെ ശത്രുക്കളായി മാറാനുള്ള സാദ്ധ്യത ഏറെയാണ്. ഏഷ്യാ-പസഫിക്ക്, ഇന്ത്യൻ മഹാസമുദ്രം തുടങ്ങിയ മേഖലകളിൽ മുൻഗണനാ പങ്കാളികളായി വർത്തിക്കുന്നിലൂടെ ഇന്ത്യാ-അമേരിക്ക സംയുക്ത പദ്ധതികൾ ഫലത്തിൽ അമേരിക്കയുടെ 'ചൈനയ്ക്ക് കടിഞ്ഞാണിടൽ' പദ്ധതിയായി ചുരുങ്ങിപ്പോകും. അമേരിക്കൻ യുദ്ധ വ്യാപാരികളുമായി സഖ്യം സ്ഥാപിക്കുന്നതിനു പകരം കിഴക്കു ഭാഗത്തെ അയൽക്കാരുമായി നല്ല ബന്ധത്തിലിരിക്കുന്നതിന് ഊന്നൽ നൽകുന്ന ഇന്ത്യയുടെ സ്വതന്ത്ര വിദേശ നയത്തിനും ഇത് പ്രഹരമേൽപ്പിക്കും.

കടൽ മുതൽ ആകാശം വരെ ഇന്ത്യ അമേരിക്കയുടെ 'ഈടുറ്റ ആഗോള പങ്കാളി'യായിരിക്കും എന്നാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി അമേരിക്കൻ കോൺഗ്രസ്സിൽ നടത്തിയ പ്രസംഗത്തിൽ പറഞ്ഞത്. ഈ പൊങ്ങച്ചം പറച്ചിലിന്റെ അർത്ഥം ഇന്ത്യ അതിന്റെ സ്വതന്ത്ര വിദേശ നയം സർവ്വാർത്ഥത്തിലും ഉപേക്ഷിക്കുന്നു എന്നുതന്നെയാണ്.

അടുത്തത് ആണവ നയം. നല്ലതോ ചീത്തയോ ആകട്ടെ, ഇന്ത്യയുടെ കയ്യിൽ ആണവായുധങ്ങളുണ്ട്. എന്നാൽ ആണവ നിർവ്യാപന കരാറിൽ ഒപ്പുവച്ചിട്ടില്ല. എന്തായാലും ആണവ സുരക്ഷാ ഉച്ചകോടിയിലെ ഇന്ത്യൻ പ്രധാനമന്ത്രിയുടെ സജീവ പങ്കാളിത്തത്തിനും സംഭാവനകൾക്കും അമേരിക്കൻ പ്രസിഡന്റ് സംയുക്ത പ്രസ്താവനയിൽ നന്ദി പറഞ്ഞു. രാസ,ജൈവ, ആണവ സാമഗ്രികൾ ഉപയോഗിച്ച് ഭീകരർ ഉയർത്തുന്ന ഭീഷണി നേരിടാൻ ഇന്ത്യയുമായി യോജിച്ചു പ്രവർത്തിക്കുമെന്നും പ്രഖ്യാപിച്ചു. ആണവ സാമഗ്രി വിതരണ സംഘത്തിൽ അംഗമാകാൻ അപേക്ഷ നൽകിയ ഇന്ത്യയുടെ നടപടിയെ ഒബാമ സ്വാഗതം ചെയ്യുകയും സംഘത്തിലെ മറ്റംഗങ്ങളോട് ഇന്ത്യയെ പിന്തുണയ്ക്കുവാൻ ആഹ്വാനം ചെയ്യുകയും ചെയ്തു. ആണവ നിർവ്യാപനത്തിന്റെ പുകമറ സൃഷ്ടിച്ചുകൊണ്ട് ഇന്ത്യയും അമേരിക്കയും യഥാർത്ഥത്തിൽ ഉന്നംവയ്ക്കുന്നത് നിരന്തരവും ഉറച്ചതും വിപുലവുമായ ഒരു ആണവ നയവും പദ്ധതിയുമാണ്. ഇതാണ് കരാറിൽ ഒപ്പുവച്ച അമേരിക്കയും ഒപ്പു വയ്ക്കാത്ത ഇന്ത്യയും ഇന്ന് ചെയ്തുകൊണ്ടിരിക്കുന്നത്. അവർ അവരുടെ വഴിക്ക് പോകും; ബാക്കിയൊക്കെ ലോകം അനുഭവിക്കുക.

സിവിൽ ആണവ വിഷയത്തിലും ഇത് വ്യക്തമാണ്. ആന്ധ്രപ്രദേശിലെ കൊവ്വാദയിൽ സ്ഥാപിക്കാനായി വെസ്റ്റിംഗ് ഹൗസിന്റെ ആറ് ആണവ റിയാക്ടറുകൾ വാങ്ങിക്കുന്ന കാര്യമെടുക്കാം. ഇത് ചെലവേറിയതും പ്രയോജന രഹിതവും അപകടകരവുമാണ്. 'ഫോസിൽ ഇന്ധനത്തിലുള്ള ആശ്രിതത്വം കുറച്ചുകൊണ്ട് ഇന്ത്യയുടെ വർദ്ധിച്ചുവരുന്ന ഊർജ്ജാവശ്യകതകൾ നിറവേറ്റുന്നതിൽ പങ്കാളിയാകുന്നു' തുടങ്ങിയ വാചകകസർത്തുകളുമായി 'ഈ ഇനത്തിലെ ഏറ്റവും വലിയ പദ്ധതികളിലൊന്നാണ്, അതായത് ഒരു സ്ഥലത്തുതന്നെ ആറ് റിയാക്ടറുകൾ സ്ഥാപിക്കുമ്പോൾ അത് സുരക്ഷയ്ക്ക് വലിയ ഭീഷണിയായിരിക്കുമെന്നും ഒരപകടമുണ്ടായാൽ പ്രത്യാഘാതങ്ങൾ പലമടങ്ങായിരിക്കുമെന്നും ഉറപ്പാണ്. ഒരമേരിക്കൻ കുത്തകയുടെ ഭോപ്പാലിലെ പ്ലാന്റിൽ നിന്നുണ്ടായ വാതകദുരന്തം ഇന്ത്യക്കാർക്ക് മറക്കാനാവില്ല. ന്യൂക്ലിയർ പവർ കോർപ്പറേഷൻ ഓഫ് ഇന്ത്യയും വെസ്റ്റിംഗ് ഹൗസും തമ്മിലുള്ള കരാർ ഇന്ത്യയുടെ ആണവ ബാദ്ധ്യതാ നിയമത്തെ മറികടക്കുന്നതും സാമഗ്രികൾ സപ്ലൈ ചെയ്യുന്നവരെ ബാധ്യതയിൽ നിന്നൊഴിവാക്കി അത് ഇന്ത്യൻ ജനതയുടെ ചുമലിൽ വച്ചുകെട്ടുന്നതുമാണ് എന്നുകാണുമ്പോൾ ആശങ്കകൾക്ക് ആഴം കൂടുന്നു. ആണവ സാമഗ്രികൾ പോലുള്ള മാരകായുധങ്ങളുടെ കച്ചവടം നടത്തുന്ന വെസ്റ്റിംഗ് ഹൗസ് പോലുള്ളവരുടെ താൽപ്പര്യം തീർച്ചയായും സംരക്ഷിക്കപ്പെടണം. കാരണം ഇന്ത്യൻ കുത്തകകളും അമേരിക്കൻ ബഹുരാഷ്ട്ര കമ്പനികളും തമ്മിലുള്ള ആഗോള പങ്കാളിത്തത്തിന്റെ ആവശ്യമാണത്.

'ആശ്രയിക്കത്തക്ക സാമ്പത്തിക, വ്യാപാര ഉടമ്പടികൾ' എന്ന തലക്കെട്ടിൽ 28 മുതൽ 34 വരെയുള്ള ഖണ്ഡികകളിൽ ഇത് കൂടുതൽ വ്യക്തമാക്കുന്നുണ്ട്. 'സുസ്ഥിരവും എല്ലാവരെയും ഉൾക്കൊള്ളുന്നതും സുദൃഢവുമായ സാമ്പത്തിക വികസനം', 'ഉഭയകക്ഷി വ്യാപാരത്തിലെ വളർച്ച', 'ചരക്കുകളുടെയും സേവനങ്ങളുടെയും നീക്കങ്ങൾക്കുള്ള തടസ്സം നീക്കൽ', ആഗോള ദാതാക്കളുടെ ചങ്ങലയിലേയ്ക്ക് ആഴത്തിലുള്ള ഉദ്ഗ്രഥനം, 'ജനങ്ങൾ തമ്മിലുള്ള ബന്ധവും അവരുടെ സാമ്പത്തിക, സാങ്കേതിക വിദ്യാ പങ്കാളിത്തവും മെച്ചപ്പെടുത്തൽ' തുടങ്ങി പതിവ് പല്ലവികളൊക്കെ ഇവിടെ നിരത്തിയിട്ടുണ്ട്. സാമ്പത്തിക സഹകരണത്തെയും മറ്റും ഇത് മെച്ചപ്പെടുത്തിയേക്കാം. എന്നാൽ അത് അസമമായ ഒരു പങ്കാളിത്തമായിരിക്കും; '2017 ലെ ആഗോള സംരംഭക സമ്മേളനത്തിന് ഗുണകരമായ കാര്യമാണ്. 'ബൗദ്ധിക സ്വത്തവകാശത്തിൽ കൂടുതൽ ഇടപെടലുകൾ' നടത്താനും ഇത് സഹായകമാകും. ഇതുകൂടാതെ, ഏഷ്യാ പെസഫിക് സാമ്പത്തിക സഹകരണ ഫോറത്തിൽ അംഗമാകാൻ ഇന്ത്യ കാണിക്കുന്ന താൽപ്പര്യത്തെയും അമേരിക്ക സ്വാഗതം ചെയ്യുന്നു. കാരണം ഇന്ത്യ ഏഷ്യൻ സമ്പദ്ഘടനയിലെ ചലനാത്മകമായ മേഖലയാണ്. അതായത് നല്ലവാക്കുകൾ പറഞ്ഞ് ഇന്ത്യയുടെ അസൂയാവഹമായ കമ്പോളവും ബൗദ്ധിക സ്വത്തവകാശവും തുറന്നെടുക്കാനും അവരുടെ നിയന്ത്രണത്തിലുള്ള സാമ്പത്തിക സഖ്യത്തിൽ ഇന്ത്യയെ ഉൾപ്പെടുത്താനുമാണ് അമേരിക്ക കരുക്കൾ നീക്കുന്നതെന്നർത്ഥം.

ശാസ്ത്രം, സംസ്ക്കാരം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുന്ന ഖണ്ഡികകളും പ്രസ്താവനയിലുണ്ട്. എന്നാൽ കാതലായിട്ടുള്ളത് മേൽപ്പറഞ്ഞ ഖണ്ഡികകളാണ്. പ്രതിരോധം, ആയുധം, സുരക്ഷ, കമ്പോളം, വ്യാപാരം, ബിസിനസ് തുടങ്ങിയവയാണ് ഇരുകൂട്ടർക്കും ഏറെ താൽപ്പര്യമുള്ള കാര്യങ്ങൾ.

*(ശേഷം 15-ാം പേജിൽ)*

## ലഹരിവിരുദ്ധ ദിനാചരണം.....

*(8-ാം പേജിൽ നിന്ന്)*

ഹെവൻ എന്ന സിനിമയുടെ പ്രദർശനവും തുടർന്ന് നടന്നു.

പ്രചോദന ഹരിപ്പാട് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ മുട്ടം നേതാജി സെന്ററിൽ ലഹരിവിരുദ്ധ സംഗമം നടന്നു. എസ്‌യുസിഐ (സി) സംസ്ഥാന കമ്മിറ്റിയംഗം വർഗ്ഗീസ് എം.ജേക്കബ് സംഗമം ഉദ്ഘാടനം ചെയ്തു. പ്രചോദന ജില്ലാ പ്രസിഡന്റ് എസ്.ശിൽപ അദ്ധ്യക്ഷത വഹിച്ചു. പ്രചോദന ആലപ്പുഴ ജില്ലാ സംഘാടകസമിതി കൺവീനർ എസ്.സൗഭാഗ്യലക്ഷമി, സംഘാടക സമിതിയംഗം എസ്.അലീന എന്നിവർ പ്രസംഗിച്ചു. മേഖലാ കമ്മിറ്റിയംഗം ജ്യോതിലക്ഷമി ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ജില്ലാ ജോയിന്റ് സെക്രട്ടറി എസ്. ദീപ്തി സ്വാഗതവും ഹരിപ്പാട് മേഖലാ കമ്മിറ്റിയംഗം ഗൗരി കൃതജ്ഞതയും പറഞ്ഞു.

### എറണാകുളം

ഒരുമാസക്കാലം നീണ്ടുനിൽക്കുന്ന ആചരണപരിപാടികളുടെ ജില്ലാതല ഉദ്ഘാടനം മുളന്തുരുത്തി ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിൽ നടന്നു. മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രഞ്ജികുര്യൻ ലഹരിവിരുദ്ധ കൂട്ടായ്മ ഉദ്ഘാടനം ചെയ്തു. മുളന്തുരുത്തി മേഖലാ പ്രസിഡന്റ് എം.ആർ.സെനിത്കുമാർ അദ്ധ്യക്ഷത വഹിച്ചു. മുളന്തുരുത്തി പോലീസ് സബ് ഇൻസ്പെക്ടർ ജയപ്രകാശ് വി. പ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്തു. ജില്ലാ ജനറൽ കൺവീനർ എൻ.ആർ.മോഹൻകുമാർ, റജി ഐപ്പ്, കെ.പി.പവിത്രൻ, പി.കെ.റജി, കെ.എ.ജോഷി, ജോളി പി.തോമസ്, വേണു മുളന്തുരുത്തി, കെ.ഒ.സുധീർ, എം.കെ.ഉഷ, ടി.സി.കമല എന്നിവർ പ്രസംഗിച്ചു.

മുളന്തുരുത്തി മേഖലയിലെ 16 സ്കുളൂകളെ കോർത്തിണക്കി ജൂൺ 27,28 തീയതികളിൽ ലഹരി വിരുദ്ധ സന്ദേശജാഥ സംഘടിപ്പിച്ചു. ചോറ്റാനിക്കര ഗവൺമെന്റ് ഹൈസ്ക്കൂൾ അങ്കണത്തിൽ ചോറ്റാനിക്കര ഗ്രാമപഞ്ചായത്തുപ്രസിഡന്റ് ഓമന ശശി ഉദ്ഘാടനം ചെയ്തു. 28-ാം തീയതി തലക്കോട് സെന്റ്മേരീസ് ഹയർസെക്കണ്ടറി സ്കൂൾ അങ്കണത്തിൽ നടന്ന രണ്ടാംദിന ജാഥ ഉദ്ഘാടനം എറണാകുളം എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ പി.വി.ഏലിയാസ് നിർവ്വഹിച്ചു. വിവിധ സ്കൂളുകളിൽ നടന്ന സന്ദേശജാഥയിൽ പി.പി.സജീവ്കുമാർ, കെ.എസ്.ഹരികുമാർ തുടങ്ങിയവരും പ്രസംഗിച്ചു. സന്ദേശജാഥയിൽ ലഹരിവിരുദ്ധ ഗാനം സത്കലാവിജയൻ, ബിനീഷ് പെരുമ്പിളി, എൻ.എം.ബാബു, കെ.എൻ.രാജി, രശ്മി രവി, എം.കെ.ഉഷ, ആഷ്നാ തമ്പി തുടങ്ങിയവർ ആലപിച്ചു.

ജൂലൈ 13 ന് മുളന്തുരുത്തിയിൽ നടക്കുന്ന ലഹരിവിരുദ്ധ കൂട്ടനടത്തവും സംഗമവും എക്സൈസ് കമ്മീഷണർ ഋഷിരാജ്സിംഗ് ഉദ്ഘാടനം ചെയ്യും. തൃപ്പൂണിത്തുറ തിരുവാങ്കുളം കമ്പിവേലിക്കകത്തു നടന്ന ലഹരിവിരുദ്ധ ദിനാചരണം മദ്യവിരുദ്ധ ജനകീയ സമരസമിതി ജില്ലാ കൺവീനർ പി.എം.ദിനേശൻ ഉദ്ഘാടനം ചെയ്തു. റ്റി.എ.വേലപ്പൻ, സി.ബി.അശോകൻ എന്നിവർ പ്രസംഗിച്ചു. തുടർന്ന് ഡോക്യുമെന്ററി പ്രദർശനവും പി.പി. സജീവ്കുമാറി(ബ്രേക്ക് ത്രൂ സയൻസ് സൊസൈറ്റി)ന്റെ പ്രഭാഷണവും നടന്നു.

### തൃശൂർ

പ്രചോദനയുടെ കൊടുങ്ങല്ലൂർ യൂണിറ്റ് സംഘടിപ്പിച്ച ലഹരിവിരുദ്ധ പ്രഭാഷണം മദ്യനിരോധന സമിതി നേതാവ് ശ്രീ. ഇസാബിൻ അബ്ദുൾകരിം നിർവ്വഹിച്ചു. പ്രചോദന യൂണിറ്റ് ഭാരവാഹികളായ സൂര്യ ഗായത്രി, ശ്രീലക്ഷ്മി, ആക്ഷ് പി.എസ്, കെ.വി.വിനോദ് തുടങ്ങിയവർ പ്രസംഗിച്ചു. ■




**ഹരിപ്പാട് നടന്ന ലഹരിവിരുദ്ധ സംഗമത്തിൽ ഇന്ദു പ്രസംഗിക്കുന്നു**



**കൊടുങ്ങല്ലൂരിൽ ഇസാബിൻ അബ്ദുൾ കരിം പ്രഭാഷണം നടത്തുന്നു**

## പശ്ചിമബംഗാൾ തെരഞ്ഞെടുപ്പ്:

# പാർട്ടിയുടെ അടിത്തറ കരുത്താർജ്ജിച്ചു

**ഫലപ്രവചനം നടത്തിയ പ്രീപോൾ സർവ്വേക്കാരുടെയും നല്ലൊരുപങ്ക് മാദ്ധ്യമങ്ങളുടെയും മുഖത്തടിക്കുംവിധമാണ് പശ്ചിമബംഗാൾ തെരഞ്ഞെടുപ്പ് ഫലം വന്നിരിക്കുന്നത്. പ്രവചനങ്ങളെയെല്ലാം തള്ളിക്കളഞ്ഞുകൊണ്ട് വോട്ടർമാർ 294-ൽ 211 സീറ്റു നൽകി തൃണമൂൽകോൺഗ്രസ്സിനെ അധികാരത്തിലെത്തിച്ചു. സിപിഐ(എം) കോൺഗ്രസ്സ് സഖ്യം അധികാരത്തിലെത്തുമെന്ന് ഒട്ടുമിക്കമാധ്യമങ്ങളും തറപ്പിച്ചുപറഞ്ഞിരുന്നു.**

അവസാന നാലുഘട്ടങ്ങളിൽ തൃണമൂൽ കോൺഗ്രസ്സിനെ അസ്വസ്ഥമാക്കുംവിധം സംസ്ഥാനത്തെ ഏറ്റവും വലിയ മാദ്ധ്യമസ്ഥാപനം ഇവർക്ക് അകമഴിഞ്ഞ പിന്തുണ നൽകിയിരുന്നു. അധികാരത്തിൽ തിരിച്ചെത്തുമെന്ന് ഉറച്ചുവിശ്വസിച്ചിരുന്ന സിപിഐ(എം) നേതാക്കളുടെയും പ്രവർത്തകരുടെയും ശരീരഭാഷയും സ്വരവുമൊക്കെ സംസ്ഥാനസെക്രട്ടറി സൂര്യകാന്തമിശ്ര മുതൽ താഴെത്തലംവരെ മാറിത്തുടങ്ങി. അധികാരത്തിലിരുന്നപ്പോൾ പ്രകടവും അധികാരം നഷ്ടപ്പെട്ടപ്പോൾ ഗോപ്യവുമായിരുന്ന ധാർഷ്ട്യവും ധിക്കാരവുമൊക്കെ പുറത്തുവരാൻ തുടങ്ങി. മന്ത്രിമാരുടെ വകുപ്പുകളെക്കുറിച്ചുവരെ മാദ്ധ്യമങ്ങൾ ചർച്ച തുടങ്ങിയിരുന്നു. എന്നാൽ ഘടകവിരുദ്ധമായിരുന്നു തെരഞ്ഞെടുപ്പ് ഫലം. കഴിഞ്ഞ തവണ കിട്ടിയതിന്റെ പകുതി സീറ്റേ സിപിഐ(എം)ന് കിട്ടിയുള്ളൂ. കോൺഗ്രസ്സിന്റെ സീറ്റിൽ നല്ല വർദ്ധനയുണ്ടായി. ഇതെങ്ങനെ സംഭവിച്ചുവെന്ന് പലരും അത്ഭുതപ്പെട്ടു. ഇതിന് ഉത്തരം പറയുന്നതിനുമുമ്പ് അൽപം പശ്ചാത്തലവിവരണം ആവശ്യമാണ്. കഴിഞ്ഞ 35 വർഷത്തെ സിപിഐ(എം) ദുർഭരണത്തിനെതിരെ നീറുന്ന ജീവിതപ്രശ്നങ്ങൾ ഉന്നയിച്ച എസ്‌യുസിഐ(സി) ഒറ്റയ്ക്ക് നിരവധി ജനാധിപത്യപ്രക്ഷോഭണങ്ങൾ നടത്തിയിരുന്നു. ചിലപ്പോഴൊക്കെ വിവിധ നക്സലൈറ്റ് പാർട്ടികളുമായി ചേർന്നും സമരങ്ങൾ നടത്തിയിരുന്നു. ഈ സമരങ്ങളിലൂടെ വീറുറ്റ ഇടതുപക്ഷീയതയുടെ കൊടിക്കൂറ ഉയർത്തിപ്പിടിക്കാനും ജനങ്ങളുടെ പ്രതിഷേധ ശബ്ദമുയർത്താനും കഴിഞ്ഞു. അതേസമയം തന്നെ പോലീസ് വെടിവയ്പ്പിലും സിപിഐ(എം) ഗുണ്ടകളുടെ ആക്രമണങ്ങളിലുമായി ഞങ്ങളുടെ 157 സഖാക്കൾ കൊല്ലപ്പെടുകയുമുണ്ടായി. പിന്നീട് ഒരു പ്രാദേശിക ബൂർഷ്വാ പാർട്ടിയായ തൃണമൂൽകോൺഗ്രസ്സുമായി ഞങ്ങൾ ഐക്യമുണ്ടാക്കി. സിംഗൂരിലും നന്ദിഗ്രാമിലും കുത്തകകൾക്കുവേണ്ടി ഫലഭൂയിഷ്ഠമായ കൃഷിഭൂമി കർഷകരിൽനിന്ന് ബലം പ്രയോഗിച്ച് പിടിച്ചെടുക്കുവാനുള്ള സിപിഐ(എം) സർക്കാരിന്റെ നീക്കത്തിനെതിരായ സമരത്തിനുവേണ്ടിയായിരുന്നു ഈ ഐക്യം. ഐതിഹാസികമായ നന്ദിഗ്രാം സമരവിജയത്തിനുശേഷം ജനങ്ങൾ സിപിഐ(എം) സർക്കാരിനെ താഴെയിറക്കി തൃണമൂൽ സർക്കാരിനെ അധികാരത്തിലെത്തിച്ചു.

എന്നാൽ പരിവർത്തനത്തിന്റെ കാഹളവുമായി വന്ന തൃണമൂൽ സർക്കാരിന്റെ 5 വർഷത്തെ ഭരണത്തിൽ ജനങ്ങൾ തീർത്തും അസംതൃപ്തരും നിരാശരുമായി. സിപിഐ(എം) ഭരണത്തിന്റെ തനിപ്പകർപ്പായാണ് അവർക്ക് ഈ ഭരണം അനുഭവപ്പെട്ടത്. സിപിഐ(എം) അവസാനിപ്പിച്ചിടത്തുനിന്നുതന്നെ തൃണമൂൽ ഭരണമാരംഭിച്ചു. വിലകൾ കുതിച്ചുയർന്നു. വൈദ്യുതി ചാർജ്ജ് 12 തവണകൂട്ടി. എട്ടാംക്ലാസ്സുവരെ ആൾപ്രമോഷൻ ഏർപ്പെടുത്തി. സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ തുറക്കുന്നതു സംബന്ധിച്ച കോലാഹലങ്ങൾക്കിടയിൽ സർക്കാർ ആശുപത്രികളുടെ സ്ഥിതി ദയനീയമായി. അവിടെ പരാധീനതകളും ഒപ്പം അഴിമതിയും അരങ്ങുവാണു. സ്വജനപക്ഷപാതവും അഴിമതി, മാഫിയവാഴ്ച, ഭരണത്തിലും പോലീസിലും അക്കാദമികസ്ഥാപനങ്ങളിലുമുള്ള പാർട്ടി ആധിപത്യം തുടങ്ങി സമസ്തമേഖലകളിലും സിപിഐ(എം) ദുർഭരണത്തിന്റെ തനിപ്പകർപ്പായി തൃണമൂൽ വാഴ്ച. സ്ത്രീകൾക്കുംകുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ, പെൺവാണിഭം, മദ്യത്തിന്റെ വ്യാപനം തുടങ്ങിയ രംഗങ്ങളിലൊക്കെ സിപിഐ(എം) ഭരണത്തെ കവച്ചുവച്ചു തൃണമൂൽ. കർഷക ആത്മഹത്യ, തോട്ടം തൊഴിലാളികളുടെ പട്ടിണിമരണം, വേശ്യാവൃത്തി, കുട്ടികളെ വിറ്റ് വിശപ്പടക്കൽ, ലക്ഷക്കണക്കിന് തൊഴിലാളികളെ വഴിയാധാരമാക്കിക്കൊണ്ട് ഫാക്ടറികൾ അടച്ചുപൂട്ടൽ എന്നിവയും തുടർന്നു. ജനജീവിതത്തിൽ ഒരു പരിവർത്തനവുമുണ്ടായില്ല. അതുകൊണ്ടുതന്നെ 2011 ലേതിൽനിന്നും തികച്ചും വ്യത്യസ്തമായി ഇത്തവണത്തെ തെരഞ്ഞെടുപ്പ് തണുപ്പനായിരുന്നു. ജനങ്ങളിൽ ഒരു ഉത്സാഹവും ആവേശവും ഉണ്ടായില്ല. എവിടെയും നിസ്സംഗതയും മ്ലാനതയും മാത്രം.

ഭരണകക്ഷിയും പ്രാദേശിക ബൂർഷ്വാപാർട്ടിയുമായ തൃണമൂൽ കോൺഗ്രസ്സ്, കപട മാർക്സിസ്റ്റുകളായ സിപിഐ(എം)ഉം ഭരണമുതലാളിവർഗ്ഗത്തിന്റെ വിശ്വസ്തവിധേയ പ്രസ്ഥാനമായ കോൺഗ്രസ്സും തമ്മിലുള്ള സഖ്യം, മുതലാളിവർഗ്ഗത്തിന്റെ മറ്റൊരു വിശ്വസ്തപാർട്ടിയും കടുത്ത ഹിന്ദുവർഗ്ഗീയവാദികളുമായ ബിജെപി എന്നിങ്ങനെ മൂന്നുകൂട്ടരായിരുന്നു ഇക്കുറി തെരഞ്ഞെടുപ്പിലെ മുഖ്യമത്സരക്കാർ. മറുവശത്ത്, ഇടതുപക്ഷീയതയുടെ യശസ്സും മാന്യതയും സംരക്ഷിക്കാനായി ഞങ്ങൾ 191 സീറ്റുകളിലും മത്സരിച്ചു. സിപിഐ(എംഎൽ) ലിബറേഷനുമായുള്ള ധാരണയെത്തുടർന്ന് 9 മണ്ഡലങ്ങളിൽനിന്ന് സ്ഥാനാർത്ഥികളെ പിൻവലിക്കുകയും ചെയ്തു.

തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിന് വളരെമുമ്പുതന്നെ ആറ് ഇടതുപക്ഷ പാർട്ടികൾ ചേർന്ന് സാമ്രാജ്യത്വ-വർഗ്ഗീയവിപത്തിനെതിരെ ദേശവ്യാപകമായ സമരം നടത്താൻ തീരുമാനിച്ചത് ബംഗാൾ ജനതയിൽ വലിയ സ്വാധീനമുണ്ടാക്കിയിരുന്നു. വലതുപക്ഷ പിന്തിരിപ്പത്തത്തിന്റെ സ്ഥാനത്ത് ഒരു ഇടതുപക്ഷ ബദൽ എന്ന പ്രതീക്ഷ അതുളവാക്കി. എന്നാൽ കോൺഗ്രസ്സുമായി തെരഞ്ഞെടുപ്പ് ധാരണയുണ്ടാക്കിക്കൊണ്ട് സിപിഐ(എം) നേതൃത്വം ഈ ഇടതുപക്ഷ ഐക്യത്തിൽ വിള്ളലുണ്ടാക്കി. രാജ്യത്തെ മുതലാളിവർഗ്ഗം ആസൂത്രിതമായനീക്കങ്ങളിലൂടെയും കലവറയില്ലാത്ത പിന്തുണ നൽകിയും കടുത്ത ഹിന്ദുവർഗ്ഗീയ പാർട്ടിയെ കേവല ഭൂരിപക്ഷത്തോടെ കേന്ദ്രത്തിൽ അധികാരത്തിലെത്തിച്ച സമയത്തായിരുന്നു ഈ സഖ്യം പടച്ചുണ്ടാക്കിയത്. വർഗ്ഗീയ പിരിമുറുക്കങ്ങൾക്കും കലാപങ്ങൾക്കുമൊക്കെ ഭരണകക്ഷി ഒത്താശനൽകി. യുക്തിരഹിതവും ശാസ്ത്രവിരുദ്ധമായ ചിന്താഗതി വളർത്തിയെടുത്തുകൊണ്ട് ചിന്തയുടെ മുനയൊടിച്ചു. പ്രമുഖ യുക്തിവാദികളെ അരുംകൊലചെയ്തു. കപട പാരമ്പര്യവാദവും അതിരുകടന്ന ദേശീയവാദവും ഊട്ടിവളർത്തി അദ്ധ്വാനിച്ചുജീവിക്കുന്ന ജനങ്ങളിൽ അവിശ്വാസവും വിദ്വേഷവും നിറച്ച് വർഗ്ഗീയ ചേരിതിരിവുണ്ടാക്കാനും അവർ ശ്രമം നടത്തി. മറുവശത്ത് ജനതാൽപ്പര്യം വെടിഞ്ഞ് സാമ്രാജ്യത്വശക്തികളുമായി, വിശേഷിച്ച് മാനവരാശിയുടെ കൊടിയശത്രുവായ അമേരിക്കൻ സാമ്രാജ്യത്വവുമായി ചങ്ങാത്തം സ്ഥാപിച്ചു. ഇത്തരമൊരു സാഹചര്യത്തിലാണ് ഇടുങ്ങിയ പാർലമെന്ററി താൽപ്പര്യങ്ങൾ മുൻനിർത്തി ഇടതുപക്ഷ മുന്നേറ്റത്തെ സിപിഐ(എം) പിന്നിൽനിന്ന് കുത്തിയത്. തെരഞ്ഞെടുപ്പ് വേളയിൽ അവർ കോൺഗ്രസ്സിനെ ഒരു ജനാധിപത്യ-മതേതര പ്രസ്ഥാനമായി ഉയർത്തിക്കാണിച്ചപ്പോൾ ഇടതുപക്ഷ ചിന്താഗതിക്കാർ മാത്രമല്ല, സാധാരണജനങ്ങൾപോലും ഞെട്ടിപ്പോയി. 1950 കളിലും 60 കളിലും നിലവിലിരുന്ന കോൺഗ്രസ്സ് വാഴ്ചക്കാലത്ത് അനേകം ഇടതുപക്ഷ പ്രവർത്തകർക്ക് പീഡനങ്ങൾ ഏൽക്കേണ്ടിവന്നിട്ടുണ്ട്. നിരവധി പേർ കൊല്ലപ്പെടുകയും ചെയ്തു. കോൺഗ്രസ്സിന്റെ അടിയന്തരാവസ്ഥയിലെ ഭരണവും ജനങ്ങൾ മറന്നിട്ടില്ല. എസ്മ, നാസ, ടാഡ, മിസ തുടങ്ങി നിരവധി കരിനിയമങ്ങൾ ആവിഷ്ക്കരിച്ചതും കോൺഗ്രസ് ഭരണമാണ്. യുഎപിഎ നിയമപ്രകാരം ഏതൊരാളെയും വിചാരണ കൂടാതെ 180 ദിവസം തടവിൽ പാർപ്പിക്കാൻ കഴിയും. കുപ്രസിദ്ധമായ അഫ്സ്പാ നിയമവും കോൺഗ്രസ് ഭരണത്തിന്റെ സൃഷ്ടിയാണ്. ഇതുപ്രകാരം പട്ടാളക്കാർ ആരെയെങ്കിലും കൊന്നാലും ബലാൽസംഗം ചെയ്താലും ഒരു നിയമനടപടിയുമുണ്ടാകില്ല. വോട്ടുബാങ്ക് സൃഷ്ടിക്കാനായി ജനങ്ങളിൽ അനൈക്യം വിതയ്ക്കാനായി എത്ര തവണയാണ് കോൺഗ്രസ് രാജ്യത്ത് വർഗ്ഗീയ കലാപങ്ങൾ സംഘടിപ്പിച്ചിട്ടുള്ളത്. ഡൽഹി തെരുവിനെ ചുവപ്പിച്ച സിക്ക് വിരുദ്ധ കലാപവും കോൺഗ്രസ് ആസൂത്രണം ചെയ്തതുതന്നെ. ബാബരി മസ്ജിദിന്റെ വാതിൽ ഹിന്ദുക്കൾക്ക് ആരാധനയ്ക്കായി രാജീവ്ഗാന്ധി തുറന്നുകൊടുത്തതും വർഗ്ഗീയാടിസ്ഥാനത്തിൽ വോട്ടുപിടിക്കാനായിരുന്നു. ആ ചരിത്രസ്മരകം ഹിന്ദുവർഗ്ഗീയവാദികൾ തകർത്തപ്പോൾ നിശബ്ദനായ കാഴ്ചക്കാരനായി ഒത്താശചെയ്തുകൊടുത്തതും മറ്റൊരു കോൺഗ്രസ്സ് പ്രധാനമന്ത്രിയായ നരസിംഹറാവു തന്നെ. ഏതാനും വോട്ടുകൾക്കുവേണ്ടി സിപിഐ(എം) ആ കോൺഗ്രസ്സിനെയാണ് ജനാധിപത്യ-മതേതര പാർട്ടിയായി അവതരിപ്പിച്ചത്. എന്തു കുറുക്കുവഴിയിലൂടെയും അധികാരം നേടാനുള്ള സിപിഐ(എം)ന്റെ കോൺഗ്രസ്സ് ബാന്ധവം ഇടതുപക്ഷ രാഷ്ട്രീയത്തെ ചവറ്റുകൊട്ടയിലെറിഞ്ഞിരിക്കുകയാണ്.

സിപിഐ(എം)ന്റെ ഈ അവസരവാദ വോട്ടു രാഷ്ട്രീയത്തിന്റെ സ്ഥാനത്ത്, ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട്, മാർക്സിസത്തിന്റെയും ഇടതുപക്ഷീയതയുടെയും പതാകയേന്തി നമ്മുടെ പാർട്ടി നിരന്തരം ജനാധിപത്യ ബഹുജന പ്രക്ഷോഭങ്ങൾ വളർത്തിയെടുക്കുകയായിരുന്നു എന്ന കാര്യം ജനങ്ങൾക്കറിയാം. തത്വങ്ങൾ വെടിഞ്ഞുകൊണ്ട് അധികാരത്തിന്റെ പിന്നാലെ പോകുന്നവരല്ല ഈ പാർട്ടിയുടെ നേതാക്കളും പ്രവർത്തകരുമെന്നും ജനങ്ങൾക്കറിയാം. ജനങ്ങൾ ഈ പ്രസ്ഥാനത്തെ ആദരവോടെയും പ്രതീക്ഷയോടെയുമാണ് കാണുന്നത്. ഈ സ്നേഹവും പ്രതീക്ഷയും പൂർണ്ണമായും ഉൾക്കൊണ്ട്, ഒരു യഥാർത്ഥ ഇടതുപക്ഷ പാർട്ടി എന്ന നിലയിൽ, ഇടതുപക്ഷീയതയുടെ അന്തസ്സ് കാത്തുപുലർത്തിക്കൊണ്ട്, വിപ്ലവ ലക്ഷ്യബോധത്തോടെയാണ് പാർട്ടി ഈ തെരഞ്ഞെടുപ്പിൽ 191 സീറ്റുകളിലേയ്ക്ക് മത്സരിച്ചത്. മുതലാളിത്തം മരണാസന്നമായിരിക്കുന്ന ഈ കാലയളവിൽ സ്വതന്ത്രവും നീതിപൂർവ്വകവുമായ തെരഞ്ഞെടുപ്പ് എന്നത് വെറും മിഥ്യയാണ്. പണച്ചാക്കുകളും അവരുടെ മാദ്ധ്യമങ്ങളും പോലീസ്-ഉദ്യോഗസ്ഥ-ക്രിമിനൽ സംഘങ്ങളുമാണ് ഇന്ന് തെരഞ്ഞെടുപ്പ് നിയന്ത്രിക്കുന്നത്. ഒരു വിപ്ലവ പാർട്ടി എന്ന നിലയിൽ എസ്‌യുസിഐ(സി) ഇതിൽ നിന്നെല്ലാം ഏറെ അന്യമായി നിൽക്കുന്നു. അതുകൊണ്ടാണ് എസ്‌യുസിഐ(സി)ക്ക് മാദ്ധ്യമങ്ങളിൽ ഒട്ടു ഇടം കിട്ടാത്തതെന്ന് ജനങ്ങൾക്ക് മനസ്സിലാക്കാൻ കഴിയും. ന്യായമായ ജനകീയ പ്രക്ഷോഭങ്ങൾ നയിക്കുന്ന ഒരു സമരശക്തിയെന്ന നിലയിൽ എസ്‌യുസിഐ(സി) ജനങ്ങള ആശ്രയിച്ചുകൊണ്ടാണ് സമരങ്ങൾ സംഘടിപ്പിക്കുന്നതും തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ നടത്തുന്നതും. ഇത്തവണ തെരഞ്ഞെടുപ്പ് നടന്നത് അത്യുഷ്ണത്തിലാണ്. ആ കൊടുംചൂടിൽ മൂന്നുമാസക്കാലവും പാർട്ടി പ്രവർത്തകർ ജനങ്ങളെ സമീപിച്ച് പാർട്ടിയുടെ ആശയവും കാഴ്ചപ്പാടുകളും അവരിലെത്തിച്ചു. ഒരു കോടിയിലേറെ നോട്ടീസുകൾ വിതരണം ചെയ്തു. 3,18,420 പാർട്ടി പ്രസിദ്ധീകരണങ്ങൾ വിൽപ്പന നടത്തി. മഹാനായ നേതാവ് സഖാവ് ശിബ്ദാസ് ഘോഷിന്റെ പ്രസംഗങ്ങളടങ്ങിയ പുസ്തകങ്ങളും അവയിലുൾപ്പെടും. പഴയവരും പുതിയവരുമുൾപ്പെടെ 13527 സഖാക്കൾ അക്ഷീണം പ്രവർത്തനം നടത്തി. അവരിൽ 321 പേർ കുറേക്കാലമായി സജീവമായി രംഗത്തില്ലാതിരുന്നവരാണ്. പ്രവർത്തനമുള്ള സ്ഥലങ്ങളിൽ മാത്രമല്ല, പുതിയ മേഖലകളിലും ശക്തമായ പ്രചാരണം നടന്നു. ജനങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന ഏക പ്രസ്ഥാനമെന്ന നിലയിൽ വലിയ പിന്തുണയാണ് ജനങ്ങളിൽ നിന്ന് പാർട്ടിക്ക് ലഭിച്ചത്. പ്രവർത്തകരുടെ ആത്മാർത്ഥതയും കഠിനാദ്ധ്വാനവും ലക്ഷ്യബോധവും ജനങ്ങളിൽ വലിയ മതിപ്പുളവാക്കി. മറ്റു പാർട്ടികളിൽപ്പെട്ടവരടക്കമുള്ള ഇടതുപക്ഷ വിശ്വാസികളും സാധാരണ ജനങ്ങളും ആവേശത്തോടെയാണ് പ്രവർത്തകരെ സ്വീകരിച്ചത്. മുഖ്യധാരാ പാർട്ടികളുടെ മാദ്ധ്യമപിന്തുണയോടെയുള്ള ആരോപണപ്രത്യാരോപണങ്ങളും പണക്കൊഴുപ്പും അധാർമ്മികമായ കൂട്ടുകെട്ടുകളുമൊക്കെ ജനങ്ങളിൽ അവജ്ഞയും വെറുപ്പുമുളവാക്കുന്നതായിരുന്നു. നരേന്ദ്രമോദിയും മമതാബാനർജിയും തമ്മിലുള്ള രഹസ്യധാരണയോ കോൺഗ്രസ്-സിപിഐ(എം) ബാന്ധവമോ ഒന്നും ഗൗരവാവഹമായ രാഷ്ട്രീയ വിഷയങ്ങളെയോ ജനങ്ങളുടെ ജീവിത പ്രശ്നങ്ങളെയോ ആസ്പദമാക്കിയുള്ളതായിരുന്നില്ല. എന്നാൽ, മുതലാളിത്ത ചൂഷണത്തിനും അടിച്ചമർത്തലിനും വർഗ്ഗീയ വിപത്തിനുമെതിരെ ജനാധിപത്യ ബഹുജന സമരങ്ങൾ വളർത്തിയെടുക്കുക എന്ന വിപ്ലവ രാഷ്ട്രീയ ലൈൻ ഉയർത്തിപ്പിടിച്ചുകൊണ്ട് അങ്ങേയറ്റം ആത്മാർത്ഥതയോടെയും പ്രതിബദ്ധതയോടെയും നമ്മുടെ പാർട്ടി പ്രവർത്തകർ നടത്തിയ തെരഞ്ഞെടുപ്പ് പ്രവർത്തനം ജനങ്ങളിൽ അങ്ങേയറ്റം മതിപ്പുളവാക്കുകയും ചെയ്തു.

ഏറ്റവും ദരിദ്രരായ ഗ്രാമീണരടക്കമുള്ള ജനങ്ങൾ അകമഴിഞ്ഞ് നൽകിയ സംഭാവനയിലൂടെ ഒരു കോടി ഇരുപത്തിരണ്ടുലക്ഷം രൂപയുടെ തെരഞ്ഞെടുപ്പ് പ്രവർത്തന ഫണ്ട് സ്വരൂപിക്കാൻ നമുക്ക് കഴിഞ്ഞു. സിപിഐ(എം), തൃണമൂൽ ഉൾപ്പെടെ മറ്റു പാർട്ടിക്കാരായ 5991 പേർ പ്രവർത്തനങ്ങളെ സഹായിച്ചു. 819 പൊതുയോഗങ്ങളും 4653 കോർണർ മീറ്റിംഗുകളും 2798 ഹാൾമീറ്റിംഗുകളും നടത്തി. ജനങ്ങളുടെ അകമഴിഞ്ഞതും ആവേശദായകവുമായ പിന്തുണയോടെ നടത്തിയ ഇത്ര ഉശിരാർന്ന പ്രകടനത്തിന്റെ പ്രതിഫലനം പക്ഷേ തെരഞ്ഞെടുപ്പ് ഫലത്തിൽ ഉണ്ടായില്ല.

തെരഞ്ഞെടുപ്പ് സംബന്ധമായ ശ്രദ്ധേയമായ ഒരു കാര്യം ഇവിടെ ചൂണ്ടിക്കാണിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. സംസ്ഥാനത്തെ ഏറ്റവും വലിയ കുത്തക മാദ്ധ്യമസ്ഥാപനവും മറ്റു പല മാദ്ധ്യമങ്ങളും കോൺഗ്രസ്-സിപിഐ(എം) സഖ്യത്തിനുവേണ്ടി ശക്തമായി നിലകൊണ്ടിരുന്നു. സിപിഐ(എം) അസ്തമിച്ചു പോകുന്നതിൽ കുത്തകകളിൽ ഒരു വിഭാഗത്തിനെങ്കിലും താൽപ്പര്യമില്ല എന്നാണിതു കാണിക്കുന്നത്. സമരപാത വെടിഞ്ഞ, അധികാരത്തിലിരിക്കുമ്പോൾ മുതലാളിവർഗ്ഗ സേവ നടത്തുന്നതിൽ കഴിവു തെളിയിച്ചിട്ടുള്ള ഒരു സോഷ്യൽ ഡെമോക്രാറ്റിക് പ്രസ്ഥാനമാണ് സിപിഐ(എം). ഭരണമുതലാളിവർഗ്ഗത്തിന്റെ വിശ്വസ്ത രാഷ്ട്രീയ സംഘടനയാണ് കോൺഗ്രസ്സ്. ബംഗാളിൽ ഈ രണ്ടു സംഘടനകളും ജനങ്ങളുടെ അവമതിക്ക് പാത്രമായവരും ഒറ്റയ്ക്ക് തൃണമൂൽ കോൺഗ്രസ്സിനെ എതിരിടാൻ ശേഷിയില്ലാത്തവരുമാണ്. എന്നാൽ ഇവർ

*(ശേഷം 11-ാം പേജിൽ)*

# വിദ്യാഭ്യാസ വായ്പ : ജപ്തി നടപടികൾ തടയും - ഐഎൻപിഎ




ഐഎൻപിഎ തൃശൂർ ജില്ലാ പ്രവർത്തകയോഗം സംസ്ഥാനപ്രസിഡന്റ് ഡോ.ഡി.സുരേന്ദ്രനാഥ് ഉദ്ഘാടനം ചെയ്യുന്നു.

**വി**ദ്യാഭ്യാസ വായ്പയെടുത്ത കുടുംബങ്ങളെ ജപ്തിചെയ്യുവാൻ ബാങ്കുകൾവന്നാൽ ശക്തമായി നേരിടാൻ ഐഎൻപിഎ തൃശൂർ ജില്ലാ പ്രവർത്തകയോഗം തീരുമാനിച്ചു. സ്ഥിരം തൊഴിലും മെച്ചപ്പെട്ട ശമ്പളവും ഉറപ്പാക്കി വായ്പാക്കെണിയിൽ നിന്നും കുടുംബങ്ങളെ രക്ഷിക്കുക, വായ്പ പൂർണ്ണമായി സർക്കാർ ഏറ്റെടുക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് ഐഎൻപിഎ കമ്മിറ്റി സംഘടിപ്പിച്ച ജില്ലാ പ്രവർത്തകയോഗത്തിലാണ് ഇത്തരമൊരു തീരുമാനം കൈക്കൊണ്ടത്. സംസ്ഥാനപ്രസിഡന്റ് ഡോ. ഡി.സുരേന്ദ്രനാഥ് യോഗം ഉൽഘാടനം ചെയ്തു.

കള്ളക്കണക്കെഴുതി ജില്ലാ ഭരണകൂടത്തിനെയും വില്ലേജധികാരികളേയും തെറ്റിദ്ധരിപ്പിച്ചാണ് ബാങ്കുകൾ ജപ്തി നടപടികൾക്ക് സാധുതയുണ്ടാക്കുന്നത്. ബാങ്കുകളുടെ കണക്കുകൾ സത്യമാണോ എന്ന് പരിശോധിക്കാതെ വില്ലേജധികാരികൾക്ക് കളക്ടർ ജപ്തി ഉത്തരവിടുന്നത് അപലപനീയമാണ്. കടക്കെണിയിലായ വിദ്യാർത്ഥികളുടെ വായ്പാപലിശ എഴുതിതള്ളുവാൻ കേന്ദ്ര സർക്കാർ അനുവദിച്ച 2600 കോടി രൂപ അർഹരായവർക്ക് നിഷേധിച്ച ബാങ്കുകൾക്ക് ഇത്തരം ഒരു നടപടി സ്വീകരിക്കുവാൻ യാതൊരു ധാർമ്മിക അവകാശമില്ല. വരുമാനമോ മറ്റ് ആസ്തിയോ ഇല്ലാത്തവരാണ് വായ്പയെടുത്തവരിലേറെയും. ഒരു തൊഴിലോ വരുമാനമോ ലഭിക്കാതെ കടക്കെണിയിലകപ്പെട്ട് ആത്മഹത്യയുടെ വക്കിൽ നിൽക്കുന്ന കുടുംബങ്ങളെ രക്ഷപെടുത്തുവാനുള്ള നടപടികൾ സർക്കാർ ഊർജിതപ്പെടുത്തണം. കഴിഞ്ഞ യുഡിഎഫ് സർക്കാരിന്റെ കാലത്ത് തുടങ്ങിയതും 3വർഷത്തിലേറെയായി നിലനിന്നിരുന്നതുമായ, ജപ്തി നടപടികളിൽമേലുള്ള മൊറട്ടോറിയത്തിന്റെ കാലാവധി മെയ് 30ന് കഴിഞ്ഞ സാഹചര്യത്തിലാണ് ബാങ്കുകൾ ഇത്തരം നടപടികൾക്ക് പുറപ്പെടുന്നത്. സമൂഹത്തിന് വേണ്ടി മാത്രം സേവനമനുഷ്ഠിക്കുന്നവരാണ് നഴ്സുമാരും ഇതര വിഭാഗങ്ങളും. അവരുടെ പഠനത്തിനും സാമൂഹ്യമായ നിലനിൽപ്പിനും ബാധ്യതപ്പെട്ടിരിക്കുന്നത് സർക്കാരാണ്. അതിനാൽ മക്കൾക്ക് വിദ്യാഭ്യാസം നൽകിയതിന്റെ പേരിൽ രക്ഷിതാക്കൾ ആത്മഹത്യ ചെയ്യേണ്ടിവരുന്ന ഈ സാഹചര്യത്തിൽ വിദ്യാഭ്യാസ-തൊഴിൽ മേഖല നേരിടുന്ന ഗുരുതരങ്ങളായ ഈ പ്രശ്നങ്ങളുടെ പൂർണ്ണ ഉത്തരവാദിത്തം സർക്കാർ ഏറ്റെടുക്കേണ്ടതാണെന്ന് യോഗം ഉൽഘാടനം ചെയ്ത ഡോ. ഡി.സുരേന്ദ്രനാഥ് പറഞ്ഞു.

മുഖ്യമന്ത്രിക്കുള്ള പരാതി ജില്ലാകലക്ടർ വഴി കൊടുക്കുമെന്നും അതിനായി കലക്ട്രേറ്റിനു മുമ്പിൽ ജൂലൈ 15 ന് പ്രതിഷേധ ധർണ്ണ നടത്തുമെന്നും ഭാരവാഹികൾ അറിയിച്ചു. യോഗത്തിൽ ജില്ലാ പ്രസിഡന്റ് ഡോ. പി.എസ്.ബാബു അദ്ധ്യക്ഷതവഹിച്ചു.ജില്ലാ കോ-ഓർഡിനേറ്റർ സി.കെ.ശിവദാസൻ വിഷയാവതരണം നടത്തി. ടി.വാസുദേവൻ, എം.എ.മത്തായി, മാത്യു തോമസ്, അഡ്വ. സുജ ആന്റണി എന്നിവർ സംസാരിച്ചു. എ.എം. സുരേഷ് സ്വാഗതവും സി.ആർ. ഉണ്ണികൃഷ്ണൻ നന്ദിയും പറഞ്ഞു. ■

# നിയമവിരുദ്ധമായി പൂട്ടിയ കശുവണ്ടി ഫാക്ടറികൾ ഉടൻ തുറക്കണം -കശുവണ്ടിത്തൊഴിലാളി സെന്റർ

**കേ**രളത്തിലെ അടഞ്ഞു കിടക്കുന്ന മുഴുവൻ കശുവണ്ടി ഫാക്ടറികളും ഉടൻ തുറക്കാൻ നടപടി സ്വീകരിക്കണമെന്നും, നിയമവിരുദ്ധമായി പൂട്ടിയ ഫാക്ടറികളിലെ തൊഴിലാളികൾക്ക് ഇഎസ്.ഐ. ആനുകൂല്യവും ലേ ഓഫ് കോമ്പൻസേഷനും ലഭിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുക, വേണ്ടിവന്നാൽ ഇത്തരം ഫാക്ടറികൾ സർക്കാർ ഏറ്റെടുക്കുക, അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് ഇടക്കാലശ്വാസമായി 5000 രൂപ അനുവദിക്കുക, കാഷ്യൂ കോർപ്പറേഷൻ, കാപ്പെക്സ് ഫാക്ടറികൾ മാതൃകാതൊഴിലുടമ എന്ന നിലയിൽ പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തുക, മിനിമം കൂലിയും ഡിഎയും നിഷേധിക്കുന്ന തൊഴിലുടമകൾക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിക്കുക തുടങ്ങിയ ഡിമാന്റുകൾ ഉന്നയിച്ചുകൊണ്ട് കശുവണ്ടി വ്യവസായത്തിന്റെ ചുമതലയുള്ള മന്ത്രി ശ്രീമതി മേഴ്സിക്കുട്ടിയമ്മയ്ക്ക് എഐയുടിയുസി-കശുവണ്ടി തൊഴിലാളി സെന്റർ നിവേദനം നൽകുകയും കുരീപ്പള്ളി വിഎൽസിയുടെ സൺഫുഡ് കോർപ്പറേഷൻ എന്ന കശുവണ്ടി ഫാക്ടറിക്ക് മുമ്പിൽ യൂണിയന്റെ നേതൃത്വത്തിൽ പ്രതിഷേധ ധർണ്ണ നടത്തുകയുംചെയ്തു. കശുവണ്ടി തൊഴിലാളി സെന്റർ ജനറൽ സെക്രട്ടറി സ.എസ്. രാധാകൃഷ്ണൻ ധർണ്ണ ഉദ്ഘാടനം ചെയ്തു. എഐയുടിയുസി ജില്ലാസെക്രട്ടറി സ.ബി.വിനോദ് അദ്ധ്യക്ഷത വഹിച്ചു. ജില്ലാക്കമ്മിറ്റിയംഗങ്ങളായ ബി.രാമചന്ദ്രൻ, എസ്.ഹരിദാസൻ എന്നിവർ പ്രസംഗിച്ചു. ■



കൊല്ലം കുരീപ്പള്ളി വിഎൽസി കാഷ്യുഫാക്ടറിയുടെ മുന്നിൽ നടന്ന ധർണ്ണ സഖാവ് എസ്.രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു

# പശ്ചിമബംഗാൾ തെരഞ്ഞെടുപ്പ്....

*(10-ാം പേജിൽ നിന്ന്)*

തമ്മിലുള്ള സഖ്യം ഉറപ്പുവരുത്തിക്കൊണ്ട് ഒരു ശ്രമം നടത്താനാണ് മുതലാളിവർഗ്ഗം തുനിഞ്ഞത്. ഈ മുതലാളിവർഗ്ഗ പദ്ധതിക്ക് വശംവദരായാണ് സിപിഐ(എം) കോൺഗ്രസ്സുമായി സഖ്യത്തിന് തയ്യാറായത്. ഇത് തികച്ചും ജനാധിപത്യ വിരുദ്ധവും കപട മതേതരവും മൃദുവർഗ്ഗീയ നിലപാടുമുള്ള കോൺഗ്രസ്സിന് സ്വന്തം പ്രതിഛായ മെച്ചപ്പെടുത്താൻ സഹായകരമായി. ജനങ്ങളെ പതിറ്റാണ്ടുകളോളം കഷ്ടപ്പെടുത്തിയിട്ടുള്ള, ഇനി അവസരം ലഭിച്ചാലും അതുതന്നെ ചെയ്യുമെന്നുറപ്പുള്ള കോൺഗ്രസ്സിനാണ് ഇങ്ങനെയോരു നേട്ടമുണ്ടാക്കിക്കൊടുത്തത്. അതുകൊണ്ടാണ്, തൃണമൂൽ നേതാക്കളും മന്ത്രിമാരും ഒരു വ്യാജ കമ്പനിയിൽ നിന്ന് കോഴവാങ്ങിക്കുന്നത് ആവർത്തിച്ച് സംപ്രേക്ഷണം ചെയ്തുകൊണ്ടിരുന്നത്. സഖ്യം നേടുന്ന സീറ്റുകളെക്കുറിച്ചും മന്ത്രിസഭയുടെ ഘടനയെക്കുറിച്ചുമൊക്കെ സർവ്വേകൾ കണക്കുകൾ നിരത്തിക്കൊണ്ടിരുന്നു. സഖ്യം ജയിക്കാൻ പോകുന്നു, അഥവാ തൃണമൂലിന് കടുത്ത മത്സരം നേരിടേണ്ടിവരുന്നു എന്ന് ആവർത്തിച്ച് മാദ്ധ്യമങ്ങൾ പറഞ്ഞുകൊണ്ടിരുന്നു. ഈ മൂന്ന് സഖ്യങ്ങളുമായും ബന്ധമില്ലാത്ത ജനങ്ങളുടെ മനസ്സിൽ ഇത് അങ്കലാപ്പുണ്ടാക്കി. സിപിഐ(എം) ന്റെ ശോഭനമായ ഭാവിയും കോൺഗ്രസ്സിന്റെ തിരിച്ചുവരവും അവർ മുന്നിൽ കണ്ടു. പലരും അവരുടെ ഭീതി പരസ്യമായി പ്രകടിപ്പിച്ചു. സിപിഐ(എം) ഭരണത്തിന്റെ പേടിപ്പെടുത്തുന്ന ഓർമ്മകൾ തികട്ടി വന്നു. കോൺഗ്രസ് ഭരണവും അവർക്ക് സ്വാഗതാർഹമായിരുന്നില്ല. ഭരണം നഷ്ടപ്പെട്ടതിനുശേഷം മാളത്തിലൊളിച്ചിരുന്ന പല സിപിഐ(എം) നേതാക്കളും പഴയ അരോചക ഭാവത്തോടെ പ്രത്യക്ഷപ്പെട്ടുതുടങ്ങി. ഇതും സാധാരണ ജനങ്ങളെ കൂടുതൽ ആശങ്കാകുലരാക്കി. തൃണമൂൽ ക്യാമ്പിലും ഉത്സാഹം കുറഞ്ഞു. അവർ സാദ്ധ്യതകൾ പുനരവലോകനം ചെയ്യാൻ തുടങ്ങി. ഇതോടെ സഖ്യത്തിനെതിരെ നിന്നവരും നിഷ്പക്ഷരുമെല്ലാം തൃണമൂലിനനുകൂലമായി തിരിഞ്ഞു. നിശബ്ദമെങ്കിലും ഈ തരംഗം തൃണമൂലിന് കേവലഭൂരിപക്ഷം നേടിക്കൊടുത്തു. ഇത്ര വമ്പിച്ച വിജയം തൃണമൂൽ നേതാക്കൾപോലും പ്രതീക്ഷിച്ചിരുന്നില്ല.

ഏതെങ്കിലും പാർട്ടിയുടെ അഥവാ മുന്നണിയുടെ ഉറച്ച വോട്ടിനേക്കാൾ കൂടുതലായിരിക്കും നിഷ്പക്ഷമായ വോട്ടുകൾ എന്ന കാര്യം ഇവിടെ ഒരിക്കൽക്കൂടി സ്ഥാപിക്കപ്പെടുകയാണ്. ഈ നിഷ്പക്ഷ വോട്ടുകൾ തരപ്പെടുത്തി വിജയമുറപ്പാക്കാനാണ് സ്ഥാപിത താൽപ്പര്യക്കാർ തന്ത്രങ്ങൾ മെനയുന്നതും പണമിറക്കുന്നതും മറ്റും. ഈ വിഭാഗം സിപിഐ(എം)ന്റെ തിരിച്ചു വരവിനെക്കുറിച്ചുള്ള ആശങ്കമൂലം തൃണമൂലിന് അനുകൂലമായി വോട്ടുചെയ്തു, തൃണമൂലിനോടുള്ള ആഭിമുഖ്യമല്ല അതിനു കാരണമെങ്കിൽപ്പോലും. തൃണമൂലിന് അനുകൂലമായ നിശബ്ദ തരംഗമുണ്ടായത് അങ്ങനെയാണ്. തൃണമൂലിന്റെ ഭരണം ഒട്ടും അംഗീകരിക്കാനാവാത്തതായിരുന്നെങ്കിലും സിപിഐ (എം)-കോൺഗ്രസ് സഖ്യത്തിനനുകൂലമായി മാദ്ധ്യമങ്ങൾ പ്രചാരണം നടത്തുന്നതിനനുസരിച്ച് ഈ തരംഗം ശക്തമായിക്കൊണ്ടിരുന്നു.

ഈ പശ്ചാത്തലത്തിൽ വേണം ജയ്നഗർ, കുൽത്താലി മണ്ഡലങ്ങളുടെ ഫലം വീക്ഷിക്കാൻ. സംസ്ഥാനത്ത് 191 മണ്ഡലങ്ങളിലായി 3.5 ലക്ഷം വോട്ടുകൾ നമ്മുടെ പാർട്ടിക്ക് നേടാനായി. നിരന്തരമായ വർഗ്ഗ-ബഹുജന സമരങ്ങളിലൂടെ ജയ്നഗർ, കുൽത്താലി മണ്ഡലങ്ങളിൽ നമുക്ക് ശക്തമായ ജനകീയ അടിത്തറ വികസിച്ചു വന്നിട്ടുണ്ട്. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഒറ്റയ്ക്ക് മത്സരിച്ചപ്പോൾ കിട്ടിയതിനേക്കാൾ അൽപം വോട്ട് ഇക്കുറി കൂടുതലും കിട്ടി. ജയ്നഗറിൽ 4000 വോട്ട് വർദ്ധിച്ച് 39000 ആയി. കുൽത്താലിയിൽ 1000 വോട്ട് കൂടി 49000 ആയി അതായത് നമ്മുടെ ഉറച്ച് വോട്ടുകളിൽ ഒരു കുറവും വന്നിട്ടില്ല. എന്നുമാത്രമല്ല നേരിയ വർദ്ധന ഉണ്ടാകുകയും ചെയ്തു. എന്നാൽ വിജയം നിർണ്ണയിക്കുന്ന നിഷ്പക്ഷ വോട്ടുകൾ നമുക്ക് അനുകൂലമായില്ല. തരംഗമുണ്ടായിരുന്നു. അതോടൊപ്പം തെരഞ്ഞെടുപ്പിലെ ഒരു സ്ഥിരം ഏർപ്പാടായിക്കഴിഞ്ഞിരിക്കുന്ന മദ്യത്തിന്റെയും പണത്തിന്റെയും വിതരണം, വലിയ പാർട്ടികൾ ഉദാരമായി നടത്തി. ജോലി വാഗ്ദാനം, പഞ്ചായത്തിൽ നിന്നുള്ള ആനുകൂല്യങ്ങൾ നിർത്തുമെന്ന ഭീഷണി എന്നിവയുമുണ്ടായിരുന്നു. ഈ ഘടകങ്ങളെല്ലാം തെരഞ്ഞെടുപ്പിൽ സ്വാധീനം ചെലുത്തി. നമ്മുടെ അഭ്യുദയാകാംഷികളിൽപ്പോലും ഇതെല്ലാം സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്. നമ്മുടെ തെരഞ്ഞെടുപ്പ് റാലികളിൽ യുവാക്കളുടെ വമ്പിച്ച പങ്കാളിത്തം കണ്ടവർ ചുരുങ്ങിയപക്ഷം ജയ്നഗറിലെങ്കിലും നമ്മൾ വിജയിക്കുമെന്ന് ഉറച്ചുവിശ്വസിച്ചിരുന്നു. എന്നാൽ മേല്പ്പറഞ്ഞ നിശബ്ദ തരംഗവും മറ്റു ഘടകങ്ങളും ഈ രണ്ട് മണ്ഡലങ്ങളിലെ ഫലത്തെയും നിർണ്ണയിക്കുകയാണുണ്ടായത്.

ഒരു സീറ്റിലും ജയിക്കാനായില്ലെങ്കിലും തെരഞ്ഞെടുപ്പിൽ നമുക്കുണ്ടായ നേട്ടം വമ്പിച്ചതാണ്. സിപിഐ(എം) ഇടതുപക്ഷ താൽപ്പര്യം വെടിഞ്ഞ് തെരഞ്ഞെടുപ്പ് നേട്ടങ്ങൾക്കായി കോൺഗ്രസ്സുമായി ചങ്ങാത്തമുണ്ടാക്കിയപ്പോൾ നമ്മുടെ പാർട്ടി ചങ്കൂറ്റത്തോടെ ഇടതുപക്ഷീയതയെ മുറുകെ പിടിച്ചുകൊണ്ട് സധൈര്യം തെരഞ്ഞെടുപ്പിനെ നേരിട്ടു എന്നത് ജനങ്ങൾ കണ്ടു. മാദ്ധ്യമങ്ങൾ പാടെ അവഗണിച്ചിട്ടും നമുക്ക് 3.5 ലക്ഷം വോട്ടുകൾ കിട്ടി. 191 മണ്ഡലങ്ങളിലായി പാർട്ടി സാഹിത്യ വിൽപ്പനയിലൂടെയും അനേകം പൊതുയോഗങ്ങളിലൂടെയും മറ്റും നടത്തിയ പ്രത്യയശാസ്ത്ര-രാഷ്ട്രീയ പ്രചാരണത്തിലൂടെ അതിവിപുലമായൊരു ജനവിഭാഗത്തിലേയ്ക്ക് നമുക്ക് ചെന്നെത്താൻ കഴിഞ്ഞു. മറ്റു പല നേട്ടങ്ങളുടെയും കാര്യം മുമ്പ് സൂചിപ്പിച്ചുവല്ലോ. തെരഞ്ഞെടുപ്പ് പരാജയം സിപിഐ(എം)-ൽ സഖ്യത്തെ സംബന്ധിച്ചുള്ള തർക്കങ്ങൾക്കും മുന്നണിയിലാകെ നിരാശയ്ക്കുമൊക്കെ വഴിവച്ചപ്പോൾ എസ്‌യുസിഐ(സി) ഒട്ടും കൂസലില്ലാതെ പതിവുപോലെ ജനങ്ങളുടെ പ്രശ്നങ്ങളുന്നയിച്ചുകൊണ്ട് തെരുവിലിറങ്ങുന്നതും ജനങ്ങൾ തിരിച്ചറിയുന്നുണ്ട് എന്ന കാര്യമാണ് ഒടുവിലായി ചൂണ്ടിക്കാണിക്കാനുള്ളത്. പാർട്ടിയുടെ പോരാട്ട വീര്യത്തിന് അണുവിടപോലും കുറവുവന്നിട്ടില്ല. എന്നുമാത്രമല്ല അത് വർദ്ധിച്ചിരിക്കുന്നു. ഇത് നമ്മളെ മറ്റുള്ളവരിൽ നിന്ന് പ്രകടമായും വേർതിരിക്കുന്നു. നമ്മുടെ നേതാവും ഗുരുവും മാർഗദർശിയുമായ സഖാവ് ശിബ്ദാസ് ഘോഷിന്റെ അമൂല്യമായ പാഠം— "രാഷ്ട്രീയത്തിൽ പുറമേയ്ക്ക് പല ശക്തികളുടെയും സാന്നിദ്ധ്യം കാണുമെങ്കിലും മാദ്ധ്യമങ്ങൾ മത്സരക്കാരായി പലരെയും ഉയർത്തിക്കാണിക്കുമെങ്കിലും വിപ്ലവത്തിനുവേണ്ടി നിലകൊള്ളുന്നവരും വിപ്ലവ വിരുദ്ധരുമെന്ന രണ്ട് ശക്തികളേ രാഷ്ട്രീയത്തിലുള്ളൂ." ഉന്നതമായ തൊഴിലാളിവർഗ്ഗ സംസ്ക്കാരം അടിത്തറയാക്കി പൊരുതുന്ന യഥാർത്ഥ ഇടതുപക്ഷ പാർട്ടി എന്ന നമ്മുടെ പാർട്ടിയുടെ പ്രതിച്ഛായ ഇതോടെ ഒന്നുകൂടി ദൃഢമായിരിക്കുന്നു. വർഗ്ഗ-ബഹുജന സമരങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിയും മാർക്സിസം-ലെനിനിസം-ശിബ്ദാസ്ഘോഷ് ചിന്തകൾ അദ്ധ്വാനിക്കുന്ന ജനങ്ങൾക്കിടയിൽ കൂടുതൽ വ്യാപകമായി പ്രചരിപ്പിച്ചും നമ്മൾ സാക്ഷാത്ക്കരിക്കാൻ പ്രതിജ്ഞാബദ്ധമായിരിക്കുന്ന മുതലാളിത്തവിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവ പ്രക്രിയയെ കൂടുതൽ ത്വരിതപ്പെടുത്താൻ ഈ ജന പിന്തുണ നമുക്ക് വമ്പിച്ച പ്രചോദനം നൽകുന്നു. ■

# തകരുന്ന യൂറോപ്യൻ യൂണിയൻ: ലോക മുതലാളിത്തത്തിന്റെ മൂർച്ഛിക്കുന്ന ആഭ്യന്തരവൈരുദ്ധ്യങ്ങളുടെ പ്രതിഫലനം

**2016 ജൂൺ 23ന് നടന്ന ഹിതപരിശോധനയിൽ ബ്രിട്ടൻ യൂറോപ്യൻ യൂണിയനിൽ നിന്നും പുറത്തുവരണമെന്ന് 52 ശതമാനം ജനങ്ങൾ വിധിയെഴുതി. തുടർന്ന് ബ്രിട്ടീഷ് പ്രധാന മന്ത്രിക്ക് രാജി പ്രഖ്യാപനം നടത്തേണ്ടിവന്നിരിക്കുകയാണ്. അമേരിക്കൻ സാമ്രാജ്യത്വ താൽപ്പര്യങ്ങളും യൂറോപ്പിലെ കുത്തകകളും തമ്മിലുള്ള വൈരുദ്ധ്യത്തിൽ നിന്നാണ് യൂറോപ്യൻ യൂണിയൻ പിറവിയെടുത്തതെങ്കിൽ ഇന്ന് യൂറോപ്യൻ യൂണിയനുള്ളിൽ തന്നെയുള്ള വൈരുദ്ധ്യങ്ങൾ അതിനെ തകർച്ചയിലേക്ക് നയിക്കുന്നു. വിപണിപ്രതിസന്ധിയുടെ നിലയില്ലാക്കയങ്ങളിലേക്ക് മുങ്ങിത്താഴുന്ന സാമ്രാജ്യത്വ – മുതലാളിത്ത ശക്തികൾ ഒത്തുചേർന്ന് വൻശക്തിയോട് മൽസരിക്കുമ്പോഴും ഒത്തുചേർന്നവർക്കിടയിലുള്ള താൽപ്പര്യസംഘർഷങ്ങൾ പരിഹരിക്കാനാവില്ലെന്നും അത് മൂർചിക്കുമെന്നുമുള്ള മാർക്സിയൻ പാഠം ഒരിക്കൽ കൂടി ചരിത്രസത്യമെന്ന് സ്ഥാപിക്കപ്പെടുന്നു. മറുവശത്ത് നിർദ്ദയമായ മുതലാളിത്ത ചൂഷണം ഈ രാജ്യങ്ങളിലെ മഹാഭൂരിപക്ഷത്തെ അഗാധമായ ജീവിതപ്രതിസന്ധികളിലേക്ക് തള്ളിവിടുന്നു. വെട്ടിക്കുറയ്ക്കപ്പെട്ട ശമ്പളത്തിനും ഇല്ലാതാക്കപ്പെട്ട പെൻഷനും നിഷേധിക്കപ്പെട്ട തൊഴിലിനും വേണ്ടി പതിനായിരങ്ങൾ ആർത്തലച്ച് യൂറോപ്പിന്റെ തെരുവീഥികളിൽ അണയുന്നു. നിസ്സഹായരായ ഈ ജനങ്ങളിൽ ഒരു വലിയ വിഭാഗം, യൂറോപ്യൻ യൂണിയനും യൂറോയുമാണ് തങ്ങളുടെ ജീവിതപ്രതിസന്ധിക്ക് കാരണമെന്ന് കരുതുന്നു. അവരുടെ രോഷവും പ്രതിഷേധവും ബ്രെക്സിറ്റിന് അനുകൂലമായ വോട്ടിംഗിൽ നമുക്ക് കാണാം.**

**28** അംഗരാഷ്ട്രങ്ങളോടുകൂടി ശക്തമായ യൂറോപ്യൻ യൂണിയൻ, പ്രത്യേകിച്ചും യൂറോ എന്ന പൊതു കറൻസി ഉപയോഗിക്കുന്ന 19 രാജ്യങ്ങൾ (യൂറോസോൺ), ഇന്ന് അടിത്തറയിളകി വിറച്ചു നിൽക്കുകയാണ്. മുതലാളിത്തത്തിന്റെ കൂടപ്പിറപ്പായ കടുത്ത പ്രതിസന്ധി ഇന്നതിനെ വലയം ചെയ്തിരിക്കുന്നു. ഒന്നിനു പിറകേ ഒന്നായി, അംഗരാജ്യങ്ങൾ തങ്ങളുടെ എല്ലും തോലുമായ സാമ്പത്തികസ്ഥിതിയെ ലോകത്തിനുമുമ്പിൽ തുറന്നുകാട്ടുകയാണ്. നേരത്തേ ഗ്രീസ്, പോർച്ചുഗൽ, അയർലന്റ് തുടങ്ങിയ ചെറുരാജ്യങ്ങളിലായിരുന്നു വിഷമസ്ഥിതിയെങ്കിൽ, പിന്നീടത് കുറച്ചുകൂടി വലിയ സ്പെയിനിലായി. പിന്നീട്, നാലാമത്തെ ശക്തിയായ ഇറ്റലി പ്രതിസന്ധിയുടെ രുചിയറിഞ്ഞു. ഇപ്പോൾ, യുകെ, ഫ്രാൻസ്, ജർമ്മനി എന്നി ഭീമന്മാരുടെയും അടിത്തറ ഇളകിത്തുടങ്ങിയിരിക്കുന്നു. യൂണിയനിൽ നിന്നും പുറത്തുവരാനും, പൊതുകറൻസിയായ യൂറോയെ ഉപേക്ഷിക്കാനും അംഗരാജ്യങ്ങൾക്കുള്ളിൽ നിന്നു തന്നെ ആവശ്യം ഉയരുന്ന അവസ്ഥയിലെത്തി കാര്യങ്ങൾ. ഇപ്പോൾ, യുകെയിൽ നടന്ന ഹിതപരിശോധനയുടെ ഫലം ഈ വികാരത്തിന്റെ പ്രതിഫലനമാണ്. ഈ വിധിയെഴുത്ത്, യൂറോപ്പ്യൻ യൂണിയന്റെ അടിത്തറയെ മാത്രമല്ല, യുണൈറ്റഡ് കിങ്ഡം എന്ന, ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ അവശേഷിപ്പിന്റെ നിലനിൽപ്പിനെ തന്നെ ചോദ്യംചെയ്യുന്നു. ബ്രിട്ടനോടൊപ്പം യൂണിയൻ ഉപേക്ഷിക്കാൻ തങ്ങൾ തയ്യാറല്ല എന്നാണ് അവിടത്തെ ഉപദേശീയതകളായ സ്കോട്ട്ലന്റും ഉത്തര അയർലന്റും പറയുന്നത്. ഈ പ്രദേശങ്ങൾ യുകെയിൽ നിന്നും പുറത്തുവരാനുള്ള ശ്രമങ്ങൾക്കും ഇത് ആക്കം കൂട്ടിയേക്കാം.

യൂറോപ്യൻ രാജ്യങ്ങളിൽ, യൂറോസെപ്റ്റിക്സ് (യൂറോസംശയാലുക്കൾ) എന്നറിയപ്പെടുന്ന ചില വലതുപക്ഷ രാഷ്ട്രീയശക്തികൾ, ഒരു വിഭാഗം യൂറോപ്യൻ കുത്തകകളുടെ പിന്തുണയോടു കൂടി, യൂണിയനിൽനിന്നും യൂറോയിൽ നിന്നും പുറത്തുവരാനായി ശബ്ദമുയർത്തുന്നു. കടുത്ത മുതലാളിത്ത ചൂഷണത്താൽ പൊറുതിമുട്ടിയ വലിയൊരു വിഭാഗം ജനങ്ങളും, തങ്ങളുടെ കഷ്ടപ്പാടുകൾക്ക് അറുതി വരുമെന്ന പ്രതീക്ഷയിൽ, യൂറോപ്യൻ യൂണിയനിൽ നിന്നും പുറത്തുകടക്കാനായി തന്താങ്ങളുടെ സർക്കാരുകളിൽ സമ്മർദ്ദം ചെലുത്തുന്നു. കൂലി, പെൻഷൻ, തൊഴിൽ, പൊതുചിലവുകൾ എന്നിവയുടെ ഭീകരമായ വെട്ടിക്കുറക്കൽ, വർദ്ധിക്കുന്ന തൊഴിലില്ലായ്മ, ആരോഗ്യമേഖലയടക്കമുള്ള പൊതുസേവനരംഗങ്ങളെ ഇല്ലാതാക്കുക, വൻതോതിൽ നികുതികൾ വർദ്ധിപ്പിക്കുക – ഇങ്ങനെയൊക്കെ തങ്ങളുടെ ദാരിദ്ര്യവും കഷ്ടപ്പാടും വളർത്തുന്നതിൽ യൂണിയനുമായി ചേർന്നുനിൽക്കുന്നോ ഇല്ലയോ എന്നതിന് വലിയ പങ്കില്ല എന്നത് അവർ മനസ്സിലാക്കുന്നില്ല. എല്ലാ തിന്മകളുടേയും തായ്‌വേരാകുന്നത് പ്രതിസന്ധി നിറഞ്ഞ, മരണാസന്നമായ ദുഷിച്ച മുതലാളിത്ത സംവിധാനമാണ്. യൂണിയന് അകത്തായാലും പുറത്തായാലും, ഈ ദുഷിച്ച മുതലാളിത്ത സംവിധാനം അവർക്ക് ദുരിതങ്ങൾ നൽകിക്കൊണ്ടേയിരിക്കും. വിവിധ യൂറോപ്യൻ രാജ്യങ്ങളിലെ ഭരണവർഗ്ഗകുത്തകകളുടെ അവസ്ഥയാണ് വിചിത്രം. യൂണിയനിൽ തുടരണമോ വേണ്ടയോ എന്നതിൽ അവർ ചാഞ്ചാടുകയാണ്. സാമ്പത്തികമായ തിരിച്ചുവരവിനുള്ള വഴിയായി തങ്ങൾ തന്നെ തുടങ്ങിയ യൂറോപ്യൻ യൂണിയനിൽ തുടരണോ അതോ പുറത്തുവരണോ എന്ന് അവർക്ക് തീരുമാനിക്കാനാകുന്നില്ല. കാരണം, തങ്ങൾ ഇതിനകം ആണ്ടുമുങ്ങിക്കഴിഞ്ഞ, ദിനേന തീവ്രമാകുന്ന കമ്പോളപ്രതിസന്ധിയിൽ നിന്നു രക്ഷപെടാൻ ഏതു വഴി തേടണം എന്ന് അവർക്കും അറിയില്ല. ജനങ്ങളുടെ കഷ്ടപ്പാടിന് എന്താണ് പരിഹാരം എന്നു തേടുന്നതിനു മുൻപ്, പ്രതിസന്ധിയുടെ ആഴം നമുക്കൊന്നു പരിശോധിക്കാം.

### യൂറോപ്യൻ യൂണിയനിലെ സാമ്പത്തികപ്രതിസന്ധി

ലോകത്തെ ആകെ ആഭ്യന്തര ഉൽപ്പാദനത്തിന്റെ (ജിഡിപി) 30 ശതമാനവും കൈയാളിയിരുന്ന ഏറ്റവും വലിയ സാമ്പത്തികശക്തി എന്ന നിലയിൽ, അന്താരാഷ്ട്രവ്യാപാര സൂചികകളുടെ ബലത്തിൽ ഡോളറിനെ വരെ മറികടന്ന് തുടക്കത്തിൽ യൂറോ ശക്തമായി വന്നിരുന്നു. എന്നാൽ, ഈ സുഖകരമായ അവസ്ഥ അഞ്ചാറു വർഷങ്ങൾക്കപ്പുറം നീണ്ടില്ല. പിന്നീട് വിള്ളലുകൾ പ്രത്യക്ഷമായിത്തുടങ്ങി. യൂറോപ്യൻ യൂണിയൻ അടക്കമുള്ള മുഴുവൻ യൂറോപ്പിനു മേലും സാമ്പത്തികമാന്ദ്യത്തിന്റെ കരിനിഴൽ വീണു തുടങ്ങി. ആഭ്യന്തരകടം, അഥവാ യൂറോസോൺ രാജ്യങ്ങളിലെ മുതലാളിത്ത സർക്കാരുകൾ തങ്ങളുടെ ബജറ്റ് കമ്മി (വരവിനേക്കാൾ ചെലവുചെയ്യുമ്പോൾ, കമ്മി ഉണ്ടാകുന്നു) മറികടക്കാനായി കമ്പോളത്തിൽ നിന്നും കടമെടുക്കുന്ന തുക, ഭയാനകമായി വർദ്ധിച്ചു. പിഗ്സ് (PIIGS) രാജ്യങ്ങൾ (പോർച്ചുഗൽ, അയർലന്റ്, ഇറ്റലി, ഗ്രീസ്, സ്പെയിൻ) നേരിടുന്ന അവസ്ഥയാണ് ഏറ്റവും മോശം. സാമ്പത്തിക അടിത്തറയുടെ സൂചകങ്ങളായ തൊഴിലില്ലായ്മ, പൊതുകടം, ഉത്പാദനക്ഷമത തുടങ്ങിയവയുടെ വർത്തമാനസ്ഥിതി പ്രതിസന്ധിക്ക് ആഴം വർദ്ധിക്കുന്നുവെന്ന് വ്യക്തമാക്കുന്നു..

### ഗ്രീസ്

പൊതുകടത്തിന്റെ കാര്യത്തിൽ ഗ്രീസാണ് മുന്നിൽ. തങ്ങളുടെ ആകെ സമ്പദ്‌വ്യവസ്ഥയെക്കാൾ വലിയ തുകയായ 413.6 ബില്യൺ ഡോളറാണ് അവരുടെ കടം. ഇത് ഒറ്റരാത്രി കൊണ്ടുണ്ടായതല്ല. 2004–ൽ തന്നെ അവരുടെ വായ്പ–ജിഡിപി അനുപാതം 100% ആയിരുന്നു. എന്നാൽ അവർ യൂറോ അംഗത്വത്തിനു യോഗ്യത നേടുന്നതിനായി പൊതുകടത്തിന്റെ കണക്കുകളിൽ കൃത്രിമം കാട്ടി ഇതൊക്കെ മറച്ചുവച്ചു. ഒരു വർഷത്തിനു ശേഷം, കടമെടുപ്പു കുറയ്ക്കാനെന്ന പേരിൽ ഗ്രീക്ക് ഭരണമുതലാളി വർഗ്ഗം ഒരു ചെലവുചുരുക്കൽ ബജറ്റ്(ഒരു കൂട്ടം ജനവിരുദ്ധ സാമ്പത്തികനടപടികൾ) കൊണ്ടുവന്നു. ഗ്രീക്ക് കടത്തിന്, (വായ്പ എന്ന നിലയിൽ ഗ്രീക്ക് സർക്കാർ പുറത്തിറക്കിയ ബോണ്ടുകൾ) അന്നു ശക്തമായിരുന്ന യൂറോയുടെ പിൻബലമുണ്ടായിരുന്നതിനാൽ, ഭരിക്കുന്ന ഗ്രീക്ക് മുതലാളിവർഗ്ഗം വിദേശബാങ്കുകളിലും പെൻഷൻ ഫണ്ടുകളിലും നിന്ന് വൻതുകകൾ വാരിക്കൂട്ടി. ഇങ്ങനെ എളുപ്പത്തിൽ ലഭ്യമാക്കിയ പണത്തിന്റെ കുത്തൊഴുക്കിൽ ഗ്രീക്ക് സമ്പദ്‌വ്യവസ്ഥ 4.2% വളർച്ച കാണിക്കുകയും യൂറോപ്പിലെ അതിവേഗം വളരുന്ന സമ്പദ്‌വ്യവസ്ഥയായി വാഴ്ത്തപ്പെടുകയും ചെയ്തു. എന്നാൽ പിന്നീട് പുറംപൂച്ചു പുറത്തുവന്നു. വ്യവസായികോത്പാദനം ഒരു ദശകത്തിൽ 29.3% കണ്ട് കുറയുകയും 2009 ഒക്ടോബറിൽ ബജറ്റ് കമ്മി ഇരട്ടിയിലധികമാവുകയും ചെയ്തു. മുതലാളിവർഗ്ഗത്തെ സേവിക്കുവാനും പ്രീതിപ്പെടുത്തുവാനുമായി, സർക്കാർ ആർഭാടപൂർവ്വം ചെലവു നടത്തിയതാണ് ഈ സാമ്പത്തിക തിരിച്ചടിയുടെ ഒരു പ്രധാനകാരണം. മറുവശത്ത്, വൻതോതിലുള്ള നികുതി വെട്ടിപ്പ്, ഭീമമായ സൈനികച്ചെലവ്, അമിതമായ ഭരണച്ചെലവ്, വമ്പിച്ച അഴിമതി എന്നിവയെല്ലാം ചേർന്ന് സർക്കാർ ഖജനാവ് കാലിയാക്കുകയും, ജനങ്ങൾ പാപ്പരാക്കപ്പെട്ടതിനെത്തുടർന്ന് ചുരുങ്ങിയ കമ്പോളമാകട്ടെ വ്യവസായിക ഉത്പാദനത്തെ സ്തംഭിപ്പിക്കുകയും ചെയ്തു.

രക്ഷപെടാനുള്ള എല്ലാ മാർഗ്ഗങ്ങളും അങ്ങനെ അടഞ്ഞ രാജ്യം സമ്പൂർണ്ണ തകർച്ചയുടെ വക്കിലെത്തി. അതേസമയത്തുതന്നെ യുഎസ് ഡോളറിനെതിരെയുള്ള യൂറോയുടെ വില നാലുവർഷത്തെ ഏറ്റവും താണ നിലയിലെത്തി. യൂറോപ്യൻ പൊതുകറൻസിയിൽ നിന്നും ഗ്രീസ് പുറത്തുപോയാൽ, പോർച്ചുഗലും സ്പെയിനും അയർലന്റുമടക്കം പ്രതിസന്ധിഗ്രസ്തമായ മറ്റു രാജ്യങ്ങളും അതേ മാർഗ്ഗം സ്വീകരിക്കുമെന്നും യൂറോ പരീക്ഷണത്തിന് അത് അന്ത്യം കുറിക്കുമെന്നും യൂറോപ്പിലെ ഭരണമുതലാളിവർഗ്ഗം ഭയന്നു. യൂറോയുടെ പതനം ലോകസമ്പദ്ഘടനയിൽത്തന്നെ ദൂരവ്യാപകവും വിപരീതവുമായ അനന്തരഫലങ്ങൾ സൃഷ്ടിക്കുമെന്ന് അവർ കണക്കുകൂട്ടി. കഠിനമായ ചെലവുചുരുക്കൽ നടപടികൾ (അവയെല്ലാം ജനങ്ങൾക്കുള്ള സാമൂഹ്യസുരക്ഷാ സംവിധാനങ്ങളുടെ വെട്ടിക്കുറയ്ക്കലുകളാണ്) നടപ്പാക്കണമെന്ന വ്യവസ്ഥക്കുമേൽ 130 ബില്യൺ ഡോളറിന്റെ സഹായം ഗ്രീസിനു നൽകിയെങ്കിലും അത് കഷ്ടപ്പെടുന്ന ജനങ്ങൾക്കുമേലുള്ള ഭാരം വർദ്ധിപ്പിക്കുകയാണ് ചെയ്തത്. കുപിതരായ ഗ്രീക്ക് ജനത, ചെലവുചുരുക്കൽ നടപടികളെ തള്ളിക്കളയുമെന്ന് വാഗ്ദാനം ചെയ്ത സിരിസ സർക്കാരിനെ തെരഞ്ഞെടുത്തു. യൂറോപ്യൻ യൂണിയൻ രക്ഷാപദ്ധതിയുടെ നിബന്ധനകളെ ഹിതപരിശോധനയിലൂടെ അവർ തള്ളിക്കളയുകയും ചെയ്തു. എന്നാൽ, തങ്ങളുടെ അവസരവാദപരമായ സോഷ്യൽ ഡെമോക്രാറ്റിക്ക് സ്വഭാവം നഗ്നമായി വെളിവാക്കിയ സിരിസ പാർട്ടി ജനങ്ങളെ പിന്നിൽ നിന്നും കുത്തി. ജനവിരുദ്ധമായ പുതിയ ചെലവുചുരുക്കൽ നടപടികൾ സിരിസ സർക്കാർ അംഗീകരിച്ചു. അവസാനം ലഭ്യമാകുന്ന റിപ്പോർട്ടുകൾ അനുസരിച്ച്, ഗ്രീക്ക് ജനതയുടെ മൂന്നിലൊന്നും ഇപ്പോൾ ദാരിദ്ര്യരേഖക്കു താഴെയാണ്. നാലിലൊന്ന് തൊഴിലാളികളും തൊഴിൽരഹിതരാണ്. കൂണു പോലെ മുളച്ചുപൊന്തുന്ന ആരോഗ്യക്ലിനിക്കുകളും വിദ്യാഭ്യാസകേന്ദ്രങ്ങളുമൊക്കെ അരദശകം കൊണ്ടുള്ള ചെലവുചുരുക്കൽ നടപടികൾ മൂലം ഗ്രീസിലെ ക്ഷേമരാഷ്ട്ര സംവിധാനം തകർന്നതിന്റെ തെളിവാണ്. മറ്റു രാജ്യങ്ങളിലെ സാമ്പത്തികപ്രതിസന്ധിയെ മനസ്സിലാക്കുവാൻ ഗ്രീസിന്റെ ഉദാഹരണം നമ്മളെ സഹായിക്കും.

### അയർലന്റ്

ആഗോളതലത്തിൽ ബാങ്കുകളും സാമ്പത്തികസ്ഥാപനങ്ങളും ഭവനവായ്പകൾക്കു മേലുള്ള സെക്യൂരിറ്റികളിൽ വമ്പിച്ച തോതിൽ ഊതിപ്പെരുപ്പിച്ച ഊഹക്കച്ചവടം നടത്തിയതിനെ തുടർന്ന് സൃഷ്ടിക്കപ്പെട്ട സബ്–പ്രൈം പ്രതിസന്ധിക്കു ശേഷമുണ്ടായ 2008 ലെ ഭവനനിർമ്മാണമേഖലയിലെ തകർച്ചയും അതിനെ തുടർന്നുള്ള ബാങ്കിങ്ങ് പ്രതിസന്ധിയുമാണ് അയർലന്റിൽ കുഴപ്പങ്ങൾക്ക് തുടക്കം കുറിച്ചത്. യുഎസിൽ ആരംഭിച്ച ഈ പ്രതിസന്ധി മുഴുവൻ മുതലാളിത്ത–സാമ്രാജ്യത്വ ലോകത്തേയും പിടിച്ചു കുലുക്കിയിരുന്നു. യുഎസ് സബ്പ്രൈം തകർച്ചയെ തുടർന്ന്, മുതലാളിത്ത ആഗോളവൽക്കരണം വഴി അതിനോടു ശക്തമായി ബന്ധപ്പെട്ടിരിക്കുന്ന യുകെ, ജർമ്മനി, ഫ്രാൻസ് തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങളിലേക്കും ഇന്ത്യയും ചൈനയുമടക്കമുള്ള ഏഷ്യൻ രാജ്യങ്ങളിലേക്കും പ്രതിസന്ധി വ്യാപിച്ചു. തകരുന്ന ഭവനകമ്പോളം മൂലം അയർലന്റിലെ ബാങ്കുകൾ കടുത്ത നഷ്ടം നേരിട്ടപ്പോൾ, കടുത്ത ചെലവു ചുരുക്കൽ നടപടികൾക്കു വിധേയമായി 112 ബില്യൺ ഡോളറിന്റെ രക്ഷാപദ്ധതി തേടാൻ അയർലന്റ് സർക്കാർ നിർബ്ബന്ധിതമായി. ഈ നടപടികളുടെ ഭാരം പേറേണ്ടി വന്നതോ, നിർദ്ദയമായ മുതലാളിത്ത ചൂഷണത്താൽ രക്തം വാർന്നുകൊണ്ടിരിക്കുന്ന സാധാരണക്കാരായ ഐറിഷ് ജനങ്ങളും. ജനങ്ങൾ അതിവേഗം പാപ്പരാക്കപ്പെട്ടതിനാൽ അവരുടെ വാങ്ങൽശേഷിയും നഷ്ടമായി. അതിനും മേലേ, കടുത്ത ചെലവുചുരുക്കൽ നടപടികൾ കൂടി അടിച്ചേൽപ്പിക്കപ്പെട്ടപ്പോൾ, ഇന്നോളം അനുഭവിച്ചിട്ടില്ലാത്ത ദാരിദ്ര്യത്തിലേക്കു ജനങ്ങൾ തള്ളിവിടപ്പെട്ടു. അങ്ങിനെ

(ശേഷം 13–ാം പേജിൽ)

**ലോകത്തെ ആകെ ആഭ്യന്തര ഉൽപ്പാദനത്തിന്റെ (ജിഡിപി) 30 ശതമാനവും കൈയാളിയിരുന്ന ഏറ്റവും വലിയ സാമ്പത്തികശക്തി എന്ന നിലയിൽ, അന്താരാഷ്ട്രവ്യാപാര സൂചികകളുടെ ബലത്തിൽ ഡോളറിനെ വരെ മറികടന്ന് തുടക്കത്തിൽ യൂറോ ശക്തമായി വന്നിരുന്നു. എന്നാൽ, ഈ സുഖകരമായ അവസ്ഥ അഞ്ചാറു വർഷങ്ങൾക്കപ്പുറം നീണ്ടില്ല. പിന്നീട് വിള്ളലുകൾ പ്രത്യക്ഷമായിത്തുടങ്ങി. യൂറോപ്യൻ യൂണിയൻ അടക്കമുള്ള മുഴുവൻ യൂറോപ്പിനു മേലും സാമ്പത്തികമാന്ദ്യത്തിന്റെ കരിനിഴൽ വീണു തുടങ്ങി. ആഭ്യന്തരകടം, അഥവാ യൂറോസോൺ രാജ്യങ്ങളിലെ മുതലാളിത്ത സർക്കാരുകൾ തങ്ങളുടെ ബജറ്റ് കമ്മി (വരവിനേക്കാൾ ചെലവുചെയ്യുമ്പോൾ, കമ്മി ഉണ്ടാകുന്നു) മറികടക്കാനായി കമ്പോളത്തിൽ നിന്നും കടമെടുക്കുന്ന തുക, ഭയാനകമായി വർദ്ധിച്ചു. പിഗ്സ് (PIIGS) രാജ്യങ്ങൾ (പോർച്ചുഗൽ, അയർലന്റ്, ഇറ്റലി, ഗ്രീസ്, സ്പെയിൻ) നേരിടുന്ന അവസ്ഥയാണ് ഏറ്റവും മോശം. സാമ്പത്തിക അടിത്തറയുടെ സൂചകങ്ങളായ തൊഴിലില്ലായ്മ, പൊതുകടം, ഉത്പാദനക്ഷമത തുടങ്ങിയവയുടെ വർത്തമാനസ്ഥിതി പ്രതിസന്ധിക്ക് ആഴം വർദ്ധിക്കുന്നുവെന്ന് വ്യക്തമാക്കുന്നു.**

# സാമ്പത്തിക മാന്ദ്യം യൂറോപ്പിനെയാകെ തുറിച്ചുനോക്കുന്നു

(12-ാം പേജിൽ നിന്ന്)

കമ്പോള പ്രശ്നം രൂക്ഷമാവുകയും യൂറോസോണിലെ ഏറ്റവും കടുത്ത പ്രതിസന്ധി ഐറിഷ് സമ്പദ്ഘടനക്കുമേൽ പതിക്കുകയും ചെയ്തു.

**പോർച്ചുഗൽ**

പതിറ്റാണ്ടുകൾക്കിടയിലെ ഏറ്റവും കടുത്ത സാമ്പത്തികക്കുഴപ്പത്തിലേക്ക് കൂപ്പുകുത്തിയിരിക്കുകയാണ് പോർച്ചുഗലും. ക്രൂരമായ മുതലാളിത്ത ചൂഷണത്താൽ ജനങ്ങൾ ദരിദ്രരാക്കപ്പെടുന്നതു തന്നെയാണ് ഇവിടെയും കാരണമാകുന്നത്. വിദേശകടങ്ങളിൽ അധിഷ്ഠിതമായ സമ്പദ്ഘടന തകരാതെ നിലനിർത്തുവാൻ 116 ബില്യൺ ഡോളറിന്റെ രക്ഷാപദ്ധതി വേണ്ടിവന്നു. എവിടെയുമെന്ന പോലെ രക്ഷാപദ്ധതികൾ ജനങ്ങളെ സംബന്ധിച്ചിടത്തോളം സംഹാരപദ്ധതികളായി മാറി. ഇരട്ട അക്കത്തിലെത്തിയ തൊഴിലില്ലായ്മയും വർദ്ധിച്ച സാമ്പത്തികപ്രതിസന്ധിയും മാത്രമാണ് രക്ഷാപ്രവർത്തനത്തിന്റെ ബാക്കിപത്രം.

**സ്പെയിൻ**

അയർലന്റിനെ പോലെ തന്നെ ഭവന കമ്പോളത്തിന്റെ തകർച്ചയാണ് സ്പെയിനും നേരിടേണ്ടി വന്നത്. ഭവനാധിഷ്ഠിത ആസ്തികളിൽ വമ്പിച്ച നിക്ഷേപം നടത്തിയ സ്പാനിഷ് ബാങ്കുകൾ, ഭവനങ്ങൾ വിറ്റഴിക്കപ്പെടാത്തതിനാലും തിരിച്ചടവ് മുടങ്ങിയതിനാലും കടക്കെണിയുടെ വക്കിലായി. അതുകൊണ്ട് യൂറോസോൺ നേതാക്കളിൽ നിന്നും 123 ദശലക്ഷം ഡോളർ വായ്പ നേടി ബാങ്കുകൾക്ക് പുനർമൂലധന നിക്ഷേപം നടത്താൻ സ്പെയിൻ നിർബ്ബന്ധിതമായി. എന്നിട്ടും നിർജ്ജീവ ആസ്തികളാൽ സ്പാനിഷ് ബാങ്കുകൾ തകർച്ചയിലേക്കു തന്നെപോയി. സമ്പൂർണ്ണതകർച്ചയെ ഒഴിവാക്കുവാൻ 100 ബില്യൺ യൂറോ കൂടി നൽകുവാൻ യൂണിയനും നിർബ്ബന്ധിതമായി. എന്നാൽ യഥാർത്ഥത്തിൽ വായ്പകളുടെ ആകെ മൂല്യം 250 ബില്യണിൽ ഏറെയാകുമ്പോൾ 100 ബില്യൺ വായ്പ എന്നത് പ്രതിസന്ധിയുടെ ഭാരം ഒട്ടും കുറയ്ക്കുന്നില്ല. ഇപ്രകാരം മുന്നോട്ടുപോയാൽ എവിടെ അവസാനിക്കുമെന്ന് ആർക്കും അറിയില്ല. തകരുന്ന മുതലാളിത്ത സമ്പദ്ഘടനയുടെ ഉയിർത്തെഴുന്നേൽപ്പിനുള്ള ലക്ഷണങ്ങൾ ഒന്നും തന്നെ സ്പെയിൻ കാണിക്കുന്നുമില്ല. സ്പെയിനിലെ ഔദ്യോഗിക തൊഴിലില്ലായ്മാനിരക്ക് ഇന്ന് യൂറോപ്പിലെ ഏറ്റവും കൂടിയതാണ്. പകുതിയിലേറെ യുവാക്കൾ തൊഴിൽരഹിതരാണ്. നിരവധി വർഷങ്ങളായി സ്പെയിനിൽ പ്രതിസന്ധി തുടരുകയാണ്. സ്പെയിനിൽ വളർച്ചയുടെ അത്ഭുതം കാണിക്കുമെന്ന മുതലാളിത്തനേതാക്കളുടെ പ്രസ്താവനകൾ ഐഎംഎഫ് പോലും തള്ളിക്കളഞ്ഞിരിക്കുകയാണ്. ഗ്രീസിനെപ്പോലെ സ്പെയിനും രക്ഷാപദ്ധതികൾ ആവശ്യപ്പെടുകയാണ് എന്നുള്ളതുകൊണ്ട് ഫലവും സമാനമായിരിക്കും, ഒരുപക്ഷേ കൂടിയ വ്യാപ്തിയിലും ആഴത്തിലും.

**ഇറ്റലി**

യൂറോസോണിലെ മൂന്നാമത്തെ വലിയ സമ്പദ്ഘടനയായ ഇറ്റലിയുടെ അവസ്ഥയും മോശമാണ്. സ്വന്തം കറൻസിയായ ലീറയുടെ മൂല്യം ഇടിച്ചുകൊണ്ട് കയറ്റുമതി വർദ്ധിപ്പിച്ചു പിടിച്ചു നിൽക്കാനുള്ള ശ്രമമൊക്കെ നേരത്തേ ഇറ്റലിയുടെ ഭാഗത്തു നിന്നുണ്ടായിരുന്നു. നിയന്ത്രണമില്ലാതെ വായ്പയെടുത്ത് സ്ഥിരത നിലനിർത്താനുള്ള ശ്രമവും ഉണ്ടായിരുന്നു. എന്നാൽ യൂറോ സ്വീകരിച്ചതോടെ തങ്ങളുടെ മത്സരക്ഷമത അവർക്ക് ജർമ്മനിക്കു മുന്നിൽ അടിയറവെക്കേണ്ടി വന്നു. ചൈനീസ് കയറ്റുമതിയുടെ വളർച്ചയും അവരെ ദോഷകരമായി ബാധിച്ചു. കറൻസിയുടെ മൂല്യം കുറയ്ക്കുക എന്ന മാർഗ്ഗം അടഞ്ഞതോടെ, അവർ കണ്ട ഏകബദൽ ജനങ്ങളുടെ ജീവിതസാഹചര്യങ്ങളിലേക്ക് കടന്നുകയറുക എന്നതാണ്. തങ്ങളുടെ അന്താരാഷ്ട്ര മത്സരക്ഷമത വീണ്ടെടുക്കുവാനായി ഇറ്റാലിയൻ മുതലാളിത്ത സർക്കാരിന് 5 ലക്ഷം തൊഴിലാളികളെ പിരിച്ചുവിടുകയും ബാക്കിയുള്ളവർക്ക് 30% കൂലി വെട്ടിച്ചുരുക്കുകയും വേണ്ടിവരുമെന്ന് മാധ്യമങ്ങൾ അഭിപ്രായപ്പെടുന്നു. സാമ്പത്തികമുരടിപ്പിൽ നിന്നും കരകയറാൻ ഇറ്റലിക്കു കഴിഞ്ഞിട്ടില്ലെന്നു തന്നെയാണ് അവിടെ നിന്നുള്ള അവസാനറിപ്പോർട്ടുകളും വ്യക്തമാക്കുന്നത്. പ്രതിസന്ധിഗ്രസ്തമായ സമ്പദ്ഘടന, വർദ്ധിക്കുന്ന തൊഴിലില്ലായ്മ, അറുതിയില്ലാത്ത അഴിമതി എന്നിവയെല്ലാം ചേർന്ന് ആ രാജ്യത്തെ ഞെരിക്കുകയാണ്.

**രക്ഷാപദ്ധതികൾ യാതൊരു രക്ഷയും ഏകിയിട്ടില്ല**

ഈ രാജ്യങ്ങളുടെ തളർച്ചയും ഡോളറിനെതിരെ യൂറോയുടെ വീഴ്ചയും യൂറോസോണിന്റെ ഒട്ടും ശോഭനമല്ലാത്ത ഭാവിയേയാണ് സൂചിപ്പിക്കുന്നത്. പൊതുശേഖരത്തിൽ നിന്നും സാമ്പത്തികസഹായം നൽകി ഗ്രീസിനേയും മറ്റ് പ്രതിസന്ധിബാധിത രാജ്യങ്ങളേയും രക്ഷിക്കാൻ ശ്രമിച്ചതും അതുകൊണ്ടാണ്. താരതമ്യേന ശക്തരായ ജർമ്മനിയും ഫ്രാൻസുമൊക്കെ തുടക്കത്തിൽ രക്ഷാപദ്ധതികൾക്ക് എതിരായിരുന്നുവെങ്കിലും ക്രമേണ അവർക്കും അത് അംഗീകരിക്കേണ്ടി വന്നു. ഗ്രീസിന്റെ ഗതി ഭയക്കുന്ന മറ്റു രാജ്യങ്ങൾക്കായി ഒരു ട്രില്യൺ ഡോളറിന്റെ വലിയ പദ്ധതിയും തീരുമാനിക്കപ്പെട്ടു. എന്നാൽ നേരത്തേ സൂചിപ്പിച്ചതു പോലെ, രക്ഷാപദ്ധതികൾ ചെലവുചുരുക്കൽ അടക്കമുള്ള കടുത്ത നിബന്ധനകൾക്കു വിധേയമാണ്. എന്നാൽ ഈ നിബന്ധനകൾ വ്യവസായഭീമന്മാർക്കോ, അഴിമതി നിറഞ്ഞ ഭരണകൂടത്തിനോ വേണ്ടിയല്ല, മറിച്ച് നിലവിൽ തന്നെ മുതലാളിത്ത ചൂഷണത്താൽ ചതഞ്ഞരയുന്ന ജനങ്ങളുടെ മേലെയാണ് അടിച്ചേൽപ്പിക്കുന്നത്. അപ്പോൾ ജനങ്ങളുടെ സാമ്പത്തികനില കൂടുതൽ വഷളാകുന്നു. ചെലവുചുരുക്കൽ ജനാഭിപ്രായത്തിന് എതിരാണെന്നതു മാത്രമല്ല, അത്തരം നടപടികൾ ജനത്തിന്റെ വാങ്ങൽശേഷിയെ പരിമിതപ്പെടുത്തി, കമ്പോളത്തിലെ ഡിമാന്റിനെ ചുരുക്കി വളർച്ചയെത്തന്നെ ഇല്ലാതാക്കുന്നു. ഈ രാജ്യങ്ങളിലെ കടബാദ്ധ്യത ഉയർന്നുതന്നെ നിൽക്കുന്നു, തൊഴിലില്ലായ്മ വർദ്ധിക്കുന്നു, ബാങ്കിംഗ് സംവിധാനങ്ങൾ തകരുന്നു – മരണാസന്നമായ മുതലാളിത്തത്തിന്റെ ഒഴിച്ചുകൂടാനാകാത്ത പരിണതഫലം. സൈനികച്ചെലവ് വർദ്ധിപ്പിക്കുക, കൂടുതൽ കറൻസി അച്ചടിച്ച് പണലഭ്യത വർദ്ധിപ്പിക്കുക, പലിശനിരക്കുകൾ കുറയ്ക്കുക, താരിഫ് തടസ്സങ്ങൾ ലഘൂകരിക്കുക, തുടങ്ങിയ കൃത്രിമമായ മാർഗ്ഗങ്ങളിലൂടെ ഡിമാന്റ് കമ്പോളത്തിൽ വർദ്ധിപ്പിക്കാനാണ് ശ്രമിക്കുന്നത്. എന്നിട്ടും പ്രതിസന്ധിഗ്രസ്തമായ യൂറോപ്യൻ രാജ്യങ്ങളുടെ സമ്പദ്ഘടനകൾക്ക് തകർച്ചയിൽ നിന്ന് കരകയറാനാവുന്നില്ല. സത്യം മൂടിവെക്കാനും, വിവരങ്ങളെ വളച്ചൊടിച്ച് യാഥാർത്ഥ്യത്തെ മറച്ചുപിടിക്കാനും യൂറോപ്യൻ കുത്തകകളും അവരുടെ ദാസന്മാരും എത്രയൊക്കെ ശ്രമിച്ചാലും, യൂറോപ്യൻ യൂണിയന്റെ തകർച്ചയും മറ്റൊരു ആഗോള മാന്ദ്യവും ആസന്നമാകുന്നു എന്നതു തന്നെയാണ് സൂചനകളിലൂടെ വ്യക്തമാകുന്നത്.

**യുകെ, ഫ്രാൻസ്, ജർമ്മനി**

എന്നാൽ യൂറോപ്യൻ വൻശക്തികളായ യുകെ, ഫ്രാൻസ്, ജർമ്മനി എന്നിവർ സാമ്പത്തികസ്ഥിരതയിലാണോ? അങ്ങനെയല്ല എന്നാണ് വസ്തുതകൾ കാണിക്കുന്നത്. ബ്രിട്ടീഷ് വ്യവസായത്തെ ചൂഴുന്ന പ്രതിസന്ധി വർദ്ധിച്ചത്, യുകെ സമ്പദ്വ്യവസ്ഥയെ നാടകീയമായി തളർത്തിയിരിക്കുന്നു. ഉത്പാദനം കുറയുന്നു. ആയിരക്കണക്കിന് വടക്കൻ സമുദ്ര മേഖലാ എണ്ണ തൊഴിലാളികൾ തൊഴിൽരഹിതരായപ്പോഴും രാജ്യത്തിന്റെ ഉരുക്കുവ്യവസായം ഊർദ്ധ്വശ്വാസം വലിച്ചുതുടങ്ങിയപ്പോഴുമാണ് ഏറ്റവും ഭീകരമായി വ്യവസായികശോഷണം അനുഭവപ്പെട്ടു തുടങ്ങിയത്. 1.8% ആയി ഉത്പാദനം താഴ്ന്ന നിർമ്മാണമേഖലയിലാണ് ഏറ്റവും വലിയ ആഘാതമുണ്ടായത്. ഉത്പാദനത്തിലെ കുത്തനെയുള്ള കുറവ് സൂചിപ്പിക്കുന്നത് വർദ്ധിച്ച കറന്റ് അക്കൗണ്ട് കമ്മി അതായത് കയറ്റുമതിയുടേയും ഇറക്കുമതിയുടേയും മൂല്യത്തിലുള്ള വ്യത്യാസം വർദ്ധിക്കുന്നു എന്നതാണ്. ജനുവരി-ഫെബ്രുവരി മാസങ്ങളിൽ ഇത് പ്രവചിച്ചതിലും വഷളായി. കറന്റ് അക്കൗണ്ട് കമ്മി ഇപ്പോൾ 12 ബില്യൺ ഡോളറിൽ എത്തിയിരിക്കുന്നു. രൂക്ഷമായ കമ്മി എന്നാൽ, വിദേശകറൻസിയെ ബ്രിട്ടൻ കൂടുതൽ ആശ്രയിക്കേണ്ടി വരുന്നു എന്നും ലോകമുതലാളിത്ത സമ്പദ്ഘടനയെ ബാധിച്ചിരിക്കുന്ന അപരിഹാര്യമായ കമ്പോള പ്രതിസന്ധിയുടെ പ്രകമ്പനങ്ങൾക്ക് അത് കൂടുതൽ വിധേയമാക്കപ്പെട്ടിരിക്കുന്നു എന്നുമാണ് അർത്ഥം. സാമ്പത്തികപ്രതിസന്ധിയും മാന്ദ്യവും വീണ്ടും വൻതോതിൽ കടമെടുക്കാൻ സർക്കാരിനെ നിർബ്ബന്ധിതമാക്കുന്നു. കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ജിഡിപിയുടെ 4.9% അതായത് 90 ബില്യൺ പൗണ്ട് കടമെടുത്തു. എന്നിട്ടും മൊത്തം കമ്മി കുറയുകയല്ല, മറിച്ച് 1.5 ട്രില്യൺ പൗണ്ടായി വർദ്ധിക്കുകയാണുണ്ടായത്. തൊഴിലില്ലായ്മ 1.7 ദശലക്ഷമായി വർദ്ധിച്ചു. ആഗോളസാമ്പത്തികമാന്ദ്യത്തിൽ പിടിച്ചുനിൽക്കാൻ പാടുപെടുന്ന ബ്രിട്ടീഷ് ഉത്പാദകർ തൊഴിലുകൾ വെട്ടിച്ചുരുക്കുകയും കയറ്റുമതി വിലകൾ കുറയ്ക്കുകയുമാണ്. പൗണ്ട് വീണ്ടും ദുർബ്ബലമാകുന്നു.

ലോകത്തെ അഞ്ചാമത്തെ വലിയ സമ്പദ്ഘടനയായ ഫ്രാൻസിന്റെ അവസ്ഥയും സമാനമായ ഭീഷണിയിലാണ്. ഫ്രഞ്ച് നിർമ്മാണ-വ്യവസായമേഖലകളിലെ ഇടിവ് കഴിഞ്ഞ വർഷം യൂറോസോൺ സമ്പദ്വ്യവസ്ഥയുടെ ശക്തി ചോർത്തിയിരുന്നു. ജിഡിപിയുടെ 94.5 ശതമാനമായി അവരുടെ പൊതുകടം ഉയരുന്നു. ഔദ്യോഗിക തൊഴിലില്ലായ്മാനിരക്ക് 10.4% ആയിരിക്കുന്നു. മറ്റു പല യൂറോപ്യൻ രാജ്യങ്ങളിലേയും പോലെ ഫ്രാൻസും സാമ്പത്തികമുരടിപ്പ് നേരിടുകയാണ്. 2011 നു ശേഷം ജിഡിപി മാറ്റമില്ലാതെ നിലകൊള്ളുന്നു. സാമ്പത്തികമേഖലയെ പുനരുജ്ജീവിപ്പിക്കാനെന്ന പേരിൽ ഇപ്പോഴത്തെ ഫ്രഞ്ച് പ്രസിഡന്റ് വൻതോതിൽ പൊതുചെലവുകൾ വെട്ടിച്ചുരുക്കി. ബജറ്റ് കമ്മിയും പൊതുകടവും നിയന്ത്രിക്കാനെന്ന പേരിൽ കടുത്ത ചെലവുചുരുക്കൽ നടപടികൾ സ്വീകരിച്ചു, വളരെയധികം തൊഴിലാളിവിരുദ്ധ പരിഷ്കാരങ്ങൾ നടപ്പാക്കി. എന്നാൽ, മുതലാളിത്ത പ്രതിസന്ധിയെ ജനങ്ങളുടെ ചുമലിൽ കെട്ടിവെക്കാനുള്ള ഇത്തരം നീക്കങ്ങൾക്കു ശേഷവും സമ്പദ്ഘടനയിൽ തിരിച്ചുവരവിന്റെ ലക്ഷണങ്ങളൊന്നും ദൃശ്യമായില്ല. മറിച്ച് സാമ്പത്തികത്തകർച്ച കൂടുതൽ രൂക്ഷമായി. അങ്ങനെ കഴിഞ്ഞ ജനുവരിയിൽ, രാജ്യം ഒരു സാമ്പത്തിക-സാമൂഹിക അടിയന്തരാവസ്ഥയെയും അസ്ഥിരമായ സാമ്പത്തിക കാലാവസ്ഥയേയും സ്ഥിരമായ തൊഴിലില്ലായ്മയേയും നേരിടുകയാണെന്ന് ഫ്രഞ്ച് പ്രസിഡന്റ് വ്യക്തമാക്കി. ഫ്രാൻസ് കടുത്ത സാമ്പത്തികപ്രതിസന്ധിയിലാണെന്നത് ഈ പ്രഖ്യാപനം അടിവരയിട്ട് ഉറപ്പിച്ചു.

**രണ്ടാം ലോകയുദ്ധത്തിനു ശേഷം ലോകസാഹചര്യം വളരെയധികം മാറിയിരുന്നു. ഫാസിസ്റ്റ് അച്ചുതണ്ടിനെ തകർത്തുള്ള സോവിയറ്റ് യൂണിയന്റെ വിജയം, ചൈനീസ് വിപ്ലവത്തിന്റെ ആസന്നത, കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിൽ സോഷ്യലിസം നടപ്പായത് എന്നിവയെല്ലാം ലോക മുതലാളിത്ത-സാമ്രാജ്യത്വ ചേരിയെ വളരെയധികം ഒറ്റപ്പെടുത്തി. മൂന്നിലൊന്നു രാജ്യങ്ങൾ സോഷ്യലിസം സ്വീകരിച്ചപ്പോൾ ലോകമുതലാളിത്ത വിപണി വളരെയധികം ചുരുങ്ങി. യുദ്ധം തകർത്ത ബ്രിട്ടൻ, ഫ്രാൻസ് എന്നിവയടക്കമുള്ള യൂറോപ്യൻ ശക്തികൾക്ക് ഏഷ്യയിലും ആഫ്രിക്കയിലുമുള്ള തങ്ങളുടെ കോളനികൾ ഉൾപ്പെടെയുള്ള പരമ്പരാഗതവിപണികൾ ഏറെക്കുറെ നഷ്ടമായി. ജർമ്മനിയും ഇറ്റലിയും ജപ്പാനും തകർക്കപ്പെട്ടു.**

ലോകത്തെ നാലാമത്തെ വലിയ സമ്പദ്വ്യവസ്ഥയും, യൂറോപ്പിലെ ഏറ്റവും ശക്തവുമായ ജർമ്മനിക്ക്, യൂറോ നടപ്പാക്കിയ ആദ്യനാളുകളിൽ ചില നേട്ടങ്ങൾ ഉണ്ടായിരുന്നു. കൂലി കുറച്ച്, ആധുനികമായ ഉത്പാദന യന്ത്രവൽക്കരണം നടപ്പാക്കിയതിലൂടെ വർദ്ധിച്ച മത്സരക്ഷമതയാർജ്ജിച്ച തങ്ങളുടെ കയറ്റുമതിക്ക് കൂടുതൽ വിപണി കണ്ടെത്താൻ അവർക്കായി. തങ്ങളുടെ കയറ്റുമതി വിപണിയെ വികസിപ്പിക്കുവാനായി, വായ്പയെടുത്ത് ഡിമാന്റ് കൂട്ടുന്നതിന് ജർമ്മനി മറ്റു രാജ്യങ്ങളുടെ മേൽ സമ്മർദ്ദം ചെലുത്തി. ആയുധങ്ങളടക്കമുള്ള ജർമ്മൻ ഉത്പന്നങ്ങൾ വൻതോതിൽ വാങ്ങാനുള്ള കരാറിന്റെ പുറത്താണ് ഗ്രീസ് ഉൾപ്പടെയുള്ള രാജ്യങ്ങൾക്ക് പണം കടം നൽകിയത്. എന്നാൽ ജനങ്ങളുടെ വാങ്ങൽശേഷിയിൽ അതിവേഗം ഉണ്ടായ ഇടിവു സൃഷ്ടിച്ച ആഗോളസാമ്പത്തികമാന്ദ്യം മൂലം കയറ്റുമതിവിപണി അപ്രത്യക്ഷമായി. ഇത് ജർമ്മനിയിൽ സാമ്പത്തിക അനിശ്ചിതത്വം സൃഷ്ടിച്ചു. ജർമ്മനിയിലെ വളർച്ച 0.3% ൽ സ്ഥിരമായി നിൽക്കുന്നു എന്നതു തന്നെ ഗുരുതരമായ പ്രശ്നമാണ്. തീർച്ചയായും ആഗോളസാമ്പത്തികമാന്ദ്യത്തിൽ നിന്നു ജർമ്മനിക്കു മാത്രമായി മാറിനിൽക്കാനാകില്ല. പ്രവചിച്ച ഉയർച്ചക്കു പകരം നിർമ്മാണ ഓർഡറുകളിൽ 1.8% കുറവാണ് ഉണ്ടായിരിക്കുന്നതെന്ന് ജർമ്മൻ സർക്കാർ വൃത്തങ്ങൾ തന്നെ സമ്മതിക്കുന്നു. യൂറോസോണിനു പുറത്ത് നിന്നുള്ള ഡിമാന്റിലുള്ള കുറവും ഈ ഇടിവിന് ആക്കം കൂട്ടുന്നു. ചൈനയിലേക്കായിരുന്നു ജർമനിയുടെ കയറ്റുമതിയുടെ ഭൂരിഭാഗവും. എന്നാലിന്ന് ചൈനീസ് മുതലാളിത്ത സമ്പദ്വ്യവസ്ഥ എന്ന മിത്ത് തകരുകയും അവരുടെ ചുരുങ്ങിക്കൊണ്ടിരിക്കുന്ന ആഭ്യന്തരവിപണിക്ക് ജർമ്മൻ കയറ്റുമതിയെ ഉൾക്കൊള്ളാൻ ആകാതെ വരികയും ചെയ്തിരിക്കുന്നു. ഇത് ജർമ്മൻ പതനത്തിന്റെ വേഗതവർദ്ധിപ്പിക്കുന്നു. കയറ്റുമതി ചുരുങ്ങുന്നു, വ്യാവസായിക ഉത്പാദനം പൂജ്യം ശതമാനത്തിലെത്തുന്നു. രാജ്യത്തെ ഏറ്റവും വലിയ വായ്പാദാതാക്കളായ ഡോയിഷ് ബാങ്ക്, കൊമ്മേഴ്സ് ബാങ്ക് എന്നിവയുടെ ഓഹരികൾ കൂപ്പുകുത്തുകയും, അവയുടെ സംയുക്ത വിപണിമൂല്യത്തിൽ മൂന്നുമാസം കൊണ്ട് 14 ബില്യൺ യൂറോയുടെ ഇടിവുണ്ടാവുകയും ചെയ്തിരിക്കുന്നു. ജർമ്മനിക്കുള്ളിൽ അലയടിക്കുന്ന സാമ്പത്തികകുഴപ്പങ്ങൾ ബ്രിട്ടനിലും കടുത്ത ഫലങ്ങൾ ഉളവാക്കും. യൂറോസോണിലെ ഏറ്റവും വലിയ സാമ്പത്തികശക്തികളായ ജർമനിയും ഫ്രാൻസും തകർന്നാൽ അതിന്റെ ഫലമായി യൂറോസോൺ അപ്പാടെ താഴെവീഴുകയും നിലവിൽ തന്നെ താങ്ങാവുന്നതിലും വലിയ സമ്മർദ്ദത്തിലായ ലോക മുതലാളിത്ത സമ്പദ്വ്യവസ്ഥയെ അത് രൂക്ഷമായി ബാധിക്കുകയും ചെയ്യുമെന്ന് യൂറോപ്യൻ ഭരണവൃത്തങ്ങൾ ഭയപ്പെടുന്നു.

**രണ്ടാം ലോകമഹായുദ്ധത്തിനു ശേഷമുള്ള സാഹചര്യവും മാറുന്ന ശാക്തികബലാബലവും**

ചരിത്രത്തിന്റെയല്ല, മറിച്ച് മരണാസന്നമായ, ദുഷിച്ച് അഴിമതി നിറഞ്ഞ പിന്തിരിപ്പൻ മുതലാളിത്തത്തിന്റെ വിരോധാഭാസം ഇതാണ്. എന്തുകൊണ്ട് യൂറോപ്യൻ യൂണിയൻ രൂപീകൃതമായി, എന്തുകൊണ്ട് ഇന്ന് അത് തകർച്ചയുടെ വക്കിലെത്തിയിരിക്കുന്നു എന്നൊക്കെ മനസ്സിലാക്കണമെങ്കിൽ നമ്മൾ അൽപ്പം ചരിത്രം ഓർക്കേണ്ടതുണ്ട്. രണ്ടാം ലോകയുദ്ധത്തിനു ശേഷം ലോകസാഹചര്യം വളരെയധികം മാറിയിരുന്നു. ഫാസിസ്റ്റ് അച്ചുതണ്ടിനെ തകർത്തുള്ള സോവിയറ്റ് യൂണിയന്റെ വിജയം, ചൈനീസ് വിപ്ലവത്തിന്റെ ആസന്നത, കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിൽ സോഷ്യലിസം നടപ്പായത് എന്നിവയെല്ലാം ലോക മുതലാളിത്ത-സാമ്രാജ്യത്വ ചേരിയെ വളരെയധികം ഒറ്റപ്പെടുത്തി. മൂന്നി

(ശേഷം 14-ാം പേജിൽ)

# മുതലാളിത്തത്തിന് പ്രതിസന്ധി പരിഹരിക്കാനാവില്ലെന്ന മാർക്സിസ്റ്റ് പാഠം ശരിവയ്ക്കപ്പെടുന്നു

*(13-ാം പേജിൽ നിന്ന്)*

ലൊന്നു രാജ്യങ്ങൾ സോഷ്യലിസം സ്വീകരിച്ചപ്പോൾ ലോകമുതലാളിത്ത വിപണി വളരെയധികം ചുരുങ്ങി. യുദ്ധം തകർത്ത ബ്രിട്ടൻ, ഫ്രാൻസ് എന്നിവയടക്കമുള്ള യൂറോപ്യൻ ശക്തികൾക്ക് ഏഷ്യയിലും ആഫ്രിക്കയിലുമുള്ള തങ്ങളുടെ കോളനികൾ ഉൾപ്പെടെയുള്ള പരമ്പരാഗതവിപണികൾ ഏറെക്കുറേ നഷ്ടമായി. ജർമ്മനിയും ഇറ്റലിയും ജപ്പാനും തകർക്കപ്പെട്ടു.

ഇതോടൊപ്പം, ഏഷ്യയിലേയും ആഫ്രിക്കയിലേയും ലാറ്റിൻ അമേരിക്കയിലേയും മിക്ക കോളനികളും പുതിയ സ്വതന്ത്ര പരമാധികാര മുതലാളിത്ത രാജ്യങ്ങളായി ഉയർന്നുവന്നു. നിലവിൽത്തന്നെ ശോഷിച്ച ലോകമുതലാളിത്ത കമ്പോളത്തിലെ പുതിയ മത്സരാർത്ഥികളായി ഇവർ. മറുവശത്ത് കോളനികൾ നഷ്ടപ്പെട്ട സാമ്രാജ്യത്വ ശക്തികളാകട്ടെ ആ രീതിയിലും ദുർബ്ബലരായി. ഉത്പാദനശേഷി, വർദ്ധിച്ചുവെങ്കിലും ഉത്പന്നങ്ങൾ വിറ്റഴിക്കാൻ മതിയായ വിപണിയില്ലാത്തത് ദ്രുതഗതിയിൽ മൂർഛിക്കുന്ന പുതിയ കമ്പോളപ്രതിസന്ധിയെ സൃഷ്ടിച്ചു.

എന്നാൽ യുദ്ധം ഏറ്റവും കുറച്ചു ബാധിച്ച അമേരിക്ക, ആ സമയംകൊണ്ട് സൈനികമായും സാമ്പത്തികമായും തങ്ങളുടെ നില വളരെയധികം ശക്തമാക്കി. യുദ്ധത്തിനിടയിൽ യൂറോപ്യൻ രാജ്യങ്ങൾക്കായുള്ള ഉദാരമായ ആയുധവിൽപ്പനയിലൂടെ അവർ വളരെയധികം ലാഭമുണ്ടാക്കിയിരുന്നു. യുദ്ധാനന്തരം, യൂറോപ്യൻ സാമ്രാജ്യത്വശക്തികളുടെ തളർച്ച മുതലെടുത്ത് മുൻ യൂറോപ്യൻ കോളനികളടക്കമുള്ള, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഏഷ്യൻ-ആഫ്രിക്കൻ-ലാറ്റിനമേരിക്കൻ രാജ്യങ്ങൾക്കുമേൽ നവകൊളോണിയൽ ചൂഷണത്തിലൂടെയോ, നേരിട്ടുള്ള സൈനിക ഇടപെടലിലൂടെയോ തങ്ങളുടെ സ്വാധീനം ഉറപ്പിച്ചു. അതേ സമയം തന്നെ, യുദ്ധം തകർത്ത യൂറോപ്യൻ രാജ്യങ്ങളിലേക്ക് വായ്പകളുടേയും സഹായങ്ങളുടേയും പേരിൽ ഉദാരമായി സാമ്പത്തിക മൂലധനം കയറ്റിയയച്ചു. ഇത്, സോഷ്യലിസ്റ്റ് വിപ്ലവം ഇവിടങ്ങളിൽ ഉയരാതിരിക്കാനുള്ള തടയണ എന്ന നിലയിലും ആയിരുന്നു. ഈ പ്രക്രിയയിലൂടെ യൂറോപ്യൻ രാജ്യങ്ങളെ മറികടന്ന് ലോകത്തെ ഏറ്റവും വലിയ സാമ്രാജ്യത്വ ശക്തിയായി യുഎസ് മാറി. തുടർന്ന്, സോവിയറ്റ് യൂണിയനേയും കിഴക്കൻ യൂറോപ്യൻ സോഷ്യലിസ്റ്റ് രാജ്യങ്ങളേയും തടുത്തുനിർത്തുക എന്ന ലക്ഷ്യത്തോടെ നാറ്റോ പോലെയുള്ള സൈനികസഖ്യങ്ങൾ രൂപീകരിച്ച് യൂറോപ്പിനുമേലുള്ള രാഷ്ട്രീയസ്വാധീനം യുഎസ് വർദ്ധിപ്പിച്ചു. ഇങ്ങനെയാണ് യുദ്ധാനന്തരം സാമ്രാജ്യത്വ-മുതലാളിത്ത ചേരിയിൽ പുതിയ ബലാബലം ഉയർന്നുവന്നത്.

### യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ ഉദയം

ഈ സാഹചര്യങ്ങളിൽ, പ്രതാപം നഷ്ടമായെങ്കിലും മോഹം വിട്ടൊഴിയാത്ത യൂറോപ്യൻ വൻശക്തികൾക്ക്, തിരിച്ചുവരവിനായി, വളരുന്ന യുഎസ് മേധാവിത്വത്തെ തടയണമെന്നു മനസ്സിലായി. എന്നാൽ യുദ്ധത്താൽ തകർക്കപ്പെട്ടവരും കോളനികൾ നഷ്ടപ്പെട്ടവരുമായ അവർക്ക് ഒറ്റയ്ക്കിതു ചെയ്യാൻ ശേഷിയുണ്ടായിരുന്നില്ല. അപ്പോൾ യൂറോപ്യൻ രാജ്യങ്ങളുടെ സാമ്പത്തിക-രാഷ്ട്രീയ കൂട്ടായ്മ രൂപീകരിക്കുക എന്ന ആശയം ഉരുത്തിരിഞ്ഞു. അങ്ങനെയാണ് യൂറോപ്യൻ സാമ്പത്തിക സമൂഹം (EEC) 1950 കളിൽ ഉയർന്നു വന്നത്. പൊതുവിപണി, തൊഴിൽശേഷിയുടേയും മൂലധനത്തിന്റെയും സ്വതന്ത്രമായ സഞ്ചാരം, തൊഴിൽ, സാമൂഹികസുരക്ഷ, കൃഷി, ഗതാഗതം, വിദേശവ്യാപാരം എന്നിങ്ങനെ വിവിധ മേഖലകളിൽ യോജിച്ചുള്ള നയരൂപീകരണം, ദേശീയ താരിഫുകൾക്കു പകരം യോജിച്ച പൊതു താരിഫ്, കാർഷികോത്പന്നങ്ങൾക്ക് പൊതു വില നിലവാരം - ഇതെല്ലാമായിരുന്നു വീക്ഷണം. ഇങ്ങനെയുള്ള ആശയം പുതിയതുമല്ല. ഒന്നാം ലോക മഹായുദ്ധത്തിനു ശേഷം, ലോക സാമ്രാജ്യത്വ-മുതലാളിത്തം കടുത്ത സാമ്പത്തിക-രാഷ്ട്രീയ പ്രതിസന്ധിയിൽപ്പെട്ട് പുറത്തേക്കുള്ള വഴിക്കായി തപ്പിത്തടഞ്ഞ നാളുകളിലും യൂറോപ്യൻ ഐക്യനാടുകൾ എന്ന മുദ്രാവാക്യം ഉയർന്നിരുന്നു. പ്രതിസന്ധി ഒഴിവാക്കുവാനായി വിവിധ മുതലാളിത്ത ദേശരാഷ്ട്രങ്ങൾ തന്താങ്ങളുടെ ദേശീയതയോടും ദേശീയ പ്രത്യേകതകളോടും കൂടി നിലനിൽക്കുമ്പോൾത്തന്നെ, തങ്ങളിൽ വികസിച്ച കുത്തക മുതലാളിത്തത്തോടൊപ്പം ഒരു കോസ്മോപൊളിറ്റൻ കുത്തക മൂലധനം (ഒന്നിന്റേതല്ലാതെ എല്ലാവർക്കും കൂടിയുള്ള മൂലധനം) വളർത്താൻ വിവിധ മാർഗ്ഗങ്ങളിലൂടെ ശ്രമിച്ചിരുന്നു. മഹാനായ ലെനിൻ കാട്ടിത്തന്നത്, മുതലാളിത്തത്തിൽ അത്തരം ശ്രമങ്ങൾ സംയുക്തമായി യൂറോപ്പിലെ സോഷ്യലിസത്തെ അടിച്ചമർത്താനും, അമേരിക്കക്കുംജപ്പാനുമെതിരെ കൊളോണിയൽ സ്വത്തുക്കൾ സംരക്ഷിക്കുവാനുമുള്ള താത്കാലിക ധാരണകൾ മാത്രമാണെന്നാണ്.

### യൂറോപ്യൻ യൂണിയന്റേയും യൂറോയുടേയും പിറവി

ലോക സാമ്രാജ്യത്വ മുതലാളിത്തചേരിയുടെ പിന്തുണയോടു കൂടിയുള്ള റിവിഷനിസ്റ്റ് ഗൂഢാലോചനയുടെ ഫലമായി യുഎസ്എസ്ആറിലേയും കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലേയും സോഷ്യലിസത്തിന്റെ വേദനാകരമായ തകർച്ചക്കു ശേഷം, ഈ സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ വിപണികൾ കൂടി കൊള്ളക്കായി വീണ്ടും തുറന്നുകിട്ടി. യുഎസ് സാമ്രാജ്യത്വം ഇതിനോടകം തന്നെ ലോകകമ്പോളത്തിലും സമ്പദ്ഘടനയിലും, യൂറോപ്പിലടക്കം ആഴത്തിൽ വേരുകളാഴ്ത്തി മേൽക്കോയ്മ നേടിയിരുന്നു. ലോകവ്യാപാരത്തിൽ തന്നെ യുഎസ് ഡോളർ കൂടുതൽ കരുത്തു നേടി മുഖ്യകറൻസിയായി കഴിഞ്ഞിരുന്നു. യുഎസ് സാമ്രാജ്യത്വവും യൂറോപ്യൻ സാമ്രാജ്യത്വവും തമ്മിൽ കമ്പോളത്തെച്ചൊല്ലിയുള്ള വൈരുദ്ധ്യം തീക്ഷ്ണമായി. ഇത്തരമൊരു സാഹചര്യത്തിൽ, തങ്ങൾക്കിടയിലെ വൈരുദ്ധ്യങ്ങളെ സമാധാനപരമായും സാർവലൗകികതയെ മുൻനിർത്തിയും പരിഹരിച്ച്, ഐക്യത്തോടെ മുന്നോട്ടു പോകാനുള്ള മുൻശ്രമങ്ങളുടെ തുടർച്ചയായി, തന്താങ്ങളുടെ ദേശീയതാത്പര്യങ്ങൾ നിലനിർത്തിക്കൊണ്ടു തന്നെ യൂറോപ്യൻ ശക്തികൾ യൂറോപ്യൻ യൂണിയൻ രൂപീകരിച്ചു. തുടർന്ന് പൊതുകറൻസിയായി യൂറോ അവതരിപ്പിക്കപ്പെട്ടു. എന്നാൽ, യൂറോപ്യൻ ഭരണാധികാരികൾ തമ്മിലുള്ള ആന്തരികവൈരുദ്ധ്യങ്ങൾ മൂലം, യുകെ, ഡെന്മാർക്ക് തുടങ്ങി ചില രാജ്യങ്ങൾ യൂറോസോണിൽ ചേരാതെ, സ്വന്തം കറൻസികൾ നിലനിർത്തി. യൂറോയെ പിന്തുണക്കുന്നവർ വാദിച്ചതാകട്ടെ, യുഎസിന്റെ വ്യാപാരപങ്കാളിത്തം 17% മാത്രമാകുമ്പോൾ യൂറോസോണിന്റേത് 19% ആണെന്നതിനാൽ യൂറോ ആവിഷ്കരിക്കുന്നത് ഡോളറിന്റെ മേധാവിത്വത്തെ വെല്ലുവിളിച്ചുകൊണ്ട് ശക്തമായ സമാന്തര സാമ്പത്തികമേഖല സൃഷ്ടിക്കുമെന്നാണ്.

ഇതിനിടയിൽ, അതിരൂക്ഷമാകുന്ന വിപണി പ്രതിസന്ധിയെ തരണം ചെയ്യാനായി ഇതുവരെയും സർക്കാർ നിയന്ത്രണത്തിലായിരുന്ന സാമൂഹ്യക്ഷേമ മേഖലകളെ പുതിയ വിപണികളായി നിർണ്ണയിച്ചുകൊണ്ടും വ്യാണിജ്യ വിലക്കുകളിൽ നിന്നും മറ്റ് തടസ്സങ്ങളിൽ നിന്നും രാജ്യങ്ങൾ തമ്മിലുള്ള വാപാരത്തെ സ്വതന്ത്രമാക്കിക്കൊണ്ടും അമേരിക്കൻ സാമ്രാജ്യത്വ ശക്തികൾ ആഗോളവൽക്കരണ-ഉദാരവൽക്കരണ-സ്വകാര്യവൽക്കരണ നയം കൊണ്ടുവന്നു. യൂറോപ്യൻ ശക്തികളും മുതലാളിത്തത്തിന്റെ പൊതുതാത്പര്യമെന്ന നിലയിൽ ആഗോളവൽക്കരണത്തിന്റെ വഴികളെ ഉടനടി സ്വീകരിച്ചു. എന്നാൽ വാസ്തവത്തിൽ, യൂറോപ്യൻ കമ്പോളത്തിൽ യൂറോപ്യൻ യൂണിയനും യൂറോയും മുന്നോട്ടു വെച്ച വെല്ലുവിളികളെ നല്ലൊരുപങ്ക് മറികടക്കാൻ ഈ നവലിബറൽ നയങ്ങളിലൂടെയും സ്വതന്ത്രവ്യാപാരത്തിലൂടെയും യുഎസ് സാമ്രാജ്യത്വത്തിനു കഴിഞ്ഞു. ചുരുക്കത്തിൽ, യൂറോപ്യൻ യൂണിയനിലൂടെയും യൂറോയിലൂടെയും പരിഹാരം തേടാൻ യൂറോപ്പിലെ ഭരണവർഗ്ഗമായ കുത്തകകളെ പ്രേരിപ്പിച്ചത് ലോകമുതലാളിത്തത്തിന്റെ ഒഴിവാക്കാനാകാത്ത, പരിഹാരമില്ലാത്ത സാമ്പത്തിക പ്രതിസന്ധി തന്നെയാണ്.

### യൂറോപ്യൻ യൂണിയന്റെയും യൂറോയുടേയും നിലനിൽപ്പിന്റെ പ്രതിസന്ധി

യൂണിയനുള്ളിൽ ചെറുതും വലുതുമായ വൈരുദ്ധ്യങ്ങളുണ്ട്, പ്രത്യേകിച്ചും കരുത്തരും ദുർബ്ബലരുമായ ശക്തികൾ തമ്മിലുള്ള വൈരുദ്ധ്യം. ഇതോടൊപ്പം, ആഗോളവൽക്കരണത്തിനു തുടക്കം കുറിച്ചുകൊണ്ട്, യുഎസ് സാമ്രാജ്യത്വം നടത്തിയ ബുദ്ധിപൂർവ്വമായ നീക്കം. എല്ലാത്തിനും ഉപരിയായി, മുതലാളിത്തത്തിന്റെ കൂടപ്പിറപ്പായ അറുതിയില്ലാത്ത കമ്പോളപ്രതിസന്ധിയും. ഇതെല്ലാം തന്നെ യൂറോപ്യൻ യൂണിയന്റെയും യൂറോയുടെയും നിലനിൽപ്പിനെത്തന്നെ ഇപ്പോൾ ചോദ്യം ചെയ്യുന്നു. ദുർബ്ബലരായ രാജ്യങ്ങൾ, വമ്പിച്ച കമ്പോള വായ്പകളിലൂടെ കൃത്രിമമായ സാമ്പത്തികവളർച്ച ഊതിപ്പെരുപ്പിച്ചെങ്കിലും, അതിവേഗം തന്നെ അവരുടെ അടിത്തറയിളകുകയും അടിയന്തര രക്ഷപ്പെടുത്തൽ വേണ്ടിവരികയും ചെയ്തിരിക്കുന്നു. ജർമ്മനിയും ഫ്രാൻസും പോലെയുള്ള ശക്തരായ രാജ്യങ്ങളാകട്ടെ, യൂറോപ്യൻ സെൻട്രൽ ബാങ്കിലൂടെ നടപ്പാക്കപ്പെടുന്ന രക്ഷാപദ്ധതികളുടെ കൂടെ അടിച്ചേൽപ്പിച്ച കടുത്ത ചെലവുചുരുക്കൽ നിർദ്ദേശങ്ങളിലൂടെ, ചെറുരാജ്യങ്ങളുടെ പ്രതിസന്ധിയിൽ നിന്നും നേട്ടം കൊയ്യാൻ ശ്രമിക്കുകയായിരുന്നു. ഇത്തരം ചെലവുചുരുക്കൽ നിർദ്ദേശങ്ങൾ ജനങ്ങളുടെ സാമ്പത്തികജീവിതത്തെ തകർക്കുകയും അതുവഴി, കമ്പോളത്തെ വീണ്ടും ചുരുക്കുകയും പ്രതിസന്ധിയെ മൂർച്ഛിപ്പിക്കുകയും ചെയ്തു. തന്നെയുമല്ല, പോളണ്ട് പോലെയുള്ള മുൻ സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ മുതലാളിത്ത ഭരണാധികാരികളും യൂറോപ്യൻ വൻശക്തികളും തമ്മിലുള്ള വൈരുദ്ധ്യം കൂടുതൽ പ്രകടമാവുകയാണ്. നീതിന്യായസംവിധാനത്തിന്റെ സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്ന നിയമങ്ങൾ പോളണ്ട് അടിച്ചേൽപ്പിക്കുകയുണ്ടായി. ഇത് യൂറോപ്യൻ യൂണിയൻ മാർഗ്ഗനിർദ്ദേശങ്ങളുടെ നഗ്നമായ ലംഘനമാണെന്നതിനാൽ ഒന്നുകിൽ നിയമം പിൻവലിക്കുക അല്ലെങ്കിൽ അനന്തരഫലം അനുഭവിക്കുക എന്ന മുന്നറിയിപ്പാണ് യൂറോപ്യൻ യൂണിയൻ പോളണ്ടിനു നൽകിയത്. എന്നാൽ, സ്ലൊവാക്യയും ഹംഗറിയും പോളണ്ടിനെ പിന്തുണക്കുന്നു. ലഭ്യമായ വിവരമനുസരിച്ച് അടുത്ത പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഓസ്ട്രിയയിൽ ഒരു ഫാസിസ്റ്റ് സർക്കാർ തെരഞ്ഞെടുക്കപ്പെട്ടേക്കുമെന്നും, യൂറോപ്യൻ യൂണിയനോട് സ്വിറ്റ്സർലന്റ് മാതൃകയിലുള്ള ബന്ധം കൈക്കൊണ്ടേക്കുമെന്നുമാണ്. ശക്തമായ വലതുപക്ഷ മുന്നേറ്റമുള്ള ഡെന്മാർക്കാകാം അടുത്തത്. ദേശീയ-വംശീയ- തീവ്ര വലതുപക്ഷ വികാരങ്ങൾ കൂടുതൽ വിഷത്തോടെ വീണ്ടും ഉയർന്നുവരാനുള്ള സാധ്യതയും ഒട്ടും വിദൂരമല്ല എന്നത് ആശങ്കയോടെ കാണേണ്ടിയിരിക്കുന്നു. സമ്മർദ്ദവും അനിശ്ചിതാവസ്ഥയുമാണ് എവിടെയും. പ്രതിസന്ധിയുടെ ഭാരം വഹിക്കേണ്ടി വരുന്ന സാധാരണജനങ്ങളാണ് എല്ലായിടത്തും അത്യന്തം നീചമായ ഇതിന്റെ ഫലങ്ങളെല്ലാം അനുഭവിക്കേണ്ടി വരുന്നത്.

കടബാദ്ധ്യത ദക്ഷിണ യൂറോപ്യൻ രാജ്യങ്ങളുടെ തലക്കുമേൽ തൂങ്ങിനിൽക്കുന്നു. ഇതോടൊപ്പം ജർമ്മനിയും ഫ്രാൻസും അടിച്ചേൽപ്പിക്കുന്ന കയ്പേറിയ കഷായം കൂടിയാകുമ്പോൾ, യൂറോപ്യൻ രാജ്യങ്ങളിലെ, വിശേഷിച്ചും യൂറോസോൺ രാജ്യങ്ങളിലെ ജനങ്ങളിൽ നിന്നും ഈ 'ഏക യൂറോപ്പ്' കൂട്ടായ്മയിൽ നിന്നും പുറത്തുവരാൻ രോദനം ഉയരുകയാണ്. യൂറോപ്യൻ യൂണിയനും യൂറോയുമാണ് ആ തകർച്ചക്കു കാരണമെന്ന് അവർ വിശ്വസിക്കുന്നു. നേരത്തേ ഗ്രീക്ക് എക്സിറ്റ് എന്ന പേരിൽ ഗ്രീസിലെ ജനങ്ങൾ ഈ ആവശ്യം ഉയർത്തുകയായിരുന്നു. ഇപ്പോൾ ബ്രിട്ടീഷ് ജനത, ജൂൺ 23നു നടത്തിയ ഹിതപരിശോധനയിലൂടെ യൂറോപ്യൻ യൂണിയനിൽ നിന്നും പുറത്തുവരിക എന്ന ഈ ആവശ്യം വ്യക്തമാക്കിയിരിക്കുന്നു.

ബ്രിട്ടീഷ് എക്സിറ്റ് അഥവാ ബ്രെക്സിറ്റിന്റെ അലകൾ, യൂറോപ്യൻ ഭരണാധികാരികൾക്കിടയിൽ പടരുകയാണ്. കുത്തകകളുടെ പിന്തുണയുള്ള യൂറോപ്പിലെ വലതുപക്ഷ രാഷ്ട്രീയകക്ഷികൾക്ക് യൂറോ ഉപേക്ഷിക്കുന്നതിനുള്ള കാരണമാകുകയാണ് ബ്രെക്സിറ്റ്. ഈ ചിന്താഗതി കൂടുതൽ രാജ്യങ്ങളിലേക്ക് വ്യാപിക്കാം. ബ്രിട്ടനെ സംബന്ധിച്ചിടത്തോളം അവർക്ക് കൂടുതൽ സാമ്പത്തികബന്ധവും സഹകരണവും ഉള്ളത് യുഎസുമായിട്ടാണ് എന്നത് യൂറോപ്യൻ കമ്പോളത്തിലേക്ക് വളഞ്ഞവഴിയിലൂടെ പ്രവേശിച്ച് ആഴ്ന്നിറങ്ങാൻ യുഎസിന് അവസരമുണ്ടാക്കുകയും ചെയ്തേക്കാം. ഈ പ്രവേശനമാണ് ആദ്യം യൂറോപ്യൻ സാമ്പത്തികസമൂഹവും പിന്നീട് യൂറോപ്യൻ യൂണിയനും തടയാൻ ശ്രമിച്ചത്. ബ്രെക്സിറ്റ് യുഎസിനേയും കാര്യമായി ബാധിക്കുമെന്ന് അമേരിക്കയിലെ ചില പ്രമുഖ സാമ്പത്തികവിദഗ്ധർ സമ്മതിക്കുന്നുണ്ട്. അടുത്തിടെ ബ്രിട്ടീഷുകാരേക്കാൾ കൂടുതൽ യൂറോ സംശയാലുക്കളായിത്തീർന്നിരിക്കുകയാണ് ഫ്രഞ്ച് ജനത. ബ്രെക്സിറ്റിനോട് ഇവർ എങ്ങനെ പ്രതികരിക്കുമെന്നത് ഏവരും ഉറ്റുനോക്കുകയാണ്. ഫിൻലന്റും ഹിതപരിശോധന ആഗ്രഹിക്കുന്നു. പല യൂറോപ്യൻ രാജ്യങ്ങളിലെയും തെരഞ്ഞെടുപ്പു ഫലങ്ങളും അതിൽ യൂറോ-സംശയാലുക്കളായ പാർട്ടികളുടെ പ്രകടനം മെച്ചപ്പെടുന്നതും വ്യക്തമാക്കുന്നത്, ജനങ്ങളുടെ കണ്ണിൽ യൂറോപ്യൻ യൂണിയന്റെയും യൂറോയുടേയും സാധുത ചോദ്യം ചെയ്യപ്പെടുന്നതായാണ്. പ്രത്യേകിച്ചും യൂറോസോൺ സാമ്പത്തികപ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ.

### പ്രതിസന്ധി ഒഴിവാക്കാനായി സ്ഥാപിച്ച യൂറോപ്യൻ യൂണിയൻ തന്നെ ഇപ്പോൾ പ്രതിസന്ധിയിൽ തകരുന്നു

യൂറോപ്യൻ യൂണിയന്റെ സ്ഥാപനവും യൂറോയുടെ അവതരണവുമായി ബന്ധപ്പെട്ട പശ്ചാത്തലവും ഉദ്ദേശങ്ങളും മാർക്സിസം-ലെനിനിസം-ശിബ്ദാസ് ഘോഷ് ചിന്തയുടെ വെളിച്ചത്തിൽ വിശദമായി വിശകലനം

*(ശേഷം 15-ാം പേജിൽ)*

**എന്നാൽ യുദ്ധം ഏറ്റവുംകുറച്ചു ബാധിച്ച അമേരിക്ക, ആ സമയംകൊണ്ട് സൈനികമായും സാമ്പത്തികമായും തങ്ങളുടെ നില വളരെയധികം ശക്തമാക്കി. യുദ്ധത്തിനിടയിൽ യൂറോപ്യൻ രാജ്യങ്ങൾക്കായുള്ള ഉദാരമായ ആയുധവിൽപ്പനയിലൂടെ അവർ വളരെയധികം ലാഭമുണ്ടാക്കിയിരുന്നു. യുദ്ധാനന്തരം, യൂറോപ്യൻ സാമ്രാജ്യത്വശക്തികളുടെ തളർച്ച മുതലെടുത്ത് മുൻ യൂറോപ്യൻ കോളനികളടക്കമുള്ള, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഏഷ്യൻ-ആഫ്രിക്കൻ-ലാറ്റിനമേരിക്കൻ രാജ്യങ്ങൾക്കുമേൽ നവകൊളോണിയൽ ചൂഷണത്തിലൂടെയോ, നേരിട്ടുള്ള സൈനിക ഇടപെടലിലൂടെയോ തങ്ങളുടെ സ്വാധീനം ഉറപ്പിച്ചു. അതേ സമയംതന്നെ, യുദ്ധം തകർത്ത യൂറോപ്യൻ രാജ്യങ്ങളിലേക്ക് വായ്പകളുടേയും സഹായങ്ങളുടേയും പേരിൽ ഉദാരമായി സാമ്പത്തിക മൂലധനം കയറ്റിയയച്ചു. ഇത്, സോഷ്യലിസ്റ്റ് വിപ്ലവം ഇവിടങ്ങളിൽ ഉയരാതിരിക്കാനുള്ള തടയണ എന്ന നിലയിലും ആയിരുന്നു. ഈ പ്രക്രിയയിലൂടെ യൂറോപ്യൻ രാജ്യങ്ങളെ മറികടന്ന് ലോകത്തെ ഏറ്റവും വലിയ സാമ്രാജ്യത്വ ശക്തിയായി യുഎസ് മാറി. തുടർന്ന്, സോവിയറ്റ് യൂണിയനേയും കിഴക്കൻ യൂറോപ്യൻ സോഷ്യലിസ്റ്റ് രാജ്യങ്ങളേയും തടുത്തുനിർത്തുക എന്ന ലക്ഷ്യത്തോടെ നാറ്റോ പോലെയുള്ള സൈനികസഖ്യങ്ങൾ രൂപീകരിച്ച് യൂറോപ്പിനുമേലുള്ള രാഷ്ട്രീയസ്വാധീനം യുഎസ് വർദ്ധിപ്പിച്ചു. ഇങ്ങനെയാണ് യുദ്ധാനന്തരം സാമ്രാജ്യത്വ-മുതലാളിത്ത ചേരിയിൽ പുതിയ ബലാബലം ഉയർന്നുവന്നത്.**

# ഇന്ത്യ-അമേരിക്ക സംയുക്തപ്രസ്താവന...

(9 -ാം പേജിൽ നിന്ന്)

കരുനീക്കങ്ങളും പ്രേരണകളും പുകഴ്ത്തലും മൂടിവയ്ക്കലുമെല്ലാം പങ്കാളിത്തത്തിനുവേണ്ടിയുള്ള ആഹ്ലാനത്തിനു പിന്നിലുണ്ട്. ഇന്ത്യയും അമേരിക്കയും മുതലാളിത്ത-സാമ്രാജ്യത്വ രാജ്യങ്ങളാണെന്ന് എല്ലാവർക്കുമറിയാം. പങ്കാളിത്തത്തിനുവേണ്ടിയുള്ള സഹകരണം അഭ്യർത്ഥിക്കുമ്പോൾ അമേരിക്ക ഇന്ത്യയെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രമെന്നും ഇന്ത്യ അമേരിക്കയെ ഏറ്റവും പഴക്കമുള്ള ജനാധിപത്യ രാഷ്ട്രമെന്നും പരസ്പരം പുകഴ്ത്തുന്നു. ഇതെല്ലാം യഥാർത്ഥ ഉദ്ദേശങ്ങൾ മറച്ചുവയ്ക്കാനുള്ള കൗശലങ്ങളല്ലേ? ഓരോരോ പുതിയ തന്ത്രങ്ങൾ മെനഞ്ഞ് ദുർബല രാഷ്ട്രങ്ങളുടെ മേൽ ചാടിവീഴുന്ന ഏറ്റവും വലിയ ഭരണകൂട ഭീകരനാണ് അമേരിക്ക എന്നത് ലോകമറിയുന്ന കാര്യമാണ്.അൽഖ്വെയ്ദ, താലിബാൻ, **ഐഎസ്ഐഎസ്** തുടങ്ങിയ ഭീകര സംഘങ്ങളുടെ സ്രഷ്ടാവും അമേരിക്ക തന്നെ. യുക്തിവാദികളോടും എതിർ നിലപാടെടുക്കുന്നവരോടും മത ന്യൂനപക്ഷങ്ങളോടുമൊക്കെ മാരകമായ അസഹിഷ്ണുത പുലർത്തുന്നതിലൂടെയും നിരവധി കൂട്ടക്കൊലകളിലൂടെയും മറ്റും ഇന്ത്യയുടെ മുഖവും ലോകത്തിന്റെ മുമ്പിൽ ഏറെ വികൃതമായിരിക്കുകയാണ്. അതുകൊണ്ടുതന്നെ ഈ പ്രസ്താവന എഴുതിയുണ്ടാക്കിയവർ ചില ചോദ്യങ്ങൾക്ക് ഉത്തരം തരേണ്ടതുണ്ട്. പങ്കാളിത്തം ആരൊക്കെ തമ്മിൽ? എന്താണിതിന്റെ താൽപ്പര്യം? അതിന്റെ ഫലമെന്തായിരിക്കും? തുല്യരല്ലാത്ത രണ്ട് ശക്തികൾ തമ്മിലുള്ള പങ്കാളിത്തം യഥാർത്ഥ്യവും സ്ഥായിയുമാകുമോ? ഇരുരാജ്യങ്ങളും തമ്മിൽ ശക്തമായ അന്തരം നിലനിൽക്കുന്ന സാഹചര്യത്തിൽ ഒരു യുദ്ധവെറിയൻ സാമ്രാജ്യത്വശക്തിയുമായുള്ള പങ്കാളിത്തം എപ്പോഴും പുത്തൻ കൊളോണിയൽ ചൂഷണത്തിനല്ലേ വഴിവയ്ക്കുകയുള്ളൂ?

ഇന്നത്തെ ഏകധ്രുവലോകത്തിൽ ആധിപത്യം ഉറപ്പിക്കാനുള്ള യുദ്ധവെറിയൻ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ മോഹം, രാജ്യങ്ങളുടെ മേലുള്ള കടന്നാക്രമണങ്ങൾക്കും ലോകത്തിന്റെ പലഭാഗങ്ങളിൽ നിന്നുമുള്ള അവരുടെ ഒറ്റപ്പെടലിനും വഴിവയ്ക്കുമെന്ന വസ്തുത നിഷേധിക്കാനാവില്ല. അതുകൊണ്ടുതന്നെ, പ്രതിച്ഛായ വീണ്ടെടുക്കാനും കാലുറപ്പിക്കാൻ ഇടം കണ്ടെത്താനും ചൈനയെപ്പോലെ ഉയർന്നുവരുന്ന സാമ്രാജ്യത്വ പ്രതിയോഗികൾക്ക് നേരെ മറുമരുന്നു പ്രയോഗിക്കാനും അമേരിക്കയ്ക്ക് ഒരു ഉറച്ച ആഗോള പങ്കാളിയെ ആവശ്യമുണ്ട്. ജനാധിപത്യത്തെക്കുറിച്ച് വായ്ത്താരിമുഴക്കുമ്പോഴും ഇതാണ് അമേരിക്കൻസാമ്രാജ്യത്വത്തിന്റെ യഥാർത്ഥപദ്ധതി. ഇന്ത്യ അതിന്റെ വിപുലമായ കമ്പോളംകൊണ്ടും അവശേഷിക്കുന്ന രാഷ്ട്രീയ അംഗീകാരംകൊണ്ടും അമേരിക്കയുടെ താൽപ്പര്യത്തിന് ഏറ്റവുംഇണങ്ങുന്ന ഒരു കക്ഷിയാണ്. അതുകൊണ്ടാണ് അമേരിക്കൻ പ്രസിഡന്റ് ഇന്ത്യൻ പ്രധാനമന്ത്രിയെ ആശ്ലേഷിക്കാൻ ഇത്ര ഔത്സുക്യം കാണിക്കുന്നത്.

ഇന്ത്യയാകട്ടെ സാമ്രാജ്യത്വഘട്ടത്തിലെത്തിയ ഒരു മുതലാളിത്ത രാജ്യമാണ്. ദ്രുതഗതിയിലുള്ള അതിന്റെ ദൃഢീകരണത്തോടൊപ്പം വികസനമോഹപരവും മേധാവിത്വപരവുമായ പദ്ധതികൾ ആവിഷ്ക്കരിച്ചുകൊണ്ട് സാമ്പത്തികവും രാഷ്ട്രീയവും സൈനികവുമായ മേഖലകളിൽ ശക്തിയാർജിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. ഒരു മേഖലാ വൻശക്തിയാകാനുള്ള നീക്കത്തിലാണ് ഇന്ത്യ. നിലവിലുള്ള രാഷ്ട്രീയസാഹചര്യവും ഏഷ്യനാഫ്രിക്കൻ ഭൂഖണ്ഡങ്ങളിലെ ദുർബലരായ അയൽരാജ്യങ്ങളും ഇതിന് അനുകൂലമായ ഘടകങ്ങളായി നിൽക്കുന്നു. ഈ സാഹസത്തിന് മുതിരുമ്പോൾ മറ്റ് സാമ്രാജ്യത്വശക്തികളുമായി വൈരുദ്ധ്യം ഉടലെടുക്കുക സ്വഭാവികമാണ്. അതോടൊപ്പം സാമ്രാജ്യത്വലോകത്തെ വല്യേട്ടന്മാരിൽനിന്ന്, ഒരു ജൂനിയർ പങ്കാളി എന്ന നിലയിൽ, ആനുകൂല്യങ്ങളും ഇളവുകളും നേടിയെടുക്കാനും ശ്രമിക്കുന്നു. എന്നാൽ ലോകത്തെ വമ്പൻകുത്തകകളും വമ്പൻ കമ്പോളവുമുള്ള ഇന്ത്യ ഇന്ന് യഥാർത്ഥത്തിൽ ഒരു ജൂനിയർ പങ്കാളിയല്ല. ഇന്ത്യൻ മുതലാളിത്തം അതിന്റെ പ്രതിനിധിയായ പ്രധാനമന്ത്രിയിലൂടെ, സാമ്രാജ്യത്വചേരിയുടെ തലവനായ അമേരിക്കൻ സാമ്രാജ്യത്വവുമായി ഒരു ആഗോളപങ്കാളിത്തം സാധിച്ചെടുക്കാൻ കഠിനപ്രയത്നം നടത്തുന്നതിന്റെ ഉൾപ്രേരണയിതാണ്. ആഗോള കമ്പോളത്തിൽ പ്രവേശനം നേടാനുള്ള അവസരങ്ങൾക്കും സൗകര്യങ്ങൾക്കുംവേണ്ടി സ്വന്തം കമ്പോളം സാമ്രാജ്യത്വചൂഷണത്തിന് തുറന്നുകൊടുക്കാൻ ഇന്ത്യ തയ്യാറായിരിക്കുന്നു.

'കൂടുതൽ മനഃപ്പൊരുത്തം' നേടിയെടുക്കുന്നതിനായി 2014 മുതൽ ഇന്ത്യയും അമേരിക്കയും സംയുക്തപ്രസ്താവനകൾ പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നതിന്റെ താല്പര്യമിതാണ്. ഇപ്പോൾ ഇന്ത്യയും അമേരിക്കയും സംയുക്ത സൈനികാഭ്യാസങ്ങൾ നടത്താറുണ്ട്. 'മനപ്പൊരുത്തം' എന്നതിനർത്ഥം ഇന്ത്യയെ അമേരിക്കയുടെ നേതൃത്വത്തിലുള്ള സൈനിക കൂട്ടുകെട്ടിലെത്തിക്കുക എന്നതുമാത്രമായിരിക്കാം. അതിനർത്ഥം, ഒരിക്കൽ ചേരിചേരാരാഷ്ട്രങ്ങൾക്ക് നേതൃത്വം നൽകിയിരുന്ന ഇന്ത്യ ഇസ്രായേലിനെയോ ദക്ഷിണകൊറിയയെയോ പോലെ ഒരു അമേരിക്കൻ ദാസനായി അധഃപതിക്കുക എന്നതായിരിക്കും. അമേരിക്കയുടെ പിടിയിലമരുന്നതോടെ പരമ്പരാഗതമായി ഇന്ത്യയോട് സൗഹൃദം പുലർത്തിയിരുന്ന രാഷ്ട്രങ്ങളിൽ നിന്ന് ഇന്ത്യ അകറ്റപ്പെടുകയും ചെയ്യും. അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ധൃതരാഷ്ട്രാലിംഗനത്തിന് വിധേയമായ പല രാജ്യങ്ങളും ഇത്തരം പങ്കാളിത്ത പദ്ധതികളിൽപ്പെട്ട് അധഃപതിച്ചുപോയതിന്റെ ഉദാഹരണങ്ങൾ ലോകത്ത് നിരവധിയുണ്ട്. പിന്നെ, യുദ്ധവെറിയൻ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ കാൽച്ചുവട്ടിൽ അഭയംപ്രാപിക്കുക എന്നപോംവഴിമാത്രമേ അവശേഷിക്കൂ.

പ്രതിരോധ, വ്യാപാരരംഗങ്ങളിൽനിന്ന് മറ്റ് രംഗങ്ങളിലേയ്ക്കും ഈ പ്രവണത കടന്നുവരും. വൻനേട്ടം ലാക്കാക്കി അമേരിക്കൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തനം ആരംഭിക്കും. അമേരിക്കൻ ആയുധ വ്യാപാരികൾ കാലഹരണപ്പെട്ട സാങ്കേതിക വിദ്യകൾ ഇവിടെ കൊണ്ടുവന്നുതള്ളും. ശുദ്ധമായ ഊർജ്ജം ഉൽപ്പാദിപ്പിക്കാനെന്നപേരിൽ മാരകമായ ആണവസാമഗ്രികൾ വിലയ്ക്കുവാങ്ങുന്നത് ആണവദുരന്തങ്ങൾ ക്ഷണിച്ചുവരുത്താൻ മാത്രമായിരിക്കും. ആയിരങ്ങളെ കൊന്നുതള്ളുന്ന, തലമുറകളോളം അനേകായിരങ്ങളെ വികലാംഗരാക്കുന്ന ഇത്തരം ദുരന്തങ്ങൾ ലോകത്തിന്റെ പലഭാഗങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുകയാണ്.

അതുകൊണ്ട്, മറ്റുരാജ്യങ്ങളുമായി ഐക്യപ്പെട്ടുകൊണ്ട് സാമ്രാജ്യത്വശക്തികളുടെ മേധാവിത്വശ്രമങ്ങളെ സർവ്വശക്തിയുമുപയോഗിച്ച് ചെറുക്കുക എന്നതാണ് ദീർഘകാലത്തെ സാമ്രാജ്യത്വവിരുദ്ധ സമരപാരമ്പര്യമുള്ള ഇന്ത്യയെപ്പോലുള്ള രാജ്യങ്ങൾ അടിയന്തരമായി ചെയ്യേണ്ടത്. കടിഞ്ഞാണില്ലാത്ത ചൂഷണത്തിനായി സാമ്രാജ്യത്വം ആവിഷ്ക്കരിച്ച ആഗോളീകരണമെന്നും ഉദാരീകരണമെന്നും പേരിലുള്ള അപകടകരമായ പദ്ധതികൾക്കെതിരെ നിരന്തരപോരാട്ടം വളർത്തിയെടുക്കുകയാണാവശ്യം. ഇന്ത്യ-അമേരിക്ക സംയുക്തപ്രസ്താവന ഇതിന് വിരുദ്ധമായി നിലകൊള്ളുകയാണ്. യുദ്ധവെറിയൻ സാമ്രാജ്യത്വവുമായി, അതിന്റെ തലവനായ അമേരിക്കൻ സാമ്രാജ്യത്വവുമായി അപമാനകരമായ ഒരു കൂട്ടുകെട്ട് പടച്ചുണ്ടാക്കാനുള്ള ഈ സംയുക്തപ്രസ്താവന ഇന്ത്യയെപ്പോലുള്ള രാജ്യങ്ങളുടെ മഹത്തായ സാമ്രാജ്യത്വവിരുദ്ധ സമരപാരമ്പര്യത്തെ ചവുട്ടിമെതിക്കുന്നതാണ്. ഇന്ത്യയിലെ ഭരണവർഗ്ഗത്തിന്റെ, കുത്തകകളുടെ താൽപ്പര്യാർത്ഥമാണ് ബിജെപി നയിക്കുന്ന കേന്ദ്രഗവൺമെന്റ് ഈ സംയുക്ത സംരംഭവുമായി മുന്നോട്ടുപോകുന്നത്. അതുവഴി അവർ രാജ്യത്തെയും ജനങ്ങളെയും വിനാശകരമായ ഒരു ഭാവിയിലേയ്ക്ക് വലിച്ചിഴയ്ക്കുന്നു. ഈ വിപത്തിൽനിന്ന് രാജ്യത്തെ രക്ഷിക്കാൻ, സാമ്രാജ്യത്വവിരുദ്ധമായ ചിന്താഗതിക്കാരും യഥാർത്ഥ ദേശസ്നേഹികളും ഒറ്റക്കെട്ടായി മുന്നോട്ടുവന്ന് ശക്തമായ ചെറുത്തുനിൽപ്പ് വളർത്തിയെടുക്കണം. ഇരുരാജ്യങ്ങളിലെയും ഭരണകർത്താക്കളും കുത്തകകളും യുദ്ധമരണവ്യാപാരികളും ഈ സംയുക്തപ്രസ്താവനയുടെ പേരിൽ ഹർഷോന്മാദം കൊള്ളുകയും നിർവൃതിയടയുകയും ചെയ്യുമ്പോൾ ജനങ്ങളുടെ മുന്നിലുള്ള മഹത്തായ കടമ ഇതുമാത്രമാണ്. ■

## തകരുന്ന യൂറോപ്യൻ യൂണിയൻ.....

(14-ാം പേജിൽ നിന്ന്)

ചെയ്തിരുന്നതാണ്(പ്രോലിറ്റേറിയൻ ഇറ -01.03.2002, 01.10.2005). സാമ്രാജ്യത്വ-മുതലാളിത്തത്തിന്റെ താത്പര്യസംരക്ഷണത്തിനായുള്ള യൂറോപ്യൻ യൂണിയൻ പോലെയുള്ള കൂട്ടുകെട്ടുകൾ, ജനങ്ങൾക്ക് വർദ്ധിച്ച ദുരിതമല്ലാതെ മറ്റൊന്നും നൽകാനില്ലാത്ത സാമ്രാജ്യത്വ മുതലാളിത്തത്തിന്റെ വൈരുദ്ധ്യങ്ങളിൽ നിന്നാണ് ഉടലെടുക്കുന്നതെന്ന് ഞങ്ങൾ അന്ന് വ്യക്തമാക്കിയിരുന്നു. ഇത്തരം കൂട്ടുകെട്ടുകൾ നിലനിൽക്കാനുള്ള സാധ്യത വളരെ കുറവാണെന്നും പറഞ്ഞിരുന്നു. ഇനി യൂറോപ്യൻ യൂണിയൻ നിലനിന്നാൽ തന്നെ, തൊഴിലാളിവർഗ്ഗ വിപ്ലവമുന്നേറ്റത്തിന്റെ വളർച്ചയുടേയും പുരോഗതിയുടേയും വീക്ഷണത്തിൽ നിന്നു നോക്കിയാൽ, അത് ജനങ്ങൾക്ക് ഗുരുതരമായ അപകടം മാത്രമേ നൽകുകയുള്ളൂ. അംഗരാജ്യങ്ങളുടെ ഭരണാധികാരികൾ, തങ്ങളുടെയിടയിൽ ഉണ്ടാക്കിയെടുക്കുന്ന ഐക്യം ഉപയോഗപ്പെടുത്തി എപ്പോഴെങ്കിലും ഒരു തൊഴിലാളിവർഗ്ഗ മുന്നേറ്റം പൊട്ടിപ്പുറപ്പെട്ടാൽ അതിനെ പരാജയപ്പെടുത്തുക എന്ന പൊതുലക്ഷ്യത്തോടെ, രാഷ്ട്രീയമായും സൈനികമായും കൂടുതൽ ഉറച്ച ധ്രുവീകരിക്കപ്പെട്ട ശക്തി സൃഷ്ടിക്കാൻ ശ്രമിക്കും.

വളരുന്ന മുതലാളിത്ത പ്രതിസന്ധി ഒഴിവാക്കുവാനുള്ള മാർഗ്ഗമായി യൂറോപ്യൻ കുത്തക ഭരണവർഗ്ഗം ദർശിച്ച യൂറോപ്യൻ യൂണിയൻ തന്നെ, വർദ്ധിച്ച മുതലാളിത്ത പ്രതിസന്ധിക്കു കീഴിൽ തകരുന്നു എന്നത് യാഥാർത്ഥ്യമാണ്. ജനങ്ങൾക്കു മേലുള്ള ചൂഷണത്തെ വർദ്ധിപ്പിച്ച് കൊണ്ട് എത്ര കഠിനമായി പരിശ്രമിച്ചാലും ശരി, മുതലാളിത്തത്തിന് അതിന്റെ ആഭ്യന്തരവൈരുദ്ധ്യങ്ങളിൽ നിന്നും പുറത്തു വരാൻ സാധിക്കുകയില്ല എന്ന മഹാന്മാരായ മാർക്സിന്റെയും ലെനിന്റെയും പാഠങ്ങളെ അടിവരയിട്ട് ഉറപ്പിക്കുകയാണിത്. കൂടാതെ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ സ്ഥാപക ജനറൽ സെക്രട്ടറിയും ഈ യുഗം ദർശിച്ച സമുന്നത മാർക്സിസ്റ്റ് ആചാര്യനുമായ സഖാവ് ശിബ്ദാസ് ഘോഷിന്റെ വിശകലനത്തിന്റെ സാധുതയെ ആവർത്തിച്ച് സ്ഥിരീകരിക്കുകയുമാണ്. അദ്ദേഹം പറഞ്ഞു, മുതലാളിത്തം ഓരോ മണിക്കൂറിലും പ്രതിസന്ധിയെ നേരിടുന്നു, എങ്ങനെയെങ്കിലും ഒരു പ്രതിസന്ധിയെ ഒഴിവാക്കുമ്പോൾ അതിലും വലിയ പ്രതിസന്ധിയിലേക്കത് കാലിടറി വീഴുന്നു. മാത്രവുമല്ല, അത് വ്യക്തമാക്കുന്നത് മുതലാളിത്ത വിരുദ്ധ വിപ്ലവത്തിനുള്ള സവിശേഷ സാഹചര്യം പാകപ്പെട്ടു എന്നുമാണ്.

**വിപ്ലവത്തിലൂടെ മുതലാളിത്തത്തെ തൂത്തെറിയുന്നതിലൂടെ മാത്രമേ മോചനം സാദ്ധ്യമാകൂ**

യൂറോപ്പിലെ അദ്ധ്വാനിക്കുന്ന ജനങ്ങൾ തിരിച്ചറിയേണ്ടതെന്തെന്നാൽ, യുഎസ് സാമ്രാജ്യത്വവും യൂറോപ്യൻ സാമ്രാജ്യത്വവും തമ്മിലുള്ള വൈരുദ്ധ്യത്തിൽ നിന്നുമാണ്, മറ്റു പല കാരണങ്ങളോടൊപ്പം, യൂറോപ്യൻ യൂണിയൻ എന്ന മുതലാളിത്ത-സാമ്രാജ്യത്വ കൂട്ടുകെട്ട് പിറന്നത്. സാമ്പത്തിക തിരിച്ചുവരവ്, രാഷ്ട്രീയസ്ഥിരത, തുടങ്ങിയ എല്ലാ കുറിപ്പടികളും പുകമറ മാത്രമാണ്. ഇവയെല്ലാം തന്നെ ചൂഷകമുതലാളിത്ത ഭരണകൂടത്തിന്റെ ഹീനമായ വർഗ്ഗതാത്പര്യത്തെ സേവിക്കുക എന്ന ലക്ഷ്യത്തോടു കൂടി മാത്രമുള്ളതാണ്. മെച്ചപ്പെട്ട ഭാവിയെക്കുറിച്ചുള്ള സങ്കൽപ്പങ്ങളും മധുരം പുരട്ടിയ വാക്കുകളും പൊള്ളയായ വാഗ്ദാനങ്ങളും നൽകി ജനത്തെ വഞ്ചിക്കുന്നത് അതിനുവേണ്ടിയാണ്. എല്ലാ തിന്മകളുടേയും തായ്‌വേര് മുതലാളിത്ത വ്യവസ്ഥിതിയാണെന്നതിൽ നിന്നും അവരുടെ ശ്രദ്ധ തിരിക്കുന്നു. യൂറോപ്യൻ യൂണിയനിലോ, യൂറോസോണിലോ ചേരുന്നത്, ക്രൂരമായ മുതലാളിത്ത ചൂഷണത്താൽ ചവിട്ടിയരക്കപ്പെടുന്ന അധ്വാനിക്കുന്ന ജനങ്ങളെ സംബന്ധിച്ചിടത്തോളം സ്വാഗതാർഹമല്ല എന്ന പോലെ തന്നെ, യൂണിയനിൽ നിന്നോ യൂറോയിൽ നിന്നോ പുറത്തു വരുന്നതും വലിയ വ്യത്യാസമുണ്ടാക്കുന്നില്ല. യൂണിയൻ നിലനിന്നാലും തകർന്നാലും അവരുടെ വർദ്ധിക്കുന്ന കഷ്ടപ്പാടുകൾക്ക് അറുതിയുണ്ടാകുന്നില്ല. കാരണം അവരുടെ ഏറിവരുന്ന കഷ്ടപ്പാടും ദുരിതവും എല്ലാം തന്നെ അങ്ങേയറ്റം ജീർണ്ണവും പിന്തിരിപ്പനും അഴിമതി നിറഞ്ഞതുമായ മുതലാളിത്ത സംവിധാനം, യൂറോയിൽ തുടർന്നാലും ഇല്ലെങ്കിലും അതാതു രാജ്യങ്ങളിൽ നിലനിൽക്കും. മുതലാളിത്തത്തെ വിപ്ലവത്തിലൂടെ തൂത്തെറിയുന്നതു വഴി മാത്രമേ എല്ലാവിധ അടിച്ചമർത്തലുകളിലും ഇല്ലായ്മകളിലും വഞ്ചനകളിലും നിന്ന് മോചനം ഉണ്ടാകൂ.

തങ്ങൾക്കുമേൽ അടിച്ചേൽപ്പിക്കുന്ന രാഷ്ട്രീയവും സാമ്പത്തികവുമായ ആക്രമണങ്ങൾക്കെതിരെ, തിളയ്ക്കുന്ന പ്രതിഷേധവുമായി യൂറോപ്പിലും യുഎസിലുമടക്കം ലോകമൊട്ടാകെയുള്ള ജനങ്ങൾ മുന്നിട്ടിറങ്ങുന്നു എന്നത് തികച്ചും ആവേശകരമാണ്. രക്ഷാപദ്ധതികൾക്കു മറവിലുള്ള ചെലവുചുരുക്കലിന്റെ വിഷപ്പല്ലുകൾക്കെതിരെ ഗ്രീസിലെ ജനങ്ങൾ കലാപത്തിനിറങ്ങി. ഭീകരമായ തൊഴിൽ നിയമം നടപ്പാക്കുന്നതിനെതിരെ ഫ്രഞ്ച് തൊഴിലാളികൾ നടത്തിയ ഐതിഹാസികമായ സമരം രാജ്യത്തെയാകമാനം നിശ്ചലമാക്കി. റെയിൽവേ-ഖനന തൊഴിലാളികൾക്കു ശേഷം ബ്രിട്ടണിലെ ജൂനിയർ ഡോക്ടർമാരും സർക്കാരിന്റെ ജനവിരുദ്ധ സാമ്പത്തിക നയങ്ങൾക്കെതിരെ തെരുവിലാണ്. പതിനായിരക്കണക്കിന് ജർമ്മൻ തൊഴിലാളികൾ ഏപ്രിൽ അവസാനം പണിമുടക്കി, തെരുവിലേക്കിറങ്ങി. യൂറോപ്പിലെ വ്യാവസായിക-അനിശ്ചിതാവസ്ഥയിൽ തകരുന്ന തൊഴിൽസുരക്ഷിതത്വം സംരക്ഷിക്കുന്നതിനുവേണ്ടിയാണ് അവരുടെ പോരാട്ടം. ജോലിസ്ഥിരത ഉറപ്പാക്കാനായി യൂറോപ്യൻ യൂണിയൻ അധികാരികൾ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ആയിരങ്ങളാണ് ബെൽജിയത്തിലെ ബ്രസ്സൽസിൽ പ്രതിഷേധത്തിൽ അണിചേർന്നത്. 'വാൾസ്ട്രീറ്റ് പിടിച്ചടക്കൽ', 'അറബ് വസന്തം' സമരങ്ങൾ ലോകത്തെ പിടിച്ചുകുലുക്കുക തന്നെ ചെയ്തിരുന്നു. ഈ യഥാർത്ഥ ജനകീയസമരങ്ങൾ അവയുടെ ശരിയായ ലക്ഷ്യത്തിലെത്തുന്നു എന്ന് ഉറപ്പാക്കണമെങ്കിൽ അവയെ മുതലാളിത്ത വിരുദ്ധ വിപ്ലവ മുന്നേറ്റത്തിന് അനുരോധമായി വളർത്തിയെടുക്കേണ്ടതുണ്ട്. കാരണം, ജർമ്മനിയിലായാലും ഫ്രാൻസിലായാലും ഗ്രീസിലായാലും അടിച്ചമർത്തുന്ന മുതലാളിത്തത്തെ തകർത്തെറിയാതെ മോചനം സാദ്ധ്യമാവില്ല. അതുകൊണ്ട് എല്ലാ സാമ്രാജ്യത്വ-മുതലാളിത്ത ശ്രമങ്ങളേയും തുറന്നുകാട്ടുമ്പോഴും, മുതലാളിത്തവിരുദ്ധ വിപ്ലവത്തെ നയിക്കാനുള്ള ചരിത്രപരമായ ദൗത്യം അർപ്പിതമായിരിക്കുന്ന പൊരുതുന്ന തൊഴിലാളിവർഗ്ഗം, അവരവരുടെ മണ്ണിൽ ശരിയായ വിപ്ലവപാർട്ടികളെ വളർത്തിയെടുക്കുകയോ ശക്തിപ്പെടുത്തുകയോ ചെയ്യുക. വിപ്ലവത്തിനുള്ള എല്ലാ സാഹചര്യങ്ങളും പക്വതയാർജ്ജിക്കുന്നതു വരെ ജനാധിപത്യ ജനകീയ മുന്നേറ്റങ്ങൾ ഉയർന്ന തൊഴിലാളിവർഗ്ഗ മൂല്യങ്ങളുടേയും സംസ്കാരത്തിന്റെയും അടിസ്ഥാനത്തിൽ, ശരിയായ വിപ്ലവനേതൃത്വത്തിനു കീഴിൽ സംഘടിപ്പിക്കപ്പെടുന്നു എന്ന് ഉറപ്പാക്കുക. ഈ പാതയിലൂടെ മാത്രമേ, വിപ്ലവത്തിനുള്ള വസ്തുനിഷ്ഠ സാഹചര്യം പക്വതയാർജ്ജിക്കൂ. ■

Date of Posting 9 th & 10 th of every month at RMS, Trivandrum.
Date of publishing 01/07/2016
REGISTERED
R. N. 24773/1992
P.R. No. KL/TV(N)/452/2015-2017

UNITY
MALAYALAM MONTHLY

Vol 43 No.3
Price : Rs 5.00
July 2016

# എഐഡിവൈഒ 50-ാം സ്ഥാപന വാർഷികാചരണം

## കൽക്കട്ടയിൽ യുവജനറാലിയും സമ്മേളനവും

**ആ**ൾ ഇന്ത്യാ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷ(എഐഡിവൈഒ)ന്റെ 50-ാം സ്ഥാപന വാർഷികാചരണത്തിനു സമാപനം കുറിച്ചുകൊണ്ടുള്ള വൻയുവജനറാലിയും പൊതുസമ്മേളനവും പ്രതിനിധി സമ്മേളനവും കലാപരിപാടികളും ജൂൺ 25,26 തീയതികളിൽ കൽക്കത്തയിൽ നടന്നു.

1966 ജൂൺ 26 ന് സഖാവ് ശിബ്ദാസ്ഘോഷിന്റെ മാർഗ്ഗനിർദ്ദേശത്തിൻ കീഴിൽ ആണ് ഇന്ത്യൻ മണ്ണിലെ യഥാർത്ഥ വിപ്ലവ യുവജനസംഘടന എന്ന നിലയിൽ എഐഡിവൈഒ സ്ഥാപിതമായത്.

തൊഴിലില്ലായ്മയ്ക്കും സാംസ്കാരിക അധഃപതനത്തിനും മദ്യവും മയക്കുമരുന്നും അശ്ലീലതയും വ്യാപിപ്പിച്ച് രാജ്യത്തെ യുവാക്കളുടെ സാംസ്കാരിക നട്ടെല്ല് തകർക്കുന്ന മുതലാളിത്ത ഭരണാധികാരികളുടെ നയങ്ങൾക്കും ഇതര സാമൂഹ്യതിന്മകൾക്കുമെതിരായ യുവാക്കളുടെ പ്രക്ഷോഭങ്ങൾ രാജ്യമെമ്പാടും വളർത്തിയെടുക്കുക എന്ന ലക്ഷ്യം മുൻനിർത്തിക്കൊണ്ടാണ് എഐഡിവൈഒ രൂപീകരിക്കപ്പെട്ടത്. ഈ അടിസ്ഥാനത്തിൽ പ്രവർത്തിച്ചുകൊണ്ട് രാജ്യമെമ്പാടും യുവജന സമരശക്തി സമാഹരിക്കപ്പെട്ട 50 വർഷങ്ങളുടെ ആവേശകരമായ സ്മരണകൾ ഉയർത്തിയ വേളയായിരുന്നു ഇത്. രാജ്യത്ത് സോഷ്യലിസ്റ്റ് സാമൂഹ്യക്രമം സ്ഥാപിച്ചെടുക്കുന്നതിന് പര്യാപ്തമായ സാംസ്കാരിക മുന്നേറ്റവും യുവജന പോരാട്ടവും പൂർവ്വാധികം ശക്തിയോടെ മുന്നോട്ടുകൊണ്ടുപോകുവാനുള്ള ആഹ്വാനങ്ങൾ സമ്മേളനങ്ങളിൽ ഉയർന്നു.

ജൂൺ 25 ന് കൽക്കട്ടയിലെ വെല്ലിംഗ്ടൺ സ്ട്രീറ്റിൽനിന്നും ആരംഭിച്ച റാലിയിൽ ആയിരക്കണക്കിന് യുവതീയുവാക്കൾ അണിനിരന്നു. വെളുത്ത യൂണിഫോം ധരിച്ച് ചെങ്കൊടി വഹിച്ച 50 വോളണ്ടിയർമാരായിരുന്നു മുൻനിരയിൽ. എഐഡിവൈഒ അഖിലേന്ത്യാ പ്രസിഡന്റ് സഖാവ് ബി.ആർ.മഞ്ജുനാഥ്, ജനറൽ സെക്രട്ടറി സഖാവ് പ്രതിഭാ നായിക്, വൈസ്പ്രസിഡന്റുമാരായ മൊഹ്‌യുദ്ദീൻ മന്നൻ, ടി.കെ.സുധീർകുമാർ, ദീപക്കുമാർ, രാമാഞ്ജനപ്പ, സുബൈർ റബാനി എന്നീ സഖാക്കൾ റാലിയെ നയിച്ചു. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ബാനറുകൾക്ക് പിന്നിലായി സഖാക്കൾ അണിനിരന്നു. എസ്പ്ലനേഡിലെ സമ്മേളന നഗരിയിൽ ഡിവൈഒ ഗാനാലാപനത്തോടെ പൊതുസമ്മേളനം ആരംഭിച്ചു. അഖിലേന്ത്യാ



ജൂൺ 25,26 തീയതികളിൽ കൽക്കത്തയിൽ നടന്ന എഐഡിവൈഒ അമ്പതാംവാർഷികാചരണത്തിന്റെ സമാപന സമ്മേളനത്തിൽ എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ് പ്രസംഗിക്കുന്നു. പൊളിറ്റ്ബ്യൂറോ അംഗം സഖാവ് മണിക്മുഖർജി, കേന്ദ്രകമ്മിറ്റിയംഗങ്ങളായ സഖാക്കൾ ഛായാമുഖർജി, സത്യവാൻ, എഐഡിവൈഒ അഖിലേന്ത്യാപ്രസിഡന്റ് ഡോ. ബി.ആർ.മഞ്ജുനാഥ്, അഖിലേന്ത്യാ സെക്രട്ടറി സഖാവ് പ്രതിഭാ നായിക് എന്നിവർ മുൻനിരയിൽ.

വൈസ്പ്രസിഡന്റ് മൊഹ്‌യുദ്ദീൻ മന്നൻ അദ്ധ്യക്ഷത വഹിച്ച യോഗം എസ്‌യുസിഐ(സി) കേന്ദ്രകമ്മിറ്റിയംഗവും ബംഗാൾ സംസ്ഥാന സെക്രട്ടറിയുമായ സഖാവ് സൗമൻ ബോസ് ഉദ്ഘാടനം ചെയ്തു. എഐഡിവൈഒ ജനറൽ സെക്രട്ടറി സഖാവ് പ്രതിഭാനായിക് പ്രസംഗിച്ചു. എഐഡിവൈഒയുടെ വെബ്സൈറ്റിന്റെ ഔപചാരികമായ ഉദ്ഘാടനം എസ്‌യുസിഐ(സി) കേന്ദ്രകമ്മിറ്റിയംഗം സഖാവ് സത്യവാൻ നിർവ്വഹിച്ചു.



കൽക്കത്തയിൽ നടന്ന എഐഡിവൈഒ അമ്പതാംവാർഷികാചരണറാലി.

26-ാം തീയതി രവീന്ദ്രസദനിൽ നടന്ന പ്രതിനിധി സമ്മേളനത്തിൽ സഖാവ് ബി.ആർ.മഞ്ജുനാഥ് പതാക ഉയർത്തി. സഖാവ് മഞ്ജുനാഥിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനം ഡിവൈഒ ആദ്യകാല നേതാക്കളിലൊരാളും എസ്‌യുസിഐ(സി) കേന്ദ്രകമ്മിറ്റിയംഗവുമായ സഖാവ് ഛായമുഖർജി ഉദ്ഘാടനം ചെയ്തു. ഡിവൈഒയുടെ ആദ്യകാലനേതാക്കളിലൊരാളായ സഖാവ് രാജേന്ദ്രസിംഗ് പ്രസംഗിച്ചു. വിവിധ സംസ്ഥാനങ്ങളിൽനിന്ന് എത്തിച്ചേർന്ന സഖാക്കളുടെ കലാപരിപാടികൾ സമ്മേളനങ്ങൾക്കുശേഷം അവതരിപ്പിച്ചു.

കഴിഞ്ഞ 50 വർഷക്കാലത്ത് ഡിവൈഒ നയിച്ച പ്രക്ഷോഭങ്ങളിൽ രക്തസാക്ഷികളായ സഖാക്കളേയും അന്തരിച്ച മുൻകാല നേതാക്കളേയും സ്മരിച്ചുകൊണ്ടുള്ള പ്രമേയം ഡിവൈഒ അഖിലേന്ത്യാ സെക്രട്ടേറിയറ്റംഗം സഖാവ് തമാൽ സാമന്ത് അവതരിപ്പിച്ചു. വൈകിട്ട് നടന്ന സമാപന സമ്മേളനത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ്, പോളിറ്റ്ബ്യൂറോഅംഗം സഖാവ് മണിക്മുഖർജി എന്നിവർ പ്രസംഗിച്ചു.

കൂടുതൽ ചിത്രങ്ങൾക്കും വാർത്തകൾക്കും www.allindiadyo.org സന്ദർശിക്കുക. ■

### അച്ചൻകോവിൽ മെഡിക്കൽ ക്യാമ്പ്:

# നിത്യദാരിദ്ര്യം ആദിവാസികളിൽ മാറാരോഗം സൃഷ്ടിക്കുന്നു - മെഡിക്കൽ സർവ്വീസ് സെന്റർ



എംഎസ്‌സി സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പിന്റെ ഒരു ദൃശ്യം.

**മെ**ഡിക്കൽ സർവ്വീസ് സെന്റർ (എംഎസ്‌സി) സംസ്ഥാന ചാപ്റ്ററിന്റെ നേതൃത്വത്തിൽ കേരള വനംവകുപ്പിന്റെ സഹായത്തോടെ ജൂലായ് 2,3 തീയതികളിൽ പത്തനംതിട്ട ജില്ലയിലെ അച്ചൻകോവിലിലെ ആദിവാസി മേഖലയിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. അച്ചൻകോവിൽ ട്രൈബൽ യു.പി സ്കൂൾ കേന്ദ്രീകരിച്ചായിരുന്നു പ്രധാനമായും ക്യാമ്പ് നടന്നത്. രണ്ടാം ദിവസം ഡോക്ടർമാരും ആരോഗ്യപ്രവർത്തകരും വനപാലകരുടെ സഹായത്തോടെ വനത്തിന്റെ ഉൾപ്രദേശങ്ങളിലുള്ള ആദിവാസി കുടിലുകൾ സന്ദർശിച്ച് പരിശോധനയും ചികിൽസയും നടത്തി. ആദിവാസികളും അല്ലാത്തവരുമായ 300 ഓളം പേരെ ക്യാമ്പിൽ പരിശോധിക്കുകയും ചികിൽസ നൽകുകയും ചെയ്തു. വനങ്ങളുടെ ഉൾപ്രദേശങ്ങളിൽ താമസിക്കുന്ന ആദിവാസി ജനവിഭാഗങ്ങളുടെ അതിദയനീയമായ ജീവിത സാഹചര്യങ്ങൾ ക്യാമ്പംഗങ്ങളിൽ ഞെട്ടലുളവാക്കി. നിത്യദാരിദ്ര്യമാണ് ആദിവാസി കുടിലുകളിൽ ദർശിച്ച അതീവഗുരുതരമായ പ്രശ്നം. ജീവൻ നിലനിർത്താൻ പോലുമുള്ള ഭക്ഷണമില്ല എന്നിടത്ത് പോഷകാഹാരമില്ല എന്നത് പിന്നെ പ്രസ്താവിക്കേണ്ട കാര്യമില്ലല്ലോ. മുപ്പതിനും നാൽപ്പതിനും ഇടയിൽ പ്രായമുള്ളവർ വൃദ്ധരായിക്കഴിഞ്ഞിരിക്കുന്നു. ഉയരക്കുറവും തൂക്കക്കുറവുമുള്ള നിരവധി കുട്ടികളെയും ചെറുപ്രായത്തിലെ തളർവാതം പിടിപെട്ടവരെയും അവിടെ കാണാൻ കഴിഞ്ഞു. പരമ്പരാഗതമായുള്ള ഉയരകുറവിന് സാമൂഹ്യ-സാമ്പത്തിക ഘടകങ്ങൾ കാരണമാവുന്നുണ്ടോ എന്നതിനെ സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ ആവശ്യമാണെന്ന് ക്യാമ്പ് വിലയിരുത്തി. ഇവിടെ ദർശിച്ച ആരോഗ്യപ്രശ്നങ്ങൾ പലതും ഗുരുതരമായ പോഷകാഹാരകുറവിന്റേയും അനാരോഗ്യപരമായ ചുറ്റുപാടിന്റേയും ഫലമാണെന്ന് ക്യാമ്പ് വിലയിരുത്തി. അതിന്റെ പരിഹാരാർത്ഥമുള്ള നിർദ്ദേശങ്ങൾ മെഡിക്കൽ സംഘം സമർപ്പിച്ചു.

മെഡിക്കൽ സർവ്വീസ് സെന്ററിന്റെ(എംഎസ്‌സി) നേതൃത്വത്തിലുള്ള മെഡിക്കൽ ടീമിൽ 6 സീനിയർ ഡോക്ടർമാരും കോട്ടയം മെഡിക്കൽ കോളേജിലെ 10 മെഡിക്കൽ വിദ്യാർത്ഥികളും 3 ആരോഗ്യ പ്രവർത്തകരുമുണ്ടായിരുന്നു. വനംവകുപ്പ് ഉദ്യോഗസ്ഥർ ക്യാമ്പിന്റെ ഏകോപനവും നടത്തിപ്പും നിർവ്വഹിച്ചു. ക്യാമ്പിന് അച്ചൻകോവിൽ ഡിഎഫ്ഒ കെ.ജി.രാജൻ, റേഞ്ച് ഓഫീസർ എ.ബാബുരാജ് പ്രസാദ്, എംഎസ്‌സി സംസ്ഥാന കോ-ഓർഡിനേറ്റർ ഡോ.കെ.ഹരിപ്രസാദ്, മുൻ ഡിഎംഒ ഡോ.ലത പ്രമുഖ സാമൂഹ്യ ആരോഗ്യ വിദഗ്ധൻ ഡോ.സജിത്ത് എന്നിവരുടെ നേതൃത്വത്തിൽ ഡോ.അനസ് സാലിഹ്, ഡോ. ഷോൺ, ഡയറ്റീഷ്യൻ ജീനാ വർഗ്ഗീസ്, എസ്.മിനി, ആകാശ് എസ്.കുമാർ, മുഹമ്മദ് റമീസ് ഷഹസാദ്, ജെബി, അഷറഫ് കെ.റ്റി, ഇവാനി കൃഷ്ണ, മനുരാജ്, യദുകൃഷ്ണൻ, ലിയാന കലാം, അശ്വതി, വിഷ്ണു കെ.റ്റി, തുഷാര തോമസ്, അരുൺ ശശി എന്നിവർ ക്യാമ്പിൽ പങ്കെടുത്തു. ■

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.